# TRICHUR ARCHDIOCESAN BULLETIN

ARCHDIOCESE OF TRICHUR

JANUARY 2016




82 YEARS OF PUBLICATION 1934-2016



# വി. എവുപ്രാസ്യ അതിരൂപത തീർത്ഥകേന്ദ്രം, ഒല്ലൂർ

വി. എവുപ്രാസ്യമ്മയുടെ കബറിടം അനേകർക്ക് അനുഗ്രഹങ്ങൾ നൽകുന്ന ഒരു പുണ്യസ്ഥലമായി മാറിയതിന് ദൈവത്തിന് നന്ദിപറയുന്നു. വിശുദ്ധ എവുപ്രാസ്യമ്മയുടെ കബറിടം സന്ദർശിക്കാൻ ഏവർക്കും സൗകര്യമുണ്ടായിരിക്കുന്നതാണ്.

രാവിലെ 5.30 മുതൽ വൈകുന്നേരം 8 മണി വരെ എവുപ്രാസ്യമ്മയുടെ കബറിടം സ്ഥിതി ചെയ്യുന്ന ദേവാലയം സന്ദർശിക്കാൻ തീർത്ഥാടകർക്ക് അവസരം ഒരുക്കിയിട്ടുണ്ട്.

**തിരുകർമ്മങ്ങൾ**

തിങ്കൾ മുതൽ വെള്ളിവരെ : രാവിലെ 6.45ന് വി.കുർബ്ബാന

ഞായറാഴ്ച : 9.45ന് വി. കുർബ്ബാന, നൊവേന, ആചരിക്കുന്നു.

**ശനിയാഴ്ച ആചരണം**

വി. എവുപ്രാസ്യമ്മയുടെ ദിനമായി ശനിയാഴ്ചകളിൽ ആചരിക്കുന്നു. ശനിയാഴ്ചകളിൽ രാവിലെ 6.30ന് ലദീഞ്ഞ്, പാട്ടുകുർബ്ബാന, നൊവേന 10 മണിക്ക് ലദീഞ്ഞ്, പാട്ടുകുർബ്ബാന, നൊവേന, വചന പ്രഘോഷണം, നേർച്ച വിതരണം എന്നിവയും നടത്തപ്പെടുന്നു.

എന്ന്

**ഫാ. ആന്റണി തോട്ടാൻ,**

അതിരൂപത തീർത്ഥകേന്ദ്രം, റെക്ടർ

**വി. എവുപ്രാസ്യ തീർത്ഥകേന്ദ്രത്തിൽ വി.കുർബ്ബാന അർപ്പിക്കുവാൻ ആഗ്രഹിക്കുന്ന വൈദികർക്ക് അതിനുള്ള സൗകര്യം ഉണ്ടായിരിക്കുന്നതാണ്. വി. കുർബ്ബാന അർപ്പിക്കുവാൻ ആഗ്രഹിക്കുന്ന വൈദികർ മുൻകൂട്ടി താഴെ പറയുന്ന ഫോൺ നമ്പറിൽ അറിയിക്കുകയാണെങ്കിൽ വളരെ ഉപകാരപ്രദമായിക്കും. ഫോൺ : 0487 2351241, മൊബൈൽ : 09562455929**



TRICHUR
ARCHDIOCESAN
# Bulletin

പുസ്തകം : 83
ജനുവരി 2016
ലക്കം : 1

## ഈ ലക്കത്തിൽ


❖ സർക്കുലർ 5
❖ കച്ചേരികാര്യം 28
❖ അതിരൂപതാദ്ധ്യക്ഷന്റെ പരിപാടികൾ - ജനുവരി 35
❖ സഹായമെത്രാന്റെ പരിപാടികൾ - ജനുവരി 37
❖ നാളാഗമം 38
❖ സാമ്പത്തിക കാര്യാലയം 42
❖ വൈദികർ 45
❖ സന്യസ്തർ 47
❖ സ്ഥാപനങ്ങൾ 52
❖ സാന്ത്വനം 83
❖ സംഘടനകൾ 87


*Imprimatur*
(Sd)
**Mar Andrews Thazhath**
Archbishop of Trichur

***Chief Editor***
**Fr. Francis Aloor**

***Executive Editor***
**Fr. Dominic Thalakkoden**
**Archbishop's House**
**P.B. No. 706, Thrissur - 680005**

Ph : 0487 -2333325, 2338203, 2333542
Fax : 2338204
E-mail : curiatcr@yahoo.com
website : www. trichurarchdiocese.org

**Prot.No. 2203/2015**

# മേജർ ആർച്ച് ബിഷപ്പിന്റെ സർക്കുലർ

2015 ആഗസ്റ്റ് 17 മുതൽ 29 വരെ കാക്കനാട് മൗണ്ട് സെന്റ് തോമസ് സഭാകേന്ദ്രത്തിൽ സമ്മേളിച്ച സീറോ മലബാർസഭാ മെത്രാന്മാരുടെ 23-ാമത് സിനഡിന്റെ ദ്വിതീയ സമ്മേളനത്തിനുശേഷം എല്ലാ സീറോ മലബാർ വിശ്വാസികൾക്കും വേണ്ടി മേജർ ആർച്ച്ബിഷപ്പ് ജോർജ്ജ് ആലഞ്ചേരി പിതാവ് പുറപ്പെടുവിക്കുന്ന സർക്കുലർ.

ഈശോമിശിഹായിൽ പ്രിയ സഹോദരീസഹോദരൻമാരേ,

2015 ആഗസ്റ്റ് 17 മുതൽ 29 വരെ നടന്ന സീറോമലബാർ സഭാ സിനഡിന്റെ രണ്ടാം സെഷനെ സംബന്ധിച്ച വിവരങ്ങൾ ഈ സർക്കുലറിലൂടെ നിങ്ങളേവരെയും അറിയിക്കാൻ ഞാനാഗ്രഹിക്കുന്നു. പതിവുപോലെ ആദ്യദിവസം ഉച്ചവരെയുള്ള സമയം പ്രാർത്ഥിച്ചും ധ്യാനിച്ചും വിശുദ്ധ കുർബാന അർപ്പിച്ചും സിനഡുപിതാക്കന്മാർ ആത്മീയമായി ഒരുങ്ങി. ഉച്ചകഴിഞ്ഞ് സിനഡ് ഔദ്യോഗികമായി സമ്മേളിച്ച് നിശ്ചിതവിഷയങ്ങളെ സംബന്ധിച്ചുള്ള ചർച്ചകളിലേക്കു പ്രവേശിച്ചു. 46 പിതാക്കന്മാർ സിനഡിൽ സംബന്ധിച്ചു.

**മണ്ഡ്യ്യാരൂപതയുടെ അതിർത്തി വികസനവും പുതിയ മെത്രാനും**

സിനഡിലെ ഏറ്റവും സന്തോഷകരവും സുപ്രധാനവുമായ ഒരു സംഭവം മണ്ഡ്യാ രൂപതയുടെ പുതിയ മെത്രാന്റെ നിയമനവും പ്രഖ്യാപനവുമായിരുന്നു. ബാംഗ്ലൂർ ലത്തീൻ അതിരൂപതയുടെ ഭൂപ്രദേശംകൂടി ഉൾപ്പെടുത്തി മണ്ഡ്യാ രൂപതയുടെ അതിർത്തി വികസിപ്പിക്കയും രൂപതയുടെ രണ്ടാമത്തെ ഇടയനായി അഭിവന്ദ്യ ആന്റണി കരിയിൽ സി.എം.ഐ. പിതാവ് നിയമിതനാവുകയും ചെയ്തു. പുതിയ ഇടയന്റെ മെത്രാഭിഷേകം ഒക്ടോബർ 18-ന് മണ്ഡ്യാരൂപതയുടെ കത്തീഡ്രൽ പള്ളിയങ്കണത്തിൽ നടക്കുകയുണ്ടായി. ബാംഗ്ലൂരിലെ ആറു ഡിസ്ട്രിക്റ്റുകളിലായി കഴിയുന്ന പതിനായിരക്കണക്കിന് സീറോമലബാർ വിശ്വാസികൾക്ക് മാതൃസഭയുടെ അധികാരത്തിൻകീഴിൽ അജപാലനശുശ്രൂഷ

ലഭിക്കാനുള്ള സാഹചര്യം പുതിയ ക്രമീകരണത്തിലൂടെ സംജാതമായിരിക്കുന്നു.

**പ്രേഷിതമുന്നേറ്റവും അജപാലകരും**

പ്രേഷിതപ്രവർത്തനത്തിനും അജപാലനശുശ്രൂഷയ്ക്കുമായി കൂടുതൽ പ്രദേശങ്ങൾ സീറോമലബാർ സഭയ്ക്ക് തുറന്നുകിട്ടുന്ന ഇന്നത്തെ സാഹചര്യത്തിൽ, അവിടെ സേവനം ചെയ്യുന്നതിന് നല്ല തീക്ഷ്ണതയും പ്രേഷിതചൈതന്യവുമുള്ള വൈദികരെ സഭയ്ക്കാവശ്യമുണ്ട്. വൈദികാർത്ഥികൾക്ക് അത്തരത്തിലുള്ള പരിശീലനം ലഭിക്കേണ്ടിയിരിക്കുന്നു. പരിശീലനകാലഘട്ടത്തിൽത്തന്നെ മിഷൻ അനുഭവം ലഭിക്കാനും മിഷൻ സെമിനാരികളിൽ പരിശീലനം നേടാനും അവസരമൊരുക്കണമെന്ന് സിനഡ് നിർദ്ദേശിച്ചു. മിഷൻ ദൈവവിളികൾ പ്രോത്സാഹിപ്പിക്കണമെന്നും മിഷൻരൂപതകൾക്കുവേണ്ടി കേരളത്തിലെ രൂപതകളിൽനിന്ന് കൂടുതൽ ദൈവവിളികൾ കണ്ടെത്താൻ പരിശ്രമിക്കണമെന്നും സിനഡ് നിർദ്ദേശിച്ചു.

സാംഗ്ലീ, രാജ്കോട്ട്, സാഗർ, ബിജ്നോർ, ബെൽത്തങ്ങാടി തുടങ്ങിയ സീറോ മലബാർ മിഷൻ കേന്ദ്രങ്ങൾ ഞാൻ സന്ദർശിക്കുകയുണ്ടായി. നമ്മുടെ മിഷൻ രൂപതകളിൽ നടക്കുന്ന പ്രവർത്തനങ്ങളും അവയുടെ വളർച്ചയും പരസ്പരം പങ്കുവയ്ക്കുന്നതിന് സഹായകരമായ ഒരു പ്രസിദ്ധീകരണം, മെത്രാന്മാർ മിഷൻരൂപതകൾ സന്ദർശിക്കുന്നത്, മിഷൻ അനുഭവം ലഭിക്കുന്നതിന് വടക്കേ ഇന്ത്യയിൽവച്ച് വൈദികർക്ക് തുടർപരിശീലനം നൽകുന്നത്, പ്രാദേശികമായി ചില മിഷൻകേന്ദ്രങ്ങൾ വളർത്തിയെടുക്കേണ്ടതിന്റെ ആവശ്യകത തുടങ്ങിയ കാര്യങ്ങളും സിനഡ് ചർച്ച ചെയ്തു. ചുരുക്കത്തിൽ, സീറോമലബാർ സഭയുടെ മിഷൻ മേഖലയെ സംബന്ധിച്ച് ഏറെ താല്പര്യത്തോടെയും ക്രിയാത്മകമായും സിനഡ് പരിചിന്തിക്കുകയുണ്ടായി.

**സാമൂഹിക പ്രവർത്തനങ്ങൾ**

വിവിധ രൂപതകളും സമർപ്പിത സമൂഹങ്ങളും മറ്റു സ്ഥാപനങ്ങളും ചെയ്യുന്ന സാമൂഹ്യസേവനപ്രവർത്തനങ്ങൾ അതിവിപുലമാണ്. ഇവയെക്കുറിച്ച് വളരെ പരിമിതമായ അറിവേ പൊതുസമൂഹത്തിനുള്ളൂ. നമ്മുടെ സഭയിൽ വിവിധ തലങ്ങളിൽ നടക്കുന്ന സാമൂഹ്യപ്രവർത്തനങ്ങളെ പരസ്പരം ബന്ധിപ്പിക്കുകയും അറിയിക്കുകയും ചെയ്യുന്ന

ഒരു സംവിധാനത്തിനു രൂപംകൊടുക്കാൻ സിനഡു തീരുമാനിച്ചു.

**കരുണയുടെ വിശുദ്ധ വത്സരം**

ഫ്രാൻസീസ് പാപ്പ പ്രഖ്യാപിച്ചിരിക്കുന്ന കരുണയുടെ വിശുദ്ധ വത്സരത്തിന്റെ ആചരണം സംബന്ധിച്ച് ചില കാര്യങ്ങൾ ശ്രദ്ധയിൽപ്പെടുത്തട്ടെ. പതിവിൽനിന്ന് വ്യത്യസ്തമായ രീതിയിലായിരിക്കണം കരുണയുടെ വിശുദ്ധ വത്സരം ആചരിക്കേണ്ടതെന്ന് പരിശുദ്ധ പിതാവ് ആഗ്രഹിക്കുന്നു. സത്യവും നീതിയും നിഷേധിക്കാതെതന്നെ നമുക്കൊരു കരുണയുടെ മുഖമുണ്ടായിരിക്കണം. നമ്മുടെ വ്യക്തിജീവിതത്തിലും അജപാലന സമീപനത്തിലും കരുണയുടെ വത്സരാചരണം പ്രതിഫലിക്കണം. വ്യക്തിബന്ധങ്ങളും ആളുകളോടുള്ള ഇടപെടലുകളും ആദരവോടെയും സ്നേഹത്തോടെയുമായിരിക്കണം.

**മാരകരോഗം ബാധിച്ചവരെ ശുശ്രൂഷിക്കുന്നത്**

മാരകരോഗം ബാധിച്ച് മരണം പ്രതീക്ഷിച്ചു കഴിയുന്നവർക്ക് ആവശ്യമായ ശുശ്രൂഷകൾ നൽകി അവർക്ക് ആശ്വാസം പകരുവാൻ രൂപതകൾ കൂടുതൽ ശ്രദ്ധ കാണിക്കണമെന്ന് സിനഡ് പിതാക്കന്മാർ അഭിപ്രായപ്പെട്ടു. അങ്ങനെയുള്ള സേവനകേന്ദ്രങ്ങൾ കൂടുതലായി ഉണ്ടാകേണ്ടിയിരിക്കുന്നു. കരുണയുടെ വർഷത്തിൽ പ്രത്യേകം ശ്രദ്ധിക്കേണ്ട പല കാര്യങ്ങളും പിതാക്കന്മാർ പങ്കുവയ്ക്കുകയുണ്ടായി. അനുരഞ്ജന കൂദാശയുടെ സ്വീകരണം, സഭാ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നവർക്ക് നീതിപൂർവ്വമായ വേതനം, സാമൂഹികവും ജീവകാരുണ്യപരവുമായ പ്രവർത്തനങ്ങൾക്ക് വരുമാനത്തിന്റെ നിശ്ചിത ശതമാനം ചെലവഴിക്കുക തുടങ്ങിയ കാര്യങ്ങൾ നിർദ്ദേശിക്കപ്പെട്ടു. കരുണയുടെ വർഷാചരണത്തിനുള്ള ഒരു പ്രവർത്തനപദ്ധതി സിനഡ് അംഗീകരിക്കുകയുണ്ടായി.

**ചില സഭാസംഭവങ്ങൾ**

1. **സമർപ്പിതവർഷാചരണ സമാപനം**: 2016 ഫെബ്രുവരി 2-ന് സമർപ്പിത വർഷാചരണം സമാപിക്കുകയാണല്ലോ. സമാപനാഘോഷം ഓരോ രൂപതയിലും യഥോചിതം നടത്തിയാൽ മതിയെന്നും സഭയ്ക്ക് പൊതുവായൊരു ആഘോഷം വേണ്ടെന്നുമാണ് സിനഡ് തീരുമാനിച്ചിരിക്കുന്നത്.

2. **മേജർ ആർക്കി എപ്പിസ്കോപ്പൽ പദവിയുടെ രജതജൂബിലി**

സീറോമലബാർ സഭയെ മേജർ ആർക്കി എപ്പിസ്കോപ്പൽ പദവിയിലേയ്ക്കുയർത്തിയതിന്റെ രജതജൂബിലിയാണ് 2016-ൽ. ഈ സംഭവം സമുചിതമായി ആഘോഷിക്കുന്നതിനുള്ള പല നിർദ്ദേശങ്ങളും സിനഡ് പിതാക്കന്മാർ മുന്നോട്ടുവയ്ക്കുകയുണ്ടായി. ഇതു സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

3. **റോമിൽ സീറോമലബാർ സഭയ്ക്കൊരു കേന്ദ്രം (Procura)**

സഭാപരമായ കാര്യങ്ങളിൽ ആവശ്യാനുസരണം വത്തിക്കാൻ കാര്യാലയങ്ങളുമായി ബന്ധപ്പെട്ട് സഭാപ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിനു സഹായകരമായ ഒരു ഭവനം സീറോമലബാർ സഭയുടേതായി റോമിൽ ഉണ്ടാകണമെന്നുള്ളത് ഏറെക്കാലമായുള്ള സഭയുടെ ആഗ്രഹമായിരുന്നു. അതിപ്പോൾ യാഥാർത്ഥ്യമായിരിക്കുന്നു എന്നുള്ളത് ഏറെ സന്തോഷത്തോടെ എല്ലാവരെയും അറിയിക്കുന്നു. ഇപ്പോൾ ഈ ഭവനത്തിന്റെ ചുമതല വഹിക്കുന്നത് മോൺ സ്റ്റീഫൻ ചിറപ്പണത്താണ്. റോമിലും ഇറ്റലിയിലെ വിവിധ സ്ഥലങ്ങളിലുമായി ചിതറിക്കഴിയുന്ന സീറോമലബാർ വിശ്വാസികൾക്കുവേണ്ടിയുള്ള അജപാലനപ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെട്ടിട്ടുണ്ട് എന്ന കാര്യവും എല്ലാവരെയും അറിയിക്കുന്നു.

4. **മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലി**

അടുത്ത മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലി (നാലാമത്തേത്) 2016 ആഗസ്റ്റ് 26 മുതൽ 28 വരെ തീയതികളിൽ നടത്തുവാൻ സിനഡ് നിശ്ചയിച്ചിരിക്കുകയാണ്. 475-ഓളം പേർ പങ്കെടുക്കുന്ന അസംബ്ലിക്ക് ആവശ്യമായ സജ്ജീകരണങ്ങൾ പരിഗണിച്ച് ഇരിങ്ങാലക്കുട രൂപതയിലെ കൊടകരയിലുള്ള സഹൃദയാ എൻജിനീയറിംഗ് കോളേജിൽവച്ചായിരിക്കും അസംബ്ലി നടത്തുന്നത്. അസംബ്ലിയുടെ മുഖ്യചർച്ചാവിഷയം. ഇന്നത്തെ വെല്ലുവിളികൾക്ക് സഭയുടെ പ്രതികരണം എന്നതാണ്. കുടുംബം, ലാളിത്യം, പ്രവാസികൾ എന്നിവയെ സംബന്ധിച്ചും അസംബ്ലിയിൽ ചർച്ച ഉണ്ടാകും. അസംബ്ലിക്കുവേണ്ടിയുള്ള തയ്യാറെടുപ്പ് അസംബ്ലി കമ്മറ്റിയുടെ ആഭിമുഖ്യത്തിൽ ആരംഭിച്ചുകഴിഞ്ഞു. വിശദാംശങ്ങൾ യഥാസമയം എല്ലാവരെയും അറിയിക്കുന്നതാണ്.

**പ്രവാസികളുടെ അജപാലനം**

**1. അപ്പസ്തോലിക്ക് വിസിറ്ററിന്റെ പ്രവർത്തനങ്ങൾ**

ഇന്ത്യയിൽ പ്രവാസികളായി കഴിയുന്ന സീറോമലബാർ വിശ്വാസികളുടെ അജപാലനപരമായ അവസ്ഥയെക്കുറിച്ചും അവർക്കു നൽകേണ്ട ശുശ്രൂഷയെക്കുറിച്ചും പഠിച്ച് ആവശ്യമായ ക്രമീകരണങ്ങൾ ചെയ്യുന്നതിന് നിയോഗിക്കപ്പെട്ടിരിക്കുന്ന അപ്പസ്തോലിക് വിസിറ്റർ മാർ റാഫേൽ തട്ടിൽ പിതാവ് വളരെ ശ്ലാഘനീയമായ രീതിയിൽത്തന്നെ തന്റെ ദൗത്യം നിർവ്വഹിച്ചുകൊണ്ടിരിക്കുന്നു. ബുദ്ധിമുട്ടുകളും പ്രതിബന്ധങ്ങളും ഏറെയുണ്ടെങ്കിലും ഇതിനോടകം ഏറെക്കാര്യങ്ങളിൽ പരിഹാരമുണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. പ്രവാസികളുടെ അജപാലനാവശ്യങ്ങളെല്ലാം സാദ്ധ്യമാക്കാൻ നമുക്ക് ദൈവത്തോട് പ്രാർത്ഥിക്കാം.

**2. കമ്മീഷന്റെ പ്രവർത്തനങ്ങൾ**

വിവിധരാജ്യങ്ങളിൽ പ്രവാസികളായി കഴിയുന്ന സീറോമലബാർ വിശ്വാസികൾക്കുവേണ്ടിയുള്ള അജപാലനശുശ്രൂഷയുടെ കാര്യത്തിൽ സിനഡ് ഏറെ ജാഗ്രത പുലർത്തുന്നതോടൊപ്പം പരിമിതികളുടെ നടുവിൽ പരമാവധി ചെയ്യുവാൻ ശ്രമിക്കുന്നുമുണ്ട്. യൂറോപ്യൻ രാജ്യങ്ങളിലെ പ്രവാസികളുടെ കാര്യത്തിൽ ഏറെ പുരോഗതി ഉണ്ടായിട്ടുണ്ട്. ഇംഗ്ലണ്ടിലെ ലാങ്കാസ്റ്റർ രൂപതയിൽ രണ്ടു വ്യക്തിഗത ഇടവകകൾ നമുക്കു അനുവദിച്ചിട്ടുണ്ട്. ഒരു പള്ളിയും നമുക്കു ലഭിച്ചിട്ടുണ്ട്. ഗൾഫ് രാജ്യങ്ങളിൽ നിലവിലിരിക്കുന്ന ബുദ്ധിമുട്ടുകൾ ഇനിയും പരിഹരിക്കപ്പെട്ടിട്ടില്ല. അതിനുള്ള പരിശ്രമങ്ങൾ തുടരുന്നു.

**ആരാധനാക്രമ വിഷയങ്ങൾ**

1. മെത്രാന്റെ സാന്നിധ്യത്തിലുള്ള സമൂഹബലിയിൽ വൈദികരിലൊരാൾ കാർമ്മികനാകുമ്പോൾ പാലിക്കേണ്ടക്രമവും, ദൈവാലയകൂദാശാകർമ്മം സംബന്ധിച്ച് ചില പൊതുനിർദ്ദേശങ്ങളും സിനഡ് ചർച്ച ചെയ്ത് നിശ്ചയിക്കുകയുണ്ടായി.

2. പൗരസ്ത്യസുറിയാനി ആരാധനക്രമത്തിലെ മൂന്നാമത്തെ അനാഫൊറയായ നെസ്തോറിയസിന്റെ അനാഫൊറയുടെ മലയാളടെക്സ്റ്റ് സിനഡ് ചർച്ചചെയ്ത് അംഗീകരിച്ചു. ടെക്സ്റ്റിന്റെ ഭാഷാപരിശോധനയ്ക്കായി ഒരു പ്രത്യേക കമ്മിറ്റിയെ ഇപ്പോൾ

ചുമതലപ്പെടുത്തിയിരിക്കുകയാണ്. സിനഡ് ഔദ്യോഗികമായി അംഗീകരിച്ച്, റോമിൽനിന്നുള്ള അംഗീകാരവും ലഭിച്ചതിനുശേഷം നമ്മുടെ സഭയിൽ ഉപയോഗത്തിനായി ടെക്സ്റ്റ് പ്രസിദ്ധപ്പെടുത്തുന്നതാണ്.

**ചില അറിയിപ്പുകളും പൊതുവിവരങ്ങളും**

**1. ആഘോഷമായ വിശുദ്ധ കുർബാന സ്വീകരണത്തിന് ഒരു പാഠപുസ്തകം**

ആഘോഷമായ വിശുദ്ധ കുർബാന സ്വീകരണത്തിന് കുട്ടികളെ ഒരുക്കുന്നതിന് സഹായകരമായ ഒരു മതബോധന പാഠപുസ്തകം മതബോധന കമ്മീഷന്റെ ആഭിമുഖ്യത്തിൽ തയ്യാറായി വരുന്നു. ജനുവരി സിനഡിന്റെ അവസരത്തിൽ ഇതു പ്രസിദ്ധീകരിക്കാൻ സാധിക്കുമെന്നു കരുതുന്നു.

**2. ആരാധനക്രമ വിശ്വാസപരിശീലനഗ്രന്ഥം**

സീറോമലബാർ സഭയുടെ ആരാധനക്രമവിശ്വാസപരിശീലനം എന്ന പേരിൽ ഒരു വിശ്വാസപ്രബോധനഗ്രന്ഥം പ്രസിദ്ധീകരിച്ചിരിക്കുന്നു. സിനഡിന്റെ താല്പര്യപ്രകാരം ലിറ്റർജി കമ്മീഷനും മതബോധനകമ്മീഷനും സംയുക്തമായിട്ടാണ് ഈ ഗ്രന്ഥം തയ്യാറാക്കിയിരിക്കുന്നത്. വിശുദ്ധ കുർബാനയിലും മറ്റു കൂദാശകളിലും സഭയോടു ചേർന്നുള്ള ജീവിതത്തിലും കുട്ടികൾക്കും യുവജനങ്ങൾക്കും പരിശീലനം നൽകുക എന്നതാണ് ഈ ഗ്രന്ഥത്തിന്റെ ലക്ഷ്യം. നമ്മുടെ സഭയുടെ വിശ്വാസപാരമ്പര്യങ്ങൾക്കനുസരിച്ച് വിശ്വാസജീവിതം നയിക്കാൻ സഹായകമായ ഈ ഗ്രന്ഥം എല്ലാവരും പ്രയോജനപ്പെടുത്തണമെന്ന് അഭ്യർത്ഥിക്കുന്നു.

**3. തുരുത്തേലച്ചന് വൈദികരത്ന ബഹുമതി**

മാതൃകാവൈദികനും തീക്ഷ്ണമതിയും MSTസമൂഹാംഗവുമായ ബഹുമാനപ്പെട്ട സെബാസ്റ്റ്യൻ തുരുത്തേലച്ചന് അദ്ദേഹത്തിന്റെ ദീർഘകാലത്തെ വിശിഷ്ടമായ സഭാസേവനങ്ങൾ പരിഗണിച്ച് 'വൈദികരത്നം ' എന്ന ബഹുമതി നൽകി ആദരിക്കാൻ സിനഡ് തീരുമാനിച്ചു.

**4.ഡോ. സിസ്റ്റർ മേരി ലിറ്റി LSDPയ്ക്ക് LRCഅവാർഡ്**

പാവപ്പെട്ടവരും ഏറ്റവും താഴേക്കിടയിലുള്ള നിസ്സഹായരുമായവർക്കുവേണ്ടി കരുണാർദ്രമായ സ്നേഹശുശ്രൂഷ നിർവ്വഹിക്കുന്ന ദൈവപരിപാലനയുടെ എളിയ സഹോദരികൾ (LSDP) എന്ന സമർപ്പിത സമൂഹത്തിന്റെ സ്ഥാപക ബഹുമാനപ്പെട്ട മദർ മേരി ലിറ്റിക്ക് സിനഡ് ഏർപ്പെടുത്തിയിരിക്കുന്ന LRCഅവാർഡ് നൽകി ആദരിച്ചു.

**5. സീറോമലബാർ സഭാ ആന്തം രചനാ വിജയികൾക്ക് സമ്മാനം**

സീറോമലബാർ സഭയ്ക്ക് ഒരു ആന്തം (Anthem) രചിക്കുന്നതിനു LRC നടത്തിയ മത്സരത്തിൽ വിജയികളായവർക്ക് സമ്മാനങ്ങൾ നൽകി.

**6. കുരിശുകളുടെ ശേഖരം**

വിവിധ തരത്തിലുള്ള കുരിശുകളുടെ ശേഖരം മൗണ്ട് സെന്റ് തോമസിലെ മ്യൂസിയത്തിൽ പ്രദർശിപ്പിച്ചിരിക്കുന്നു. സന്ദർശകർക്ക് കാണുന്നതിന് കുരിശുകളുടെ ഈ മ്യൂസിയം ഭാഗം ഔദ്യോഗികമായി തുറന്നിരിക്കുന്നു. കാഞ്ഞിരപ്പള്ളി രൂപതയിലെ ബഹുമാനപ്പെട്ട ആലുങ്കൽ ജോർജച്ചനാണ് കുരിശുകളുടെ വൻശേഖരം സംഭാവന ചെയ്തത്.

**7. ബഹു. തെള്ളിയിൽ എമ്മാനുവേലച്ചൻ CMI യുടെ മരണം**

സീറോമലബാർ സഭയുടെ ആരാധനക്രമ പരിഷ്കരണത്തിൽ വിലപ്പെട്ട സംഭാവനകൾ നൽകിയ തെള്ളിയിൽ ബഹു. എമ്മാനുവേലച്ചന്റെ മരണത്തിൽ സിനഡ് അഗാധമായ ദുഃഖം രേഖപ്പെടുത്തുകയും വിശുദ്ധ കുർബാന അർപ്പിച്ച് പ്രാർത്ഥിക്കുകയും ചെയ്തു. സുറിയാനി ഭാഷയിൽ അഗാധ പാണ്ഡിത്യം ഉണ്ടായിരുന്ന തെള്ളിയിലച്ചൻ ഒരു സുറിയാനി നിഘണ്ടു പ്രസിദ്ധീകരിക്കുകയും ആരാധനക്രമത്തിന്റെ സുറിയാനി ഉറവിടങ്ങൾ ആധുനിക തലമുറയ്ക്ക് പരിചയപ്പെടുത്തുകയും അതുവഴി ആരാധനക്രമ പുനരുദ്ധാരണത്തിൽ നിർണായക പങ്കുവഹിക്കുകയും ചെയ്തിട്ടുണ്ട്. സുറിയാനി മല്പാൻ എന്ന പേരിന് അദ്ദേഹം തികച്ചും യോഗ്യനാണ്. തെള്ളിയിലച്ചന്റെ സഭാസേവനങ്ങളെ നന്ദിയോടെ ഓർക്കുകയും അദ്ദേഹത്തിനുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യാം.

**8. ’ജീസസ് യൂത്ത്’**

ജീസസ് യൂത്ത് എന്ന യുവജനപ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങൾക്ക് സഭാതലത്തിൽ ഒരു മാർഗരേഖ തയ്യാറാക്കിയിട്ടുണ്ട്. മാതൃസഭയോടുള്ള ബന്ധത്തിൽ അടിയുറച്ചും സഭാപാരമ്പര്യങ്ങൾക്കനുസരിച്ചും പ്രവർത്തിക്കുന്നതിനു സഹായകമായ പരിശീലനം ജീസസ് യൂത്ത് അംഗങ്ങൾക്കു ലഭിക്കേണ്ടതിന്റെ ആവശ്യകത സിനഡ് വ്യക്തമാക്കി. ഈ പ്രസ്ഥാനത്തിന്റെ ആദ്ധ്യാത്മികത സ്വന്തം സ്വയാധികാര സഭയുടേതാണ്. ഇക്കാര്യങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള മാർക്ഷരേഖ താമസിയാതെ പ്രസിദ്ധപ്പെടുത്തുന്നതാണ്.

**9. ധ്യാനകേന്ദ്രങ്ങൾക്ക് മാർഗരേഖ**

സീറോമലബാർ സഭയിലെ ധ്യാനകേന്ദ്രങ്ങൾക്കായി ഒരു മാർഗരേഖയ്ക്ക് അന്തിമരൂപം കൊടുക്കാൻ സിനഡിനു സാധിച്ചു. പ്രത്യേകം നിയോഗിക്കപ്പെട്ട ഒരു കമ്മിറ്റി തയ്യാറാക്കിയ ഡ്രാഫ്റ്റ് സമഗ്രമായ ചർച്ചയ്ക്ക് വിധേയമാക്കുകയും ആവശ്യമായ മാറ്റങ്ങൾ വരുത്തി സിനഡ് അംഗീരിക്കുകയും ചെയ്തു. ഇതിലെ മാർഗനിർദ്ദേശങ്ങൾക്കനുസരിച്ച് ധ്യാനകേന്ദ്രങ്ങൾ പ്രവർത്തിക്കാൻ ചുമതലപ്പെട്ടവർ ശ്രദ്ധിക്കേണ്ടതാണ്. മാർഗരേഖ താമസിയാതെ ലഭ്യമാക്കുന്നതാണ്.

**10. വൈദികാർത്ഥികളുടെ രൂപീകരണം**

വൈദികാർത്ഥികളുടെ രൂപീകരണം സഭയെ സംബന്ധിച്ചിടത്തോളം സർവ്വപ്രധാനമാണ്. ഉത്തമരായ വൈദികരെ രൂപപ്പെടുത്തുന്ന സെമിനാരി പരിശീലനത്തിന്റെ വിവിധ വശങ്ങൾ സിനഡ് ചർച്ചചെയ്തു. സിനഡിന്റെ നേരിട്ടുള്ള മേൽനോട്ടത്തിൽ നാലു സെമിനാരികളാണുള്ളത്. വടവാതൂർ, ആലുവ, കുന്നോത്ത്, സത്നാ എന്നിവയാണ് പ്രസ്തുത സെമിനാരികൾ. മെത്രാന്മാർ അംഗങ്ങളായുള്ള കമ്മീഷനുകൾക്കാണ് ഈ സെമിനാരികളുടെ മേൽനോട്ടം. സഭമുഴുവന്റെയും ശ്രദ്ധയും പ്രാർത്ഥനയും വൈദികാർത്ഥികളുടെ പരിശീലനകാര്യത്തിൽ ഉണ്ടാകണമെന്ന് ഞാൻ സ്നേഹപൂർവ്വം അഭ്യർത്ഥിക്കുന്നു.

സീറോമലബാർ സഭയിലെ വിവിധ സെമിനാരികളിൽ മെത്രാന്മാരുടെ വിവിധ ടീമുകൾ ഔദ്യോഗിക സന്ദർശനം നടത്തുകയും സെമിനാരി പരിശീലനത്തിന്റെ ഇപ്പോഴത്തെ അവസ്ഥ സമഗ്രമായി

പഠിച്ച് വിലയിരുത്തുകയുംചെയ്തു. അത് ഏറെ പ്രയോജനകരമായി. അതിന്റെ വെളിച്ചത്തിൽ ഭാവി കാര്യങ്ങൾ ചെയ്യുവാനാണ് ശ്രമിക്കുന്നത്. സഭയിൽ സെമിനാരി പരിശീലനത്തിന്റെ പ്രാധാന്യം വ്യക്തമാക്കിയ ഈ സന്ദർശനം വളരെയേറെ സ്വാഗതം ചെയ്യപ്പെട്ടു എന്നത് എടുത്തു പറയേണ്ടിയിരിക്കുന്നു.

**11. സെമിനാരിക്കാർക്ക് പുനഃപ്രവേശനം നൽകുന്നത് സംബന്ധിച്ച്**

ഏതെങ്കിലും ഒരു സമർപ്പിത സമൂഹത്തിൽനിന്നോ രൂപതയിൽനിന്നോ പുറത്താക്കപ്പെട്ട സെമിനാരിക്കാരെ മറ്റൊരു സമർപ്പിത സമൂഹമോ രൂപതയോ വൈദികാർത്ഥികളായി സ്വീകരിക്കുന്നത് സംബന്ധിച്ച് വത്തിക്കാനിലെ പൗരസ്ത്യ സഭാ കാര്യാലയത്തിൽനിന്നു ലഭിച്ച കത്തിന്റെ അടിസ്ഥാനത്തിൽ സിനഡ് ഇപ്രകാരം തീരുമാനിക്കുകയുണ്ടായി: സമർപ്പിത സമൂഹത്തിൽ നിന്നുള്ളവരാണെങ്കിൽ ബന്ധപ്പെട്ട സെമിനാരി റെക്ടറിൽനിന്നും സമർപ്പിത സമൂഹാധികാരികളിൽനിന്നും, രൂപതയ്ക്കു വേണ്ടിയുള്ള വരാണെങ്കിൽ ബന്ധപ്പെട്ട മെത്രാനിൽനിന്നും സെമിനാരി റെക്ടറിൽനിന്നും പുനഃപ്രവേശനത്തിന് അനുകൂലമായ കത്ത് വാങ്ങിച്ചിരിക്കണം.

**12. പി.ആർ.ഓഫീസ്**

സീറോമലബാർ സഭയുടെ പബ്ലിക് റിലേഷൻസ് വകുപ്പിന്റെ ഉത്തരവാദിത്വം പുതിയൊരു ടീമിനെ ഏല്പിച്ച വിവരം എല്ലാവരെയും അറിയിക്കുന്നു. പൂച്ചക്കാട്ട് ബഹു. ജിമ്മിയച്ചൻ കോ-ഓർഡിനേറ്റർ ആയുള്ള അഞ്ചംഗ ടീമിനെയാണ് ചുമതല ഏല്പിച്ചിരിക്കുന്നത്. ദീർഘ കാലം പി.ആർ.ഒ ആയി സേവനം ചെയ്ത ബഹു. പോൾ തേലക്കാട്ടച്ച നോടുള്ള നന്ദി ഈയവസരത്തിൽ സ്നേഹപൂർവ്വം അറിയിക്കുന്നു.

**13. മേജർ സുപ്പീരിയേഴ്സുമായുള്ള സമ്മേളനം**

സിനഡിനോടനുബന്ധിച്ച് സീറോമലബാർ സഭയിലെ സമർപ്പിത സമൂഹങ്ങളുടെ മേജർ സുപ്പീരിയേഴ്സും സിനഡുപിതാക്കന്മാരും സംയുക്തമായി സമ്മേളിച്ച് സഭയിൽ സമർപ്പിത സമൂഹങ്ങളുടെ ശുശ്രൂഷയെ സംബന്ധിച്ച കാര്യങ്ങൾ ചർച്ച ചെയ്യുകയുണ്ടായി. സ്ത്രീകളും പുരുഷന്മാരുമടങ്ങുന്ന സമർപ്പിതസമൂഹങ്ങളുടെ വിവിധങ്ങളായ ശുശ്രൂഷകൾ സഭയ്ക്ക് വളരെ വിലപ്പെട്ടതാണ്. നമ്മുടെ സഭയിൽ സമർപ്പിത

സമൂഹങ്ങൾ ചെയ്യുന്ന വലിയ സേവനങ്ങൾ നമുക്ക് നന്ദിയോടെ ഓർക്കാം. സഭയുടെ സാമ്പത്തികാവശ്യങ്ങളിലും സമർപ്പിതസമൂഹങ്ങൾ നൽകുന്ന ഉദാരമായ സഹായങ്ങൾ ഞാൻ നന്ദിയോടെ അനുസ്മരിക്കുന്നു.

മെത്രാന്മാരും വൈദികരും സമർപ്പിത സമൂഹങ്ങളും തമ്മിൽ എല്ലാ തലങ്ങളിലും കൂടുതൽ ഐക്യവും പരസ്പരധാരണയും വളർത്തേണ്ടതിന്റെ ആവശ്യകത സമ്മേളനം ഊന്നിപ്പറയുകയുണ്ടായി. പ്രവാസികളായ സീറോമലബാർ വിശ്വാസസമൂഹങ്ങളുടെയിടയിൽ സമർപ്പിതരുടെ സേവനം കൂടുതൽ ആവശ്യമായി വരുന്ന സാഹചര്യമാണ് ഇന്നുള്ളത്. നല്ല സമർപ്പിത ദൈവവിളികൾ പരിപോഷിപ്പിക്കാനും നമ്മൾ ശ്രദ്ധിക്കേണ്ടതുണ്ട്. പോരായ്മകൾ പരിഹരിച്ച് മാതൃകാപരമായി സുവിശേഷത്തിനു സാക്ഷ്യം വഹിക്കാൻ നമുക്ക് പരിശ്രമിക്കാം.

**14. ഏകസ്ഥരായ കന്യകകൾ**

സീറോമലബാർ സഭയിലെ ഏകസ്ഥരും അവിവാഹിതരുമായി കഴിയുന്ന സ്ത്രീകളുടെ കാര്യം സിനഡ് ചർച്ച ചെയ്തു. അവരിൽ വിദ്യാസമ്പന്നരും ജോലിയുള്ളവരുമായ ചിലർ സഭയുടെ ഔദ്യോഗികാംഗീകാരത്തോടെ സമൂഹമായി സമർപ്പിത ജീവിതം നയിക്കാൻ ആഗ്രഹിക്കുന്നുണ്ട്. മറ്റ് ചില ഏകസ്ഥർ വീടുകളിൽത്തന്നെ താമസിച്ചുകൊണ്ട് ഇടയ്ക്കിടെ ധ്യാനം തുടങ്ങിയ ആത്മീയകാര്യങ്ങൾക്കായി ഒരുമിച്ചുകൂടുന്ന ഒരു ജീവിതശൈലി ആഗ്രഹിക്കുന്നു. ഏതായാലും സമർപ്പിത ജീവിതം ആഗ്രഹിക്കുന്ന ഏകസ്ഥർക്കുവേണ്ടി കൃത്യമായ ഒരു നിയമാവലി തയ്യാറാക്കേണ്ടിയിരിക്കുന്നു. ഏകസ്ഥരുടെ കാര്യം നിയമാവലിക്കനുസൃതമായി അതാതു രൂപതാദ്ധ്യക്ഷന്മാരുടെ ചുമതലയിൽ കൈകാര്യം ചെയ്യുന്നതാണ് ഉചിതമെന്ന് സിനഡ് അഭിപ്രായപ്പെട്ടു.

**കമ്മീഷനുകളും കമ്മറ്റികളും**

മെത്രാന്മാരുടെ നേതൃത്വത്തിലുള്ള വിവിധ കമ്മീഷനുകളും കമ്മിറ്റികളും വഴിയാണ് സിനഡ് പ്രവർത്തിക്കുന്നതെന്ന് എല്ലാവർക്കും അറിവുള്ളതാണല്ലോ. അജപാലന ശുശ്രൂഷയുടെ വിവിധ മേഖലകളാണ് ഈ കമ്മീഷനുകളും കമ്മിറ്റികളും കൈകാര്യം ചെയ്യുന്നത്. അവയുടെ പ്രവർത്തന റിപ്പോർട്ടുകൾ സിനഡിൽ അവതരിപ്പിക്കുകയും ചർച്ചകൾ

നടത്തുകയും ചെയ്തു. കമ്മീഷനുകളും കമ്മിറ്റികളും താഴെപ്പറയുന്ന വയാണ്.

**കമ്മീഷനുകൾ**: ലിറ്റർജി കമ്മീഷൻ, മതബോധനകമ്മീഷൻ, വൈദി കർക്കുവേണ്ടിയുള്ള കമ്മീഷൻ, സമർപ്പിതസമൂഹങ്ങൾക്കുവേണ്ടിയുള്ള കമ്മീഷൻ, ദൈവവിളി കമ്മീഷൻ, സെമിനാരി കമ്മീഷൻ, യുവജനക മ്മീഷൻ, സൈദ്ധാന്തിക (Doctrine) കമ്മീഷൻ, എക്യുമെനിക്കൽ കമ്മീ ഷൻ, അല്മായ കമ്മീഷൻ എന്നിവയാണ് കമ്മീഷനുകൾ. അല്മായ കമ്മീഷന്റെ കീഴിൽ പ്രവർത്തിക്കുന്ന പ്രസ്ഥാനങ്ങളാണ് കത്തോലിക്കാ കോൺഗ്രസ്, മാതൃവേദി, കുടുംബപ്രേഷിതത്വം കൂടുംബകൂട്ടായ്മ മുത ലായവ.

**കമ്മിറ്റികൾ**: പൊതുകാര്യ കമ്മിറ്റി (Public Affairs), ഉന്നതവിദ്യാഭ്യാസ കമ്മിറ്റി, സ്കൂൾ വിദ്യാഭ്യാസ കമ്മിറ്റി മുതലായവയാണ് വിവിധ കമ്മി റ്റികൾ.

കൂടാതെ താഴെപ്പറയുന്ന പ്രസ്ഥാനങ്ങളും സിനഡിന്റെ മേൽനോട്ടത്തിൽ നടക്കുന്നു.

### 1. ലിറ്റർജിക്കൽ റിസേർച്ച് സെന്റർ (LRC)

ആരാധനക്രമ വിഷയങ്ങളിൽ ഗവേഷണപരമായ പഠനങ്ങളും ബോധവത്ക്കരണ സെമിനാറുകളും നടത്തുക, സഭാപഠനഗ്രന്ഥങ്ങൾ പ്രസിദ്ധീകരിക്കുക തുടങ്ങിയ പ്രവർത്തനങ്ങളിലൂടെ സഭയുടെ ശരി യായ വളർച്ചയ്ക്ക് ബൗദ്ധിക പിന്തുണ നൽകുക എന്നതാണ് ആരാധ നക്രമ ഗവേഷണകേന്ദ്രത്തിന്റെ മുഖ്യലക്ഷ്യം.

### 2. ASSM (Association of Supporters of Syro- Malabar Mission)

സീറോമലബാർ മിഷൻ പ്രവർത്തനങ്ങളെ ആളും അർത്ഥവുംകൊണ്ട് പിന്തുണയ്ക്കുന്ന അസോസിയേഷനാണിത്. നമ്മുടെ മിഷൻ രൂപതകൾക്ക് മാതൃരൂപതയുടെ ഇപ്രകാരമുള്ള സഹായസഹകരണങ്ങൾ ആവശ്യമാണ്. കഴിവിനനുസരിച്ച് നമ്മുടെ സഭയുടെ പ്രേഷിതപ്രവർത്തനങ്ങളിൽ എല്ലാവരും സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**3. ഇന്റർനെറ്റ് മിഷൻ**

സീറോമലബാർ സഭയിലെ വിവിധ രൂപതകളെ കോർത്തിണക്കിക്കൊണ്ടുള്ള വിവിധ പ്രവർത്തനങ്ങളാണ് ഇന്റർനെറ്റ് മിഷൻ ചെയ്തുകൊണ്ടിരിക്കുന്നത്. സഭയുടെ പ്രവർത്തനങ്ങൾക്ക് കൂടുതൽ ഏകോപനവും കാര്യക്ഷമതയും ഉണ്ടാകാൻ ഇന്റർനെറ്റ് മിഷൻ ഏറെ സഹായകരമാണ്.

ആഗസ്റ്റ് 29-ാം തീയതി മധ്യാഹ്നത്തോടെ സിനഡിന്റെ 23-ാം സമ്മേളനം പര്യവസാനിച്ചു. സിനഡിന്റെ വിജത്തിനായി പ്രാർഥിക്കുകയും പ്രവർത്തിക്കുകയും ചെയ്ത എല്ലാവരെയും നന്ദിയോടെ സ്മരിക്കുന്നു. നല്ലവനായ ദൈവം നിങ്ങളേവരെയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ!

**+ ജോർജ് കാർഡിനൽ ആലഞ്ചേരി**
സീറോ മലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ്

കാക്കനാട്ട് മൗണ്ട് സെന്റ് തോമസ്സിലുള്ള മേജർ ആർച്ച്ബിഷപ്പിന്റെ കാര്യാലയത്തിൽ നിന്ന് 2015-ാം ആണ്ട് ഡിസംബർ മാസം 1 -ാം തിയതി നൽകപ്പെട്ടത്.

N.B: ഈ വിജ്ഞാപനം ഉചിതമായ മാർഗങ്ങളിലൂടെ അതതുരൂപത/ അതിരൂപതകളിലെ വൈദികരുടേയും സന്യസ്ഥരുടേയും അത്മായ സഹോദരങ്ങളുടേയും ശ്രദ്ധയിൽ കൊണ്ടുവരേണ്ടതാണ്.

# സർക്കുലർ
# കരുണയുടെ വിശുദ്ധ ജൂബിലി വത്സരം

മിശിഹായിൽ പ്രിയ വൈദികരേ, സമർപ്പിതരേ, സഹോദരീ സഹോദരന്മാരേ, വത്സലമക്കളേ,

ദൈവാനുഗ്രഹം സമൃദ്ധമായി സംലഭ്യമാകുന്ന വിശുദ്ധവത്സരം-കാരുണ്യത്തിന്റെ അസാധാരണ ജൂബിലിവർഷം- ഫ്രാൻസിസ് പാപ്പ പ്രഖ്യാപിച്ചിരിക്കുകയാണ്. രണ്ടാം വത്തിക്കാൻ സൂനഹദോസ് സമാപിച്ചതിന്റെ 50-ാം വാർഷികദിനമായ 2015 ഡിസംബർ 8നാണ് റോമിൽ വിശുദ്ധവത്സര വാതിൽ 'കരുണയുടെ കവാട' മായി തുറന്നുകൊണ്ട് ഫ്രാൻസിസ് മാർപ്പാപ്പ ഈ ജൂബിലി വർഷത്തിന് ആരംഭം കുറിക്കുന്നത്. 2016 നവംബർ 20ന്, ക്രിസ്തുവിന്റെ രാജത്വതിരുനാൾ ദിനം, വിശുദ്ധ കവാടം അടച്ചുകൊണ്ട് ജൂബിലി സമാപിക്കും.

ജൂബിലിവർഷം പ്രഖ്യാപിച്ചുകൊണ്ട് 2015 ഏപ്രിൽ 11ന് 'കാരുണ്യത്തിന്റെ മുഖം' (MV.) എന്ന പ്രബോധനത്തിലൂടെ ഫ്രാൻസിസ് പാപ്പ പറഞ്ഞു: "യേശുക്രിസ്തു പിതാവായ ദൈവത്തിന്റെ കാരുണ്യത്തിന്റെ മുഖമാണ്". ദൈവത്തിന്റെ അനന്തമായ കരുണ യുഗയുഗാന്തരങ്ങളിലൂടെ നിർബാധം തുടരുന്നതിനെ അനുസ്മരിച്ചുകൊണ്ട്, ദൈവികകരുണയുടെ ഫലപ്രദങ്ങളായ അടയാളങ്ങളാകുവാൻ സഭാമക്കളെ പാപ്പ ആഹ്വാനം ചെയ്തിരിക്കുന്നത്. "പിതാവിനെപ്പോലെ കരുണയുള്ളവർ ആയിരിക്കുക" (ലൂക്ക. 6:36) എന്ന മുദ്രാവാക്യമാണ് വിശുദ്ധവത്സരത്തിന് നൽകിയിരിക്കുന്നത് (MV13-14).

**ജൂബിലി വർഷ ഉദ്ഘാടനം**

2015 ഡിസംബർ 13ന് ഓരോ രൂപതയിലും കരുണയുടെ വിശു

ദ്ധകവാടം തുറന്നുകൊണ്ട് രൂപതാതല വിശുദ്ധവത്സരാചരണത്തിന് തുടക്കം കുറിക്കണമെന്ന് മാർപ്പാപ്പ ആഹ്വാനം ചെയ്തിരിക്കുന്നു. അനുരഞ്ജനകൂദാശ സ്വീകരിച്ച് വി. കുർബാനയിൽ പങ്കുകൊണ്ട്, മാർപ്പാപ്പയുടെ നിയോഗാർത്ഥം വിശ്വാസത്തോടെ പ്രാർത്ഥിച്ച്, ഈ വിശുദ്ധവത്സര കവാടത്തിലൂടെ കടന്ന് ദൈവത്തിന്റെ കരുണ തേടുന്നവർക്ക് പ്രത്യേകം ദണ്ഡവിമോചനങ്ങൾ മാർപ്പാപ്പ കല്പിച്ചരുളിയിട്ടുണ്ട്.

2015 ഡിസംബർ 13ന് രാവിലെ 7:30ന് തൃശ്ശൂർ പരിശുദ്ധ വ്യാകുലമാതാവിൻ ബസിലിക്ക തീർത്ഥകേന്ദ്രത്തിലും അന്ന് വൈകിട്ട് 4 മണിക്ക് പാലയൂർ സെന്റ് തോമസ് തീർത്ഥകേന്ദ്രത്തിലും ജൂബിലി വർഷത്തിന്റെ പ്രത്യേക പ്രാർത്ഥനകളോടെ കരുണയുടെ വിശുദ്ധ വത്സര കവാടങ്ങൾ തുറന്നുകൊണ്ട് അതിരൂപതാതല വിശുദ്ധവത്സരാചരണത്തിന് തുടക്കം കുറിക്കും. സാധിക്കുന്നിടത്തോളം വൈദികരും സന്യസ്തരും അത്മായരും പ്രസ്തുത ചടങ്ങിൽ പങ്കെടുക്കാൻ ശ്രദ്ധിക്കുമല്ലോ. അന്നേദിവസം ഇടവകകളിൽ പ്രധാന കുർബാനക്കുശേഷം ജൂബിലി പ്രാർത്ഥനയും 136-ാം സങ്കീർത്തനവും ചൊല്ലിയശേഷം ജൂബിലി പതാക ഉയർത്തേണ്ടതാണ്.

കരുണയുടെ വിശുദ്ധവത്സരം സമുചിതമായി ആചരിക്കുവാൻ ഏതാനും ചില നിർദ്ദേശങ്ങൾ താഴെ കൊടുക്കുന്നു.

**1. ജൂബിലി കമ്മറ്റി**

എല്ലാ ഇടവകകളിലും സമർപ്പിതസമൂഹങ്ങളിലും സംഘടനകളിലും കരുണയുടെ ജൂബിലികമ്മറ്റി രൂപീകരിച്ച് ജൂബിലി വത്സരകർമ്മ പരിപാടികൾക്ക് രൂപം കൊടുക്കുകയും നടപ്പിലാക്കുകയും ചെയ്യുക. ഇടവകയുടെ സാമൂഹ്യക്ഷേമസമിതിക്ക് ഇക്കാര്യത്തിൽ നേതൃത്വം കൊടുക്കാവുന്നതാണ്. പരി. സിംഹാസനം, CBCI, KCBC, സിനഡ് തുടങ്ങിയവ ഇക്കാര്യത്തിൽ നൽകുന്ന മാർഗനിർദ്ദേശങ്ങൾ ഇടവകതലത്തിൽ പ്രാവർത്തികമാക്കാൻ ഈ സമിതി ശ്രമിക്കേണ്ടതാണ്. മേല്പ്പറഞ്ഞ തലങ്ങളിൽ നടക്കുന്ന കരുണയുടെ ജൂബിലിപരിപാടി

കളുടെ വിവരങ്ങൾ പരി. സിംഹാസനത്തെ അറിയിക്കുന്നതിനായി അതത് അവസരങ്ങളിൽ അതിരൂപത കാര്യാലയത്തിലേക്ക് റിപ്പോർട്ടായി അയയ്ക്കേണ്ടതാണ്.

**2. സെമിനാറുകളും ധ്യാനങ്ങളും**

ദരിദ്രർക്ക് സുവിശേഷമറിയിക്കാൻ വന്ന (ലൂക്ക. 4:18) ഈശോയുടെ മാതൃകയിൽ കാരുണ്യത്തിന്റെ സുവിശേഷം ഈ വർഷത്തിൽ കൂടുതൽ അറിയിക്കാൻ സാധിക്കണം (MV. 12). മാർപ്പാപ്പ പറയുന്നു: "സുവിശേഷം പുതിയൊരു രീതിയിൽ പ്രഘോഷിക്കാനുള്ള സമയം സമാഗതമായി" (MV. 4). അതിനാൽ ഈ വർഷം പ്രത്യേകം ദൈവകാരുണ്യത്തെ വിഷയമാക്കി ധ്യാനങ്ങളും സെമിനാറുകളും ചർച്ചകളും സോഷ്യൽ മീഡിയ പ്രവർത്തനങ്ങളും മതബോധന പരിശീലനകളരികളും കൂടുതൽ സംഘടിപ്പിക്കുവാൻ ആഹ്വാനം ചെയ്യുന്നു.

**3. ജൂബിലി പ്രാർത്ഥന**

എല്ലാ ഇടവകകളിലും സ്ഥാപനങ്ങളിലും കരുണയുടെ വർഷത്തിന്റെ പതാക/എംബ്ലം പ്രദർശിപ്പിക്കുന്നതും, പരി. പിതാവിന്റെ പ്രത്യേക പ്രാർത്ഥന പ്രധാന അവസരങ്ങളിൽ ചൊല്ലുന്നതും ജൂബിലിഗീതം ആലപിക്കുന്നതും നല്ലതാണ്.

കരുണയുടെ വർഷാചരണം ഫലപ്രദമാകുന്നതിനായി ജൂബിലി പ്രാർത്ഥന എല്ലാ ഭവനങ്ങളിലും കുടുംബപ്രാർത്ഥനയോടൊപ്പം ജൂബിലി വർഷത്തിലെ എല്ലാ ദിവസവും ചൊല്ലേണ്ടതാണ്.

**4. കരുണയുടെ വാതിലും ദണ്ഡവിമോചനവും**

സഭ ആഹ്വാനം ചെയ്യുന്നതുപോലെ മാനസാന്തരം, കരുണ, പരിത്യാഗം, ജീവിതസമർപ്പണം എന്നീ ചിന്തകളോടെ തീർത്ഥാടനങ്ങൾ സംഘടിപ്പിക്കുന്നത് നല്ലതാണ് (MV.14). അതിരൂപതയിലെ പ്രധാന തീർത്ഥകേന്ദ്രങ്ങളായ ബസിലിക്കയിലും പാലയൂരും സജ്ജീകരിച്ചിട്ടുള്ള വിശുദ്ധവത്സര കവാടങ്ങളിലൂടെ കടന്ന് ദൈവികകരുണ തേടാനും ദണ്ഡവിമോ

ചനങ്ങൾ പ്രാപിക്കാനും ശ്രമിക്കേണ്ടതാണ്. മാർപ്പാപ്പ പറയുന്നു: “വിശുദ്ധവർഷത്തിന്റെ ദണ്ഡവിമോചനം ജീവിക്കുകയെന്നതിന്റെ അർത്ഥം പിതാവിന്റെ കാരുണ്യത്തെ സമീപിക്കുകയെന്നതാണ്”. “ദണ്ഡവിമോചനം പ്രാപിക്കുക എന്നത് സഭയുടെ വിശുദ്ധിയെ അനുഭവിച്ചറിയുക എന്നതാണ്” (MV.22).

**5. അനുരഞ്ജനസമിതികൾ**

ദൈവവും സഹോദരങ്ങളുമായുള്ള അനുരഞ്ജനം വളരെ പ്രധാനപ്പെട്ടതാണ്. അതിനാൽ ഇടവകതലത്തിൽ അനുരഞ്ജനസമിതികൾ രൂപീകരിക്കുകയും കൗൺസിലിംഗ്, ഹോം മിഷൻ, ഭവനസന്ദർശനം തുടങ്ങിയവ കൂടുതൽ കാര്യക്ഷമമാക്കുകയും വേണം. ഇടവകകളിൽ കുമ്പസാരശുശ്രൂഷയ്ക്ക് കൂടുതൽ പ്രാധാന്യവും അവസരവുമൊരുക്കണം. അടുത്ത നോമ്പുകാലത്ത് ദൈവകാരുണ്യത്തെ ആഘോഷിക്കുന്ന പരിപാടികൾ സംഘടിപ്പിക്കണം (MV. 17-18). വലിയ നോമ്പിലെ മൂന്നാമത്തെ വെള്ളിയാഴ്ചയും ശനിയാഴ്ചയും “കർത്താവിനുവേണ്ടിയുള്ള 24 മണിക്കൂർ” (MV. 17) ആരാധന സാധിക്കുന്നിടത്തോളം നടത്തണം.

**6. ജീവകാരുണ്യപ്രവർത്തികൾ**

ദൈവകാരുണ്യത്തിന്റെ ഏറ്റവും വലിയ സാക്ഷ്യമാണ് ജീവകാരുണ്യപ്രവർത്തികൾ (MV. 9, 15). 14 മനോഗുണ പ്രവർത്തികളുടെ മാതൃകയിൽ ആത്മീയവും ശാരീരികവുമായ ജീവകാരുണ്യപ്രവർത്തികൾ ഈ വർഷം പ്രത്യേകം നടത്താൻ മാർപ്പാപ്പ ആഹ്വാനം ചെയ്തിട്ടുണ്ട് (Spiritual and Corporal Works of Charity) (MV.15). “സമൂഹത്തിലെ പാർശ്വവത്കരിക്കപ്പെട്ടവരിലേക്ക് (Peripheries) നമ്മുടെ ഹൃദയം തുറക്കണമെന്ന്” മാർപ്പാപ്പ ആഹ്വാനം ചെയ്യുന്നു (MV. 15). അതിനാൽ പഠനസഹായം, ഭവനനിർമ്മാണം, വിവാഹസഹായം, ചികിത്സാസഹായം, സ്വയം തൊഴിൽ കണ്ടെത്തൽ എന്നിവയ്ക്ക് പ്രത്യേകം പദ്ധതികൾ കണ്ടെത്താൻ ആഹ്വാനം ചെയ്യു

ന്നു. സർക്കാർ ആനുകൂല്യങ്ങൾ വാങ്ങിച്ചുകൊടുക്കുന്നതും ജോലി ലഭിക്കാൻ സഹായിക്കുന്നതും വലിയ കാരുണ്യപ്രവർത്തിതന്നെയാണ്. നല്ല നേതൃത്വനിരയെ വളർത്തുന്നതും കരുണയുടെ മറ്റൊരു മുഖമാണ്. പാവപ്പെട്ട കുടുംബങ്ങളെ ദത്തെടുത്ത് സഹായിക്കുന്ന 'ഗോഡ്സ് ഓൺ ഫാമിലി' യിൽ പങ്കാളികളാകാൻ ക്ഷണിക്കുന്നു. അതിരൂപതയിലെ സാന്ത്വനം പദ്ധതികളോട് എല്ലാവരും സഹകരിക്കണം.

തിരുനാൾ ചെലവിന്റെ ദശാംശമെങ്കിലും നിർബന്ധമായും കാരുണ്യ പ്രവർത്തികൾക്കായി ചെലവാക്കാൻ നാം ശ്രമിക്കണം.

ജീവകാരുണ്യമേഖലകളിൽ പ്രവർത്തിക്കുന്നവരെ അംഗീകരിക്കാനും ആദരിക്കാനും ഈ വർഷം എല്ലാ തലങ്ങളിലും പ്രത്യേകം സംവിധാനങ്ങളുണ്ടാകാൻ ആഹ്വാനം ചെയ്യുന്നു. ഓരോ വർഷത്തിലും നാം ചെയ്യുന്ന ജീവകാരുണ്യപ്രവർത്തനങ്ങളുടെ വിവരങ്ങൾ സാമൂഹ്യക്ഷേമസമിതി വഴി റിപ്പോർട്ടായി സാന്ത്വനം ഓഫീസിൽ ഏല്പിക്കേണ്ടതാണ്.

**7. വിവിധ വിഭാഗങ്ങളിൽപ്പെട്ടവർക്കായുള്ള പ്രത്യേക പരിപാടികൾ**

കാരുണ്യവർഷവുമായി ബന്ധപ്പെട്ട വൈദികർ, സമർപ്പിതർ, യുവജനങ്ങൾ, വനിതകൾ, കുട്ടികൾ, വയോധികർ, പ്രവാസികൾ, സംഘടനാംഗങ്ങൾ, തൊഴിലാളികൾ, പ്രത്യേകിച്ച് ഇതരസംസ്ഥാന തൊഴിലാളികൾ തുടങ്ങിയവർക്കായി പ്രത്യേകം പരിപാടികൾ സംഘടിപ്പിക്കുന്നത് ഉചിതമാണ്. അകത്തോലിക്കരോടും അക്രൈസ്തവരോടും ചേർന്ന് സാമൂഹ്യക്ഷേമപ്രവർത്തനങ്ങൾ, മതസൗഹാർദ്ദവും സാമൂഹ്യസുരക്ഷയും ലക്ഷ്യം വച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾ എന്നിവ നടത്തുന്നത് ഈ കാലഘട്ടത്തിന്റെ ആവശ്യമാണ്.

**8. പാലിയേറ്റീവ് കെയർ**

ഈ കാലഘട്ടത്തിലെ വലിയൊരു ആവശ്യമാണ് പാലി

യേറ്റീവ് കെയറും പകൽവീടും. അതിന്റെ യൂണിറ്റുകൾ ആരംഭിക്കാൻ ഇടവകകളും സ്ഥാപനങ്ങളും നേതൃത്വം കൊടുക്കണം.

**9. പ്രകൃതിസംരക്ഷണം**

ഇന്ന് ഏറ്റവുമധികം കരുണ കാണിക്കേണ്ടത് നാം അധിവസിക്കുന്ന ഭൂമിയോട് തന്നെയാണ്. അതുകൊണ്ട് പ്രകൃതി സംരക്ഷണത്തിനും മാലിന്യനിർമ്മാർജ്ജനത്തിനും പ്രാധാന്യം കൊടുക്കണം. വിഷലിപ്തമല്ലാത്ത ഭക്ഷണം സംലഭ്യമാക്കാൻ പച്ചക്കറിത്തോട്ടം മുതലായവ പ്രോത്സാഹിപ്പിക്കേണ്ടതാണ്.

**10. കുടുംബനവീകരണപരിപാടികൾ**

സഭയുടെയും സമൂഹത്തിന്റെയും അടിത്തറയായ കുടുംബങ്ങൾ തകർന്നു കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ കുടുംബനവീകരണത്തിന് കുടുംബകൂട്ടായ്മകളുടെ നേതൃത്വത്തിൽ പ്രത്യേക പരിപാടികളുണ്ടാകണം. വലിയ കുടുംബങ്ങളെയും പ്രോ-ലൈഫ് സംഘടനയെയും പ്രോത്സാഹിപ്പിക്കണം.

**11. ആതുരശുശ്രൂഷയും രോഗീസന്ദർശനവും**

ദശാംശം കൊടുക്കുക എന്ന ബൈബിൾ ദർശനം നാം ജീവിതത്തിൽ പ്രായോഗികമാക്കേണ്ടതാണ്. അതിരൂപതയിലെ പീസ് ഹോം പോലുള്ള ജീവകാരുണ്യ സ്ഥാപനങ്ങൾ സന്ദർശിക്കുവാനും പാവപ്പെട്ടവരോടും രോഗികളോടും അശരണരോടും കൂടെ കുറച്ചു സമയം ചെലവഴിക്കുവാൻ എല്ലാവരോടും പ്രത്യേകിച്ച് വിശ്വാസപരിശീലനത്തിൽ ആയിരിക്കുന്നവരോടും ഞാൻ ആഹ്വാനം ചെയ്യുന്നു.

**12. സാമൂഹ്യസുരക്ഷപദ്ധതികളുടെ പ്രോത്സാഹനം**

നമ്മുടെ അതിരൂപതയിലെ കുടുംബങ്ങളെയും വ്യക്തികളെയും സർക്കാർ സംവിധാനങ്ങൾ ഉപയോഗിച്ച് സാമൂഹ്യസുരക്ഷാ പദ്ധതികളിൽ ഉൾപ്പെടുത്തുവാൻ ശ്രമിക്കണം. കെ. എൽ. എം. നടത്തുന്ന ഇത്തരം പ്രവർത്തനങ്ങളോട് എല്ലാവരും ആത്മാർത്ഥമായി സഹകരിക്കണം.

**13. ലഹരിവിമോചനപ്രവർത്തനങ്ങൾ**

മദ്യം, മയക്കുമരുന്ന്, ധൂർത്ത് തുടങ്ങിയവയ്ക്കെതിരെ ബോധവത്കരണം നടത്തുന്നതും ഈ ദുശ്ശീലങ്ങളിൽ അടിമപ്പെട്ടവരെ നെസ്റ്റ്, ടിംഹാൻസ് കൗൺസിലിംഗ് സെന്ററുകൾ മുതലായ സ്ഥാപനങ്ങൾ വഴി രക്ഷപ്പെടുത്തുവാൻ ശ്രമിക്കുന്നതും കാരുണ്യപ്രവർത്തികൾ തന്നെയാണ്.

കരുണയുടെ ജൂബിലിവർഷം കർത്താവിന് സ്വീകാര്യമായ സമയമാണ് (ലൂക്കാ 4:18-19; ഏശയ്യാ 61:1-2; MV. 16). "കാരുണ്യപ്രവർത്തികൾ ചെയ്യുന്നവർ അത് സന്തോഷത്തോടെ ചെയ്യട്ടെ" (റോമ 12:8) എന്ന വി. പൗലസിന്റെ മനോഭാവം നമുക്കുണ്ടാകണം. പ്രായം കവിഞ്ഞ ഏലീശ്വായുടെയും, അതിഥികൾക്ക് ഭക്ഷണം തികയാതെ വന്ന കാനായിലെ വീടിന്റെയും, കുരിശു വഹിച്ചു നീങ്ങിയ യേശുവിന്റെയും, അനാഥരെപ്പോലെയായ ശിഷ്യരുടെയും ആവശ്യങ്ങൾ കണ്ടറിഞ്ഞ് സഹായിച്ച "കരുണയുടെ അമ്മ" യായ പരി. കന്യകാമറിയത്തിന് നമ്മുടെ അതിരൂപതയുടെ കരുണാവർഷ പരിപാടികൾ സമർപ്പിച്ച് മധ്യസ്ഥത തേടാം. ഈ ജൂബിലി വർഷം ദൈവാനുഗ്രഹത്തിന്റെ അവസരമാകട്ടെയെന്ന് ആശംസിക്കുന്നു. അടുത്തു വരുന്ന പിറവിത്തിരുന്നാളിന്റെ മംഗളങ്ങൾ ഏവർക്കും സ്നേഹപൂർവ്വം നേരുന്നു

മിശിഹായിൽ നിങ്ങളുടെ പ്രിയ പിതാവ്,

+ Andrews Thazhath

തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത

---

NB: ഈ സർക്കുലർ **2015 ഡിസംബർ 6ന്** ഞായറാഴ്ച വി. കുർബാന മധ്യേ എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വായിക്കേണ്ടതാണ്. +AT

Ref: 2903/K-5/KCBC/OL/DS

2.12.2015

# 2016 ജനുവരി 15 കർഷകദിനം
## കെസിബിസി ഇൻഫാം പുറപ്പെടുവിക്കുന്ന സർക്കുലർ

മിശിഹായിൽ പ്രിയ സഹോദരീ സഹോദരന്മാരേ,

മുൻ വർഷങ്ങളിലേതുപോലെ ഈ വർഷവും ജനുവരി 15 കർഷക ദിനമായി കേരള കത്തോലിക്കാ സഭ ആചരിക്കുകയാണ്. സർക്കാർ തലത്തിൽ ചിങ്ങം ഒന്ന് കർഷകദിനമായി ആചരിക്കുന്നുണ്ടെങ്കിലും കർഷകരുടെ നൊമ്പരങ്ങൾ ഉൾക്കൊണ്ടുകൊണ്ട് കാർഷികമേഖലയുടെ പുരോഗതിക്കായി ആത്മാർത്ഥമായി പ്രവർത്തിക്കാത്ത സർക്കാരുകൾ സംഘടിപ്പിക്കുന്ന കർഷകദിനാഘോഷ ചടങ്ങുകൾ വെറും കെട്ടുകാഴ്ചകൾ മാത്രമാണെന്ന യാഥാർത്ഥ്യം തിരിച്ചറിഞ്ഞതിന്റെ വെളിച്ചത്തിലാണ് ഇൻഫാമിന്റെ നേതൃത്വത്തിൽ എല്ലാവർഷവും ജനുവരി 15 കർഷകദിനമായി ആചരിക്കുവാൻ കേരളസഭ ആഗ്രഹിക്കുന്നത്. മത്സ്യബന്ധനരംഗത്ത് നേരിടുന്ന വെല്ലുവിളികൾ, കാർഷിക നാണ്യവിളകളുടെ വിലത്തകർച്ച, വ്യാപക കീടബാധ, കാലാവസ്ഥാവ്യതിയാനം, വന്യമൃഗശല്യം, തൊഴിലാളി ക്ഷാമം, വർദ്ധിച്ച ഉൽപ്പാദനച്ചെലവ്, പ്രകൃതിക്ഷോഭം, കപടപരിസ്ഥിതിവാദം, കടക്കെണി, പട്ടയപ്രശ്നം മുതലായ നിരവധി പ്രശ്നങ്ങളാൽ തീരദേശത്തും ഇടനാട്ടിലും മലയോരത്തുമുള്ള കർഷകരുടെ നിലനിൽപ്പ്തന്നെ ചോദ്യം ചെയ്യപ്പെടുന്ന സാഹചര്യത്തിൽ അവരുടെ അതിജീവനം ഉറപ്പുവരുത്തുവാനും കാർഷികസംസ്ക്കാരത്തിന്റെ ആത്മീയത വീണ്ടെടുക്കുവാനും കർഷകദിനാചരണം പ്രയോജനപ്പെടണം.

രാജ്യത്തെ മുഴുവൻ ജനങ്ങളെയും തീറ്റിപ്പോറ്റാൻ ആവശ്യമായ ഭക്ഷ്യവസ്തുക്കളും, കോടിക്കണക്കിന് ജനങ്ങൾക്ക് തൊഴിൽ പ്രദാനം ചെയ്യുന്ന വ്യവസായ സംരംഭങ്ങൾക്ക് ആവശ്യമായ അസംസ്കൃതവസ്തുക്കളും, ഉല്പ്പാദിപ്പിക്കുകയും, കയറ്റുമതിയിലൂടെ സർക്കാരിന് കോടിക്കണക്കിന് രൂപയുടെ വരുമാനം നേടിക്കൊടുക്കുകയും ചെയ്യുന്ന കർഷകരെയും, കാർഷികവൃത്തിയേയും വേണ്ടത്ര ഗൗരവത്തോടെ പരി

ഗണിക്കുവാൻ നമ്മുടെ രാജ്യത്തെ സർക്കാരിനും ഉദ്യോഗസ്ഥർക്കും സാധിച്ചിട്ടില്ല എന്ന സത്യം ഇവിടെ അവശേഷിക്കുകയാണ്. ഇതിനൊരു മാറ്റം അനിവാര്യമാണ്.

വിളകളുടെ വിലത്തകർച്ചയും കടക്കെണിയും മൂലം കേരളത്തിലെ കർഷകർ തകർച്ച നേരിടേണ്ടിവന്ന സന്ദർഭത്തിലാണ് KCBCയുടെ നേതൃത്വത്തിൽ 2000-ാമാണ്ട് ഡിസംബർ മാസത്തിൽ ഇൻഫാം എന്ന സ്വതന്ത്ര കർഷകപ്രസ്ഥാനം കേരളമണ്ണിൽ ഒരു ചരിത്രനിയോഗംപോലെ രൂപം കൊണ്ടത്. ജാതിരാഷ്ട്രീയ ചിന്തകൾക്കതീതമായി ആയിരക്കണക്കിന് കർഷകരാണ് ഇൻഫാം പ്രസ്ഥാനത്തിൽ അണിചേർന്നത്. ഇൻഫാമിന്റെ നേതൃത്വത്തിൽ കർഷകർ നടത്തിയ അതിജീവനത്തിനായുള്ള നിരവധി പോരാട്ടങ്ങളിലൂടെ ഒട്ടേറെ നേട്ടങ്ങൾ കൈവരിക്കാൻ നമുക്ക് സാധിച്ചിട്ടുണ്ട്. കാർഷിക കടങ്ങൾ എഴുതിത്തള്ളുക, ജൈവകൃഷി പ്രോത്സാഹിപ്പിക്കുക, കർഷകർക്ക് പെൻഷൻ വർദ്ധിപ്പിക്കുക, വന്യമൃഗശല്യം തടയാനുള്ള നടപടികൾ സ്വീകരിക്കുക തുടങ്ങിയ ആവശ്യങ്ങൾ ഒരു പരിധിവരെ നേടിയെടുക്കുവാൻ നമുക്കു സാധിച്ചു എന്നത് അഭിമാനാർഹമാണ്. ഇൻഫാമിന്റെ നേതൃത്വത്തിൽ രൂപീകരിച്ച സ്വാശ്രയ സംഘങ്ങൾ കാർഷിക മേഖലയിൽ കഴിഞ്ഞ നാളുകളിൽ ഒട്ടേറെ ചലനങ്ങൾ സൃഷ്ടിക്കുക മാത്രമല്ല നിരവധി പ്രസ്ഥാനങ്ങൾക്ക് മാതൃകയുമായി. ഇടനിലക്കാരുടെ ചൂഷണത്തിൽ നിന്ന് കർഷകനെ രക്ഷിക്കാനായി നാം ആരംഭിച്ച കർഷക ഓപ്പൺ മാർക്കറ്റുകൾ പ്രാദേശിക തലങ്ങളിൽ ഇന്ന് വളരെ സജീവമായി പ്രവർത്തിക്കുന്നു. ഈ പ്രവർത്തനങ്ങളിലൂടെയെല്ലാം തങ്ങൾ ഒറ്റപ്പെട്ടവരാണെന്ന കർഷകരുടെ അപകർഷതാബോധം ഒരു പരിധിവരെ ദൂരീകരിക്കുവാനും സംഘടിച്ചു മുന്നേറേണ്ടത് ഈ കാലഘട്ടത്തിന്റെ ആവശ്യമാണെന്ന് അവരെ ബോധ്യപ്പെടുത്തുവാൻ കഴിഞ്ഞുവെന്നതും ഏറ്റവും വലിയ നേട്ടമായി കരുതുന്നു.

പക്ഷേ ഇന്നും കാർഷിക രംഗത്തെ പ്രശ്നങ്ങൾ അതിരൂക്ഷമായി തുടരുകയാണ്. വിവിധ കാർഷിക നാണ്യവിളകളുടെ വിലത്തകർച്ചയും കടക്കെണിയുമാണ് ഏറ്റവും ഗുരുതരമായ പ്രതിസന്ധി. റബ്ബറിന്റെ ഇറക്കുമതി നിയന്ത്രിക്കാനും അഭ്യന്തര ഉപയോഗം വർദ്ധിപ്പിക്കുവാനും, വിലയിടിവിൽ റബർ സംഭരിക്കുവാനും സർക്കാരുകൾ തയ്യാറാവണം. സമാനപ്രതിസന്ധി നേരിടുന്ന ഏലമുൾപ്പെടെയുള്ള വിവിധ നാണ്യ

വിളകളുടെ പ്രശ്നങ്ങളിലും സർക്കാർ ഇടപെടലുകൾ അനിവാര്യമാണ്. കർഷകർക്കെതിരെയുള്ള ജപ്തി നടപടികൾ നിർത്തിവെക്കണം. കേന്ദ്ര സംസ്ഥാന സർക്കാരുകൾ കാർഷിക ബഡ്ജറ്റ് അവതരിപ്പിക്കണം. വിളകൾക്ക് ഉൽപ്പാദനച്ചിലവിന്റെ ഇരട്ടി തുകയെങ്കിലും ലഭിക്കത്തക്കവിധത്തിൽ വിലസ്ഥിരത ഉറപ്പ് വരുത്തണം. സംസ്ഥാന സർക്കാർ പതിന്മടങ്ങായി വർദ്ധിപ്പിച്ചിരിക്കുന്ന ഭൂനികുതി പിൻവലിക്കണം. പശ്ചിമഘട്ടത്തിലെ കർഷകരുൾപ്പെടെയുള്ള ജനവിഭാഗങ്ങളുടെ ജീവിക്കാനുള്ള അവകാശം സംരക്ഷിക്കപ്പെടണം. കർഷകരുടെ ഭൂമിക്ക് ഉപാധിരഹിത പട്ടയം ലഭ്യമാക്കണം. മത്സ്യബന്ധനത്തിലേർപ്പെട്ടിരിക്കുന്ന തീരദേശവാസികളുടെ ജീവിത സാഹചര്യങ്ങൾ മെച്ചപ്പെടുത്തണം. ഗാഡ്ഗിൽ കസ്തൂരിരംഗൻ സമിതികളുടെയും മീനാകുമാരി കമ്മീഷന്റെയും റിപ്പോർട്ടുകളുടെ പശ്ചാത്തലത്തിൽ മലയോര തീരദേശ മേഖലകളിലെ ജനങ്ങളിലുടലെടുത്തിരിക്കുന്ന ആശങ്കകൾ പരിഹരിക്കപ്പെടണം. മേൽസൂചിപ്പിച്ച ആവശ്യങ്ങൾ നേടിയെടുക്കുവാൻ കർഷകർ സംഘടിച്ചേ പറ്റൂ. സംഘടിത തൊഴിലാളികളും, ഉദ്യോഗസ്ഥരും അവരുടെ അവകാശങ്ങൾ നേടിയെടുക്കുവാൻ പ്രകടിപ്പിക്കുന്ന കൂട്ടായ്മ കർഷകർ പാഠമാക്കേണ്ടതാണ്. കഠിനാധ്വാനം ചെയ്ത് നാടിനെയും പൊതുസമൂഹത്തെയും സേവിക്കുന്ന കർഷകരുടെ നിരവധിയായ പ്രശ്നങ്ങളിൽ മാറിമാറിവരുന്ന സർക്കാരുകൾ മുഖംതിരിഞ്ഞുനിൽക്കുന്നത് നീതിനിഷേധവും കുറ്റകരമായ അനാസ്ഥയുമാണ്.

കൃഷി ചെയ്യാൻ വായ്പകളും സബ്സിഡിയും പ്രഖ്യാപിച്ച് കാർഷിക സംസ്കാരത്തിലേയ്ക്ക് ഒരു ജനവിഭാഗത്തെ മുഴുവൻ ഇറക്കിവിട്ടതിനുശേഷം പ്രതിസന്ധികളുണ്ടാകുമ്പോൾ അവരെ സഹായിക്കാൻ ധാർമ്മിക ഉത്തരവാദിത്വമുള്ള സർക്കാർ ഒളിച്ചോടുന്നത് ശരിയായ നടപടിയല്ല. ജീവനക്കാർക്കും, പെൻഷൻകാർക്കും വർഷംതോറും സാമ്പത്തിക വർദ്ധനവ് ഏർപ്പെടുത്തുന്ന ഭരണനേതൃത്വങ്ങൾ പ്രവർത്തനവൈകല്യം മൂലം സാമ്പത്തിക തകർച്ച നേരിടുന്ന സർക്കാർവക സ്ഥാപനങ്ങളുടെയും കമ്പനികളുടെയും ബോർഡുകളുടെയും കടങ്ങളും നഷ്ടങ്ങളും എഴുതിത്തള്ളുമ്പോൾ ഇടനാട്ടിലും മലയോരങ്ങളിലുമുള്ള പാവപ്പെട്ട കർഷകരെയും, തീരദേശങ്ങളിലെ മത്സ്യത്തൊഴിലാളികളെയും സാധാരണക്കാരെയും നിർദ്ദയം അവഗണിക്കുന്നത് നീതിയല്ല.

ഫ്രാൻസിസ് പാപ്പയുടെ ദർശനം ഉൾക്കൊണ്ടുകൊണ്ട് പാർശ്വവൽക്കരിക്കപ്പെട്ട കർഷക സമൂഹത്തിന്റെ സമഗ്ര വിമോചനത്തിന് നേതൃത്വം നൽകുവാൻ ഓരോ രൂപതയും ബഹുമാനപ്പെട്ട വൈദികരും മുന്നോട്ടുവരണം. ഇൻഫാമിന്റെ യൂണിറ്റ് നിലവിലില്ലാത്ത ഇടവകകളിൽ യൂണിറ്റുകൾ രൂപീകരിക്കുവാൻ ബഹുമാനപ്പെട്ട വൈദികർ നേതൃത്വം നൽകണം. കർഷകദിനാചരണത്തിന്റെ ഭാഗമായി ജനുവരി 15-ന് ഇടവകകൾ തോറും ഇൻഫാം പതാകകൾ ഉയർത്തുകയും കാർഷിക സെമിനാറുകൾ, പൊതുയോഗങ്ങൾ തുടങ്ങിയവ സംഘടിപ്പിക്കുകയും വേണം.

കർഷക ക്ഷേമം ലക്ഷ്യമാക്കി നിസ്വാർത്ഥതയോടും, ത്യാഗമനോഭാവത്തോടുംകൂടി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന മഹനീയ വ്യക്തിത്വങ്ങളെയും ഇൻഫാമിൽ അണിചേർന്നിട്ടുള്ള മുഴുവൻ കർഷക സഹോദരങ്ങളെയും ഹൃദയപൂർവ്വം അഭിനന്ദിക്കുന്നു. കർഷകരുടെ ക്ഷേമത്തിനും രക്ഷക്കുംവേണ്ടി നടത്തപ്പെടുന്ന എല്ലാ പ്രവർത്തനങ്ങളുടെയും പ്രേരകശക്തി ദൈവഹിതമാണെന്ന ബോധ്യത്തോടെ പ്രതിസന്ധികളിൽ പതറാതെ നമുക്ക് ഒരുമിച്ച് മുന്നേറാം.

കേരള കത്തോലിക്കാ മെത്രാൻ സമിതിക്കുവേണ്ടി,

**ബിഷപ്പ് മാർ മാത്യു അറയ്ക്കൽ**
എപ്പിസ്കോപ്പൽ അഡ്വൈസർ, ഇൻഫാം
പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം
കൊച്ചി - 682 025

NB: *2016 ജനുവരി 10-ാം തീയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യണം.*

# കച്ചേരിക്കാര്യങ്ങൾ



**1. ഓർമിക്കേണ്ട ദിവസങ്ങൾ**

ജനുവരി 1 : വർഷാരംഭം
ആദ്യവെള്ളി
: നമ്മുടെ കർത്താവിന്റെ നാമകരണം
: ദൈവമാതൃത്വതിരുനാൾ
2 : വി. ചാവറ കുരിയാക്കോസ് ഏലീയാസ്
3 : **പിറവി രണ്ടാം ഞായർ**
6 : **നമ്മുടെ കർത്താവിന്റെ പ്രത്യക്ഷവത്ക്കരണത്തിരുനാൾ**
(ദനഹാതിരുനാൾ)
8 : വി. യോഹന്നാൻ മാംദാന
10 : **ദനഹാ ഒന്നാം ഞായർ**
17 : **ദനഹാ രണ്ടാം ഞായർ**
18 : മൂന്ന് നോമ്പാരംഭം
20 : വി.സെബസ്ത്യാനോസ്
22 : വി. സുവിശേഷകന്മാർ
23 : വി. ഫ്രാൻസിസ് സാലസ്
24 : **ദനഹാ മൂന്നാം ഞായർ**
25 : വി.പൗലോസിന്റെ മാനസാന്തരം
26 : വി. തിമോത്തിയും തീത്തൂസും
28 : വി.തോമസ് അക്വീനാസ്
29 : വി.എസ്തപ്പാനോസ്
30 : വി. ജോൺ ബോസ്കോ
31 : **ദനഹാ നാലാം ഞായർ**

**2. ജനുവരി മാസത്തെ പരിപാടികൾ**

| | | | |
|---|---|---|---|
| ജനുവരി | 12 | : 07:30 pm | സാമ്പത്തിക സമിതിയോഗം |
| | 17–20 | : | നവവൈദികർക്കുള്ള ക്ലാസ്സ് |
| | 21 | : 10:30 am | ആലോചനസമിതി യോഗം |
| | 26 | : | റിപ്പബ്ലിക് ദിനം |
| | 27 | : 10:00 am | നവവൈദികർക്കുള്ള സ്വീകരണവും വൈദികസമ്മേളനവും |

30 : 9:30 am കൈക്കാരന്മാരുടെയും കണക്കെഴുത്തു കാരുടെയും സംയുക്തയോഗം

**3. ദനഹാക്കാലം**

ഉദയം, പ്രത്യക്ഷവല്ക്കരണം, ആവിഷ്കാരം, വെളിപാട് എന്നെല്ലാം അർത്ഥം വരുന്ന 'ദനഹാ'ക്കാലത്തിൽ, ജോർദ്ദാൻ നദിയിൽ വെച്ച് ഈശോയുടെ മാമ്മോദീസാവേളയിൽ ആരംഭിച്ച അവിടുത്തെ പരസ്യജീവിതമാണ് സഭ അനുസ്മരിക്കുന്നത്. ഈശോ സ്വയം ലോകത്തിനു വെളിപ്പെടുത്തുകയും പിതാവും പരിശുദ്ധാത്മാവും അത് സാക്ഷ്യപ്പെടുത്തുകയും ചെയ്യുന്നു. "ഇവൻ എന്റെ പ്രിയപുത്രനാകുന്നു; ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു" (മത്താ. 3 :7).

ജനുവരി 6-ന് ആഘോഷിക്കപ്പെടുന്ന കർത്താവിന്റെ 'ദനഹാ'തിരുനാളിനെ കേരളത്തിന്റെ വടക്കൻ ഭാഗങ്ങളിൽ 'പിണ്ടിക്കുത്തി'പെരുനാളെന്നും തെക്കൻഭാഗങ്ങളിൽ 'രാക്കുളി' പെരുനാളെന്നും വിളിക്കാറുണ്ട്. ലോകത്തിന്റെ പ്രകാശമായ മിശിഹായെ ബഹുമാനിക്കുന്നതിനും സ്തുതിക്കുന്നതിനും വാഴപ്പിണ്ടിയിൽ പന്തംകൊളുത്തി അതിനു ചുറ്റും പ്രദക്ഷിണം വച്ചുകൊണ്ട് 'ദൈവം പ്രകാശമാകുന്നു' (ഏൽ പയ്യ) എന്ന് ആർത്തു വിളിച്ചിരുന്ന പതിവിൽ നിന്നാണ് 'പിണ്ടികുത്തി' പെരുനാൾ ഉണ്ടായത്. ഈശോയുടെ മാമ്മോദീസയെ സ്മരിച്ചുകൊണ്ട് ഈ തിരുനാളിന്റെ തലേദിവസം അടുത്തുള്ള നദിയിലോ കുളത്തിലോ പോയി പൂർവ്വികർ നടത്തിയിരുന്ന ആചാരക്കുളിയിൽ നിന്നാണ് 'രാക്കുളി' എന്ന പേരു ലഭിച്ചത്. തികച്ചും മതാത്മകമായി നടത്തിയിരുന്ന ഒരു കർമ്മമായിരുന്നു അത്.

വെളിപ്പെടുത്തപ്പെട്ട മിശിഹാരഹസ്യത്തെ തങ്ങളുടെ ജീവിതങ്ങളിലൂടെ സാക്ഷ്യപ്പെടുത്തിയ വിശുദ്ധാത്മാക്കളെ ദനഹാകാലത്തെ വെള്ളിയാഴ്ചകളിൽ സഭ അനുസ്മരിക്കുന്നു. ഈശോയുടെ മാമ്മോദീസ, അവിടുത്തെ പരസ്യജീവിതം, അവിടുത്തെ വ്യക്തിത്വവും മാനുഷിക-ദൈവിക സ്വഭാവങ്ങളും, പിതാവിനോടും പരിശുദ്ധാത്മാവിനോടും അവിടുത്തേക്കുള്ള ഗാഢമായ ബന്ധം, സ്വയം ശൂന്യവത്കരിക്കുന്ന അവിടുത്തെ സ്നേഹം എന്നിവ ഈ കാലത്തിലെ പ്രധാനപ്പെട്ട വിഷയങ്ങളാണ്.

**4. ചെന്നൈ ദുരിതാശ്വാസഫണ്ട്:**

മുമ്പ് അറിയിച്ചിരുന്നതുപോലെ 2015 ഡിസംബർ 20ന് ഞായറാഴ്ച വി. കുർബാന മദ്ധ്യേ ചെന്നൈ ദുരിതാശ്വാസപ്രവർത്തനങ്ങൾക്കുവേണ്ടി എടുത്ത പ്രത്യേകപിരിവ് 2015 ഡിസംബർ 31ന് മുമ്പ് അതിരൂപത ഫിനാൻസ് ഓഫീസിൽ ഏല്പിക്കാൻ ബഹു. വികാരിമാർ ശ്രദ്ധിക്കുമല്ലോ.

**5. കാരുണ്യനിധി കവർ പിരിവ്:**

അതിരൂപതയുടെ കാരുണ്യപ്രവർത്തനങ്ങളെ കുറിച്ചുള്ള അഭിവന്ദ്യപിതാ

വിന്റെ ക്രിസ്തുമസ്സ് കത്തും കാരുണ്യനിധിയിലേക്കുള്ള 2015ലെ സംഭാവന കവറുകളും എല്ലാ വീടുകളിലും കത്തോലിക്കാസഭപത്രത്തോടൊപ്പം എത്തിച്ചിട്ടുണ്ട്. പ്രസ്തുത കവർ പിരിവ് 2016 ജനുവരി 31ന് മുമ്പ് അതിരൂപത ഫിനാൻസ് ഓഫീസിൽ ഏല്പിക്കാൻ ബഹു. വികാരിമാർ ശ്രദ്ധിക്കുമല്ലോ.

**6. നോമ്പാരംഭത്തിലെ വൈദികർക്കുള്ള പൊതുവായ മാസധ്യാനം :**

വൈദികരുടെ പുതുവർഷത്തിലെ ആദ്യത്തെ പൊതു മാസധ്യാനം 2016 ഫെബ്രുവരി 10-ന് ബുധനാഴ്ച ഡി. ബി. സി. എൽ. സി. യിൽ വച്ച് നടത്തുന്നതാണ്. കാലത്ത് 10 മണിക്ക് ധ്യാനം ആരംഭിക്കും. എല്ലാ വൈദികരും പങ്കെടുക്കേണ്ടതാണ്.

**7. വലിയ നോമ്പ് :**

2016 ഫെബ്രുവരി 07 ഞായറാഴ്ച അർദ്ധരാത്രി മുതൽ വലിയനോമ്പാരംഭിക്കും. നോമ്പുകാലത്തെ പ്രാർത്ഥനയുടേയും പ്രായശ്ചിത്തത്തിന്റേയും ആത്മീയ നവീകരണത്തിന്റെയും കാലഘട്ടമാക്കി മാറ്റാൻ ശ്രദ്ധിക്കുമല്ലോ. നോമ്പുകാലത്തെ പ്രത്യേക പരിപാടികൾ :

| | |
|---|---|
| 08.02.2016 : | വിഭൂതി തിങ്കൾ : ഉപവാസദിനം |
| 10.02.2016 : | വൈദിക മാസധ്യാനം |
| 13.03.2016 : | പാലയൂർ മഹാതീർത്ഥാടനം |
| 20.03.2016 : | ഓശാന ഞായർ |
| 21.03.2016 : | സമർപ്പിത വിശുദ്ധീകരണദിനം; മൂറോൻ കൂദാശ |
| 24.03.2016 : | പെസഹാവ്യാഴം |
| 25.03.2016 : | പീഡാനുഭവവെള്ളി : ഉപവാസദിനം |
| 27.03.2016 : | ഉയിർപ്പ് തിരുനാൾ |

**8. വിവാഹാഘോഷം മുടക്ക് :**

2016 ഫെബ്രുവരി 7 ഞായറാഴ്ച അർദ്ധരാത്രി മുതൽ ഉയിർപ്പുതിരുനാൾ വരെ വിവാഹത്തിന് മുടക്കമായിരിക്കും. ഈ വിവരം ബഹു. വൈദികർ വിശ്വാസികളെ നേരത്തെകൂട്ടി ഓർമ്മിപ്പിക്കേണ്ടതാണ്.

**9. വൈദികസമ്മേളനവും നവവൈദികർക്ക് സ്വീകരണവും :**

പുതുവർഷത്തിലെ ആദ്യത്തെ വൈദികസമ്മേളനവും നവവൈദികർക്കുള്ള സ്വീകരണവും 27-01-2016ന് ഡി.ബി.സി.എൽ.സി.യിൽ വെച്ചായിരിക്കും നടത്തുന്നത്. കാലത്ത് 10 മണിക്ക് ആരംഭിക്കും. അതിരൂപതയ്ക്കും മറ്റു രൂപതകൾക്കും സന്യാസസമൂഹങ്ങൾക്കും വേണ്ടി അതിരൂപതയിലെ വിവിധ ഇടവകകളിൽ നിന്ന് പട്ടം സ്വീകരിച്ച നവവൈദികർക്ക് അന്നേ ദിവസം സ്വീകരണം നൽകുന്നുണ്ട്. മേല്പ്പറഞ്ഞ പ്രകാരമുള്ള നവവൈദികരുടെ വിശദാംശങ്ങൾ 10-01-2016നു മുമ്പായി ബഹു. വികാരിയച്ചന്മാരും സന്യാസാധി

കാരികളും അതിരൂപത കാര്യാലയത്തിൽ അറിയിക്കണം. സ്വീകരണവിവരം നവവൈദികരെയും അറിയിക്കണം.

അതിരൂപതയിലെ വൈദികരുടെ സ്ഥലം മാറ്റം അന്നുതന്നെ പ്രഖ്യാപിക്കുന്നതാണ്. ഫെബ്രുവരി 3-ാം തീയതിയായിരിക്കും സ്ഥലംമാറ്റം പ്രാബല്യത്തിൽ വരുന്നത്.

**10. പാലയൂർ മഹാതീർത്ഥാടനം :**

2016 മാർച്ച് 13നാണ് ഈ വർഷത്തെ പാലയൂർ മഹാതീർത്ഥാടനം. തീർത്ഥാടനം വിജയിപ്പിക്കാൻ എല്ലാവരും സഹകരിക്കണം. ഇടവകകളിലും സ്ഥാപനങ്ങളിലും സന്യാസസമൂഹങ്ങളിലും അന്നേദിവസം പ്രത്യേക പരിപാടികൾ ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കണം.

മുൻ വർഷങ്ങളിലെപ്പോലെ നോമ്പുകാലത്തെ വെള്ളിയാഴ്ചകളിൽ പാലയൂരിലേക്ക് ഇടവകകളുടേയും ഫൊറോനകളുടേയും നേതൃത്വത്തിൽ ജാഗരണതീർത്ഥാടനങ്ങൾ സംഘടിപ്പിക്കുന്നത് ഉചിതമാണ്. ജാഗരണ തീർത്ഥാടനങ്ങൾ സംഘടിപ്പിക്കാൻ ബഹു. വികാരിയച്ചന്മാർ പ്രത്യേകം താത്പര്യമെടുക്കണമെന്ന് ഓർമ്മപ്പെടുത്തുന്നു.

**11. സമർപ്പിത വിശുദ്ധീകരണദിനം :**

2016 മാർച്ച് 21-ാം തീയതിയാണ് ഈ വർഷത്തെ സമർപ്പിത വിശുദ്ധീകരണദിനം. അതിരൂപതയിലെ മുഴുവൻ വൈദികരും സമർപ്പിതരും അന്നത്തെ പരിപാടികളിൽ പൂർണ്ണമായും പങ്കെടുക്കേണ്ടതാണ്. അന്നേദിവസം കാലത്ത് 10 മണി മുതൽ ഉച്ചക്കഴിഞ്ഞ് 3 മണിവരെ ലൂർദ്ദ് കത്തീഡ്രലിൽ സമർപ്പിതരുടെ പ്രാർത്ഥനാ ഉപവാസദിനമായി ആചരിക്കുന്നു. ഉച്ചകഴിഞ്ഞ് അഭിവന്ദ്യ പിതാക്കന്മാരുടെ മുഖ്യ കാർമ്മികത്വത്തിൽ നടക്കുന്ന വി. കുർബ്ബാന മദ്ധ്യേ മൂറോൻ കൂദാശ നടത്തുന്നതാണ്. വെഞ്ചിരിച്ച സൈത്ത് പള്ളികളിലേക്കും സ്ഥാപനങ്ങളിലേക്കും ലഭിക്കുന്നതാണ്.

**12. കൈക്കാരന്മാരുടെയും കണക്കെഴുത്തുകാരുടെയും സംയുക്തയോഗം :**

2016 ജനുവരി 30ന് രാവിലെ 9:30മണിക്ക് കൈക്കാരന്മാരുടെയും കണക്കെഴുത്തുകാരുടെയും സംയുക്തയോഗം ആർച്ച്ബിഷപ്പ്സ് ഹൗസിൽ കൂടുന്നു. എല്ലാ ഇടവകകളിൽ നിന്നും കൈക്കാരന്മാരെയും കണക്കെഴുത്തുകാരെയും പങ്കെടുപ്പിക്കാൻ ബഹു. വികാരിമാർ ശ്രദ്ധിക്കുമല്ലോ.

**13. വൈദികരുടെ നിയമനം :**

1. ഫാ. ജാക്സൺ കൂനംപ്ലാക്കൽ – സഹായി അതിരൂപത രേഖാലയം കൂടി; സാധുത 2015 നവംബർ 6 മുതൽ.
2. ഫാ. ആന്റോ ചിരിയങ്കണ്ടത്ത് – മെൽബൺ രൂപതയിൽ സേവനാനുമതി; വികാരി ചെവ്വൂർ & കപ്ലോൻ സി. എച്ച്.

| | | |
|---|---|---|
| | | എഫ്. ഒഴിവായി. സാധുത 2015 നവംബർ 23 മുതൽ. |
| 3. ഫാ. ലിജോ ചിരിയങ്കണ്ടത്ത് | - | ആക്ടിംഗ് വികാരി ചെവ്വൂർ & കപ്ലോൻ സി. എച്ച്. എഫ്. ഒഴിവായി. സാധുത 2015 നവംബർ 23 മുതൽ. |
| 4. ഫാ. ആന്റോ പറമ്പൻ CMI | - | കപ്ലോൻ ഒ. എൽ. എഫ് വരന്തരപ്പിള്ളി കൂടി; സാധുത 2015 ആഗസ്റ്റ് 3 മുതൽ. |
| 5. ഫാ. ജോർജ്ജ് നിരപ്പുകാലയിൽ | - | ആക്ടിംഗ് വികാരി പാത്രമംഗലം കൂടി; സാധുത 2015 നവംബർ 28 മുതൽ. |
| 6. ഫാ. ലിജോ അതിയുന്തൻ CMI | - | സഹവികാരി അരിമ്പൂർ ഒഴിവായി; സാധുത 2015 നവംബർ 16 മുതൽ. |

**14. പ്രത്യേക നിയമനങ്ങൾ :**

**കൈക്കാരന്മാർ :**

| | |
|---|---|
| തങ്ങാലൂർ നോർത്ത് | അക്കര തോമസ് പൗലോസ് |
| | മാറോക്കി റപ്പായി സൈമൺ |
| കിള്ളിമംഗലം | ചിറമ്മൽ മാത്യു ഷീജൻ |
| | എടക്കളത്തൂർ ചാക്കു ജെയിംസ് |
| അഞ്ചേരി സൗത്ത് | ജോസ് നെല്ലിശ്ശേരി |
| | മെൽവിൻ മോഹൻ പുതുക്കാട്ടുകാരൻ |
| | റോജൻ ചാലിശ്ശേരി |
| | ജെയ്സൺ പ്ലാക്കൽ |
| കാരമുക്ക് നോർത്ത് | വടക്കേത്തല കറുത്തേടത്തുപറമ്പിൽ ഔസേപ്പ് അന്തോണി |
| | ചാലക്കൽ പോത്താനി ലൂവീസ് ജോസഫ് |
| പീച്ചി | ബിജു പുത്തൻവീട്ടിൽ |
| | മെജോ പയ്യപ്പിള്ളി |
| | യോഹന്നാൻ കാഞ്ഞിരത്തിങ്കൽ |
| വെളപ്പായ | എടക്കളത്തൂർ ഔസേപ്പ് ഫ്രാൻസിസ് |
| | തൈക്കാട്ടിൽ ദേവസ്സി ജോസ് |
| | എടക്കളത്തൂർ പൊറിഞ്ചു ഫ്രാൻസിസ് |



**മാർ റാഫേൽ തട്ടിൽ**
അതിരൂപത സഹായമെത്രാൻ &
പ്രോട്ടോ-സിഞ്ചെല്ലൂസ്

# ആദരാഞ്ജലികൾ

## റവ. ഫാ. പീറ്റർ പാലയൂർ

(25.12.1961 – 21.11.2015)



തൃശൂർ: തൃശൂർ അതിരൂപതയിലെ വൈദികനായ റവ. ഫാ. പീറ്റർ പാലയൂർ (54) 2015 നവംബർ 21 ശനിയാഴ്ച രാവിലെ 11 മണിക്ക് നിര്യാതനായി.

ആളൂർ ഇടവകയിലെ പരേതരായ പാലയൂർ തോമ – മറിയം ദമ്പതികളുടെ ആറാമത്തെ മകനായി 1961 ഡിസംബർ 25ന് ജനിച്ചു. തൃശ്ശൂർ മൈനർ സെമിനാരി, ആലുവ സെന്റ് ജോസഫ് പൊന്തിഫിക്കൽ സെമിനാരി എന്നിവിടങ്ങളിലെ വൈദികപരിശീലനം പൂർത്തിയാക്കിയശേഷം 1993 ജനുവരി 2ന് മാർ ജോസഫ് കുണ്ടുകുളം പിതാവിൽനിന്ന് തിരുപ്പട്ടം സ്വീകരിച്ചു.

ഒല്ലൂർ, ചേലക്കര, കണ്ടശ്ശാംകടവ് എന്നീ പള്ളികളിൽ അസ്തേന്തിയായും, തങ്ങാലൂർ, തങ്ങാലൂർ നോർത്ത്, പൂമല, ചോറ്റുപാറ, വില്ലടം, പൊറത്തൂർ എന്നീ ഇടവകകളിൽ വികാരിയായും അദ്ദേഹം സേവനം ചെയ്തിട്ടുണ്ട്. 2012 മുതൽ പാത്രമംഗലം ഇടവകയിൽ വികാരിയായി സേവനം ചെയ്തുവരികയായിരുന്നു.

തൃശൂർ സെന്റ് ജോസഫ് വൈദികമന്ദിരത്തിൽ 2015 നവംബർ 22ന് ഞായറാഴ്ച രാവിലെ 6 മണിക്ക് മോൺ. ജോർജ്ജ് കോമ്പാറയുടെ മുഖ്യകാർമ്മികത്വത്തിലുള്ള

വി. ബലിക്കുശേഷം മൃതദേഹം പാത്രമംഗലം ഇടവകയിലേക്ക് സംവഹിക്കുകയും, അവിടെ ദിവ്യബലിക്കും പൊതുദർശനത്തിനുംശേഷം ആളൂരിലുള്ള സ്വവസതിയിലേക്ക് കൊണ്ടുപോകുകയും ചെയ്തു. ഉച്ചകഴിഞ്ഞ് 1:30ന് അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ മൃതസംസ്കാരശുശ്രൂഷയുടെ ഒന്നാം ഭാഗം നടത്തപ്പെടുകയും തുടർന്ന് മൃതദേഹം വിലാപയാത്രയായി ആളൂർ സെന്റ് സെബാസ്റ്റ്യൻ പള്ളിയിലേക്ക് കൊണ്ടുവരികയും മോൺ. ജോർജ്ജ് എടക്കുളത്തൂരിന്റെ മുഖ്യകാർമ്മികത്വത്തിൽ മൃതസംസ്കാരശുശ്രൂഷയുടെ രണ്ടാം ഭാഗം നടത്തപ്പെടുകയും ചെയ്തു. തുടർന്ന് 4 മണിക്ക് മാർ ജേക്കബ് തൂങ്കുഴി പിതാവിന്റെ മുഖ്യകാർമ്മികത്വത്തിലും, മാർ റാഫേൽ തട്ടിൽ പിതാവിന്റെ സഹകാർമ്മികത്വത്തിലും ദിവ്യബലിയും മൃതസംസ്കാരശുശ്രൂഷയുടെ മൂന്നാം ഭാഗവും നടത്തപ്പെട്ടു. തുടർന്ന് മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ കാർമ്മികത്വത്തിൽ നാലാംഭാഗം ആരംഭിക്കുകയും അഭിവന്ദ്യ മാർ ജേക്കബ് തൂങ്കുഴി പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ സെമിത്തേരിയിലെ സമാപനശുശ്രൂഷകൾ നടത്തപ്പെടുകയും ചെയ്തു.

'ആത്മാർത്ഥതയോടെ സേവനം ചെയ്യുക' എന്ന ആപ്തവാക്യവുമായി കർത്താവിന്റെ മുന്തിരി തോട്ടത്തിൽ അത്യധ്വാനം ചെയ്ത പാലയൂർ ബഹു. പീറ്റർ അച്ചന് അതിരൂപതയുടെ പ്രാർത്ഥനാനിർഭരമായ അന്ത്യാഞ്ജലികൾ!!!!!!





# മെത്രാപ്പോലീത്തായുടെ പരിപാടികൾ

## January 2016

| Date | Day | Time | Programme |
|---|---|---|---|
| | | | ***Happy New Year*** |
| 01 | Fri | Morning | Ordination at Thanniam: Rev. Dn. Anjo Jose Valikudath CMI |
| | | Afternoon | Blessing: Shopping Complex – Chirackal |
| 02 | Sat | Morning | Ordination at Ponganamkad |
| | | Morning | Bible Colours – Thope Indoor |
| | | Afternoon | Convent Blessing at Puranattukara |
| | | Evening | Jubilee Meeting - Pudukad |
| 03 | Sun | Morning | Church Blessing at Puthur; Edakaluthur |
| | | Evening | Meeting at Puthussery |
| 04 | Mon | | Engaged |
| 05 | Tue | | Engaged |
| 06 | Wed | Morning | Holy Mass at Minor Seminary, Office Work |
| 07 - 12 | | | **Synod of Bishop's** |
| 10 | Sun | Evening | Meeting at Poovathussery |
| 13 | Wed | Evening | Annual Day: Holy Cross School at Arthat |
| 14 | Thu | | Engaged |
| 15 | Fri | | Engaged |
| 16 | Sat | Morning | KCYM: State Level Meeting – Alagappa Nagar |
| | | Evening | Annual Day & Golden Jubilee - Enammavu |
| 17 | Sun | Morning | Engaged |
| | | Evening | Meeting - Year of Mercy: Palayur |
| 18 | Mon | Morning | For the Priests & Religious |
| 19 | Tue | Morning | Curia Meeting, Out of Station |
| 20 | Wed | Morning | Jubilee Celebration: CSC |
| | | Evening | Engaged |
| 21 | Thu | Morning | Consulters' Meeting |

| | | | |
|---|---|---|---|
| 22 | Fri | Morning | Curia Meeting |
| | | Afternoon | Care Homes' Directors' Meeting |
| 23 | Sat | Morning | Parents' Day: Minor Seminary |
| 24 | Sun | | Engaged |
| 25 | Mon | Morning | For the People |
| | | After noon | Vestition: Samaritan Sisters, Mannuthy |
| 26 | Tue | Morning | Curia Meeting |
| | | Afternoon | Award Day: DBCLC |
| 27 | Wed | | Reception to New Priests |
| 28 | Thu | | Engaged |
| 29 | Fri | Morning | Curia Meeting |
| 30 | Sat | Morning | Baptism & Holy Mass at Vadookara |
| | | | Meeting with Trustees & Accountants of the parishes |
| 31 | Sun | | Prayer Day |



Jan. 2016

# സഹായമെത്രാന്റെ പരിപാടികൾ

| Date | Day | Time | Programme |
|---|---|---|---|
| 01 | Fri | | ***Happy New Year*** |
| | | Morning | Holy Mass – Athani |
| | | | Holy Mass – Perinchery |
| | | Evening | Meeting - Ammadam |
| 02 | Sat | Morning | Ordination at Ambakkad: Rev. Dn. Justin Thekkanath<br>Baptism – Lourdes Cathedral |
| | | Evening | Engaged - Aranattukara |
| 03 | Sun | Morning | Holy Mass – Kanjany |
| | | Evening | Holy Mass - Mullakkara |
| 05 | Tue | Morning | Holy Mass – Pazhuvil |
| 06 | Wed | Morning | Holy Mass & Blessing of shops & Inauguration – Chirackal |
| | | Evening | Holy Mass - Chittattukara |
| 07 - 12 | | | **Synod of Bishops** |
| 10 | Sun | Evening | First Holy Communion - Ponganamkad |
| 13 | Wed | Morning | Annual Day Celebration – St. Clare's School, Thrissur |
| | | Afternoon | Meeting - L F College |
| 15 – 21 | | | Bahrin |
| 23 - 25 | Sat | | Hyderabad |
| 27 | Wed | | New Priests Reception |
| 28 | Thu | Evening | Holy Mass & Jubilee Celebration - Bharatha |
| 30 - 31 | Sat | | Goa |

# നാളാഗമം

## നവംബർ 2015

01. അഭിവന്ദ്യ താഴത്ത് പിതാവ് കൂനമൂച്ചി ഇടവകയിൽ ഇടയസന്ദർശനം നടത്തി. അഭിവന്ദ്യ തട്ടിൽ പിതാവ് ചോറ്റുപാറ ഇടവകയിൽ പുതുക്കി പണിത അൾത്താരയുടെ ആശീർവാദകർമ്മം നിർവഹിച്ചു.

02. സകല മരിച്ചവരുടെയും ഓർമ്മദിനത്തോടനുബന്ധിച്ച് അഭിവന്ദ്യ താഴത്ത് പിതാവ് ലൂർദ്ദ് കത്തിഡ്രലിലും അഭിവന്ദ്യ തട്ടിൽ പിതാവ് തൃശ്ശൂർ ബസിലിക്കയിലും ദിവ്യബലിയർപ്പിച്ചു.

03. അഭിവന്ദ്യ താഴത്ത് പിതാവ് പടവരാട് ഇടവകയിൽ ദിവ്യബലിയർപ്പിക്കുകയും സെമിത്തേരിയുടെ ആശീർവാദകർമ്മം നിർവഹിക്കുകയും ചെയ്തു. അഭിവന്ദ്യ തട്ടിൽ പിതാവ് പഴുവിൽ ഇട വകയിൽ പ്ലസ് ടു സ്കൂൾ കെട്ടിടത്തിന് തറകല്ലിട്ടു. വൈകിട്ട് നെടു പുഴ ജോർദ്ദാനിയ കോൺവെന്റിൽ ആരാധന കപ്പേളയുടെ ആശീർവാ ദകർമ്മം നിർവഹിച്ചു.

06. അഭിവന്ദ്യ താഴത്ത് പിതാവ് ഇംഗ്ലീഷ് മീഡിയം സ്കൂളുകളുടെ Managers ന്റെയും Principals ന്റെയും സംയുക്ത മീറ്റിംഗിൽ പങ്കെടുത്തു. ഉച്ചതിരിഞ്ഞ് ലൂർദ്ദ് കത്തിഡ്രലിൽ ദിവ്യബലിയർപ്പിച്ചു. വൈകുന്നേരം മൈനർ സെമിനാരിയുടെ ഹോംഡേ യോടനുബന്ധിച്ച് നടന്ന പൊതുസമ്മേളനത്തിൽ പങ്കെടുത്തു. അഭിവന്ദ്യ തട്ടിൽ പിതാവ് മാള സെന്റ് സ്റ്റെയിൻസ്ലാവോസ് ഇടവക തിരുനാളിനോടനുബന്ധിച്ച് വി. ബലിയർപ്പിച്ചു.

07. അഭിവന്ദ്യപിതാക്കന്മാർ മൈനർ സെമിനാരിയുടെ ഹോംഡേയോടനുബന്ധിച്ച് ദിവ്യബലിയർപ്പിക്കുകയും മറ്റു ആഘോഷങ്ങളിൽ പങ്കെടുക്കുകയും ചെയ്തു. അഭിവന്ദ്യ താഴത്ത് പിതാവ് നെല്ലിക്കുന്ന് ഇടവകയിൽ അഞ്ചാമത്തെ കുട്ടിയുടെ മാമ്മോദീസയ്ക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. ഉച്ചതിരിഞ്ഞ് നടന്ന സംഘടനകളുടെ ഏകോപന സമിതിയിൽ പങ്കെടുത്തു.

08. അഭിവന്ദ്യ താഴത്ത് പിതാവ് ആമ്പക്കാട് ഇടവക ദൈവാലയത്തിന്റെ കൂദാശകർമ്മത്തിന് മുഖ്യകാർമ്മികത്വം വഹിച്ചു. ഉച്ചതിരിഞ്ഞ് അഭിവന്ദ്യപിതാക്കന്മാർ മാർ ഫ്രാങ്കോ മുളയ്ക്കൽ പിതാവിന്റെ അമ്മയുടെ മൃതസംസ്കാര ശുശ്രൂഷകളിൽ പങ്കെടുത്തു. അഭിവന്ദ്യ

തട്ടിൽ പിതാവ് രാവിലെ പാലക്കാട് നെന്മാറ ഇടവകയിൽ വി. ബലിയർപ്പിച്ചു.

09. അഭിവന്ദ്യ താഴത്ത് പിതാവ് നെടുപുഴ ഇടവകയിൽവെച്ച് നടന്ന എം. എസ്. എം. ഐ. സന്യാസിനീസമൂഹത്തിന്റെ സഭാവസ്ത്ര സ്വീകരണത്തിനു മുഖ്യകാർമ്മികത്വം വഹിച്ചു. അഭിവന്ദ്യ തട്ടിൽ പിതാവ് വലക്കാവ് കോൺവെന്റ് ചാപ്പൽ ആശീർവദിച്ച് വി. ബലിയർപ്പിച്ചു. പടവരാട് ഇടവകയിൽ നടന്ന സമർപ്പിതസംഗമത്തിൽ പങ്കെടുത്തു വി. ബലിയർപ്പിച്ചു.

10. അഭിവന്ദ്യ താഴത്ത് പിതാവ് പടവരാട് ഇടവകയിൽവെച്ചു നടന്ന തിരുപ്പട്ടസ്വീകരണത്തിനു മുഖ്യകാർമ്മികത്വം വഹിച്ചു.

11. അഭിവന്ദ്യ താഴത്ത് പിതാവ് ദൈവശബ്ദം കൺവെൻഷനിൽ ദിവ്യബലിയർപ്പിച്ചു. അഭിവന്ദ്യ തട്ടിൽ പിതാവ് അതിരൂപതയിലെ ഡീക്കന്മാർക്കുള്ള കോഴ്സിൽ ക്ലാസ്സെടുത്തു.

12. അഭിവന്ദ്യ താഴത്ത് പിതാവ് ഡി.ബി.സി.എൽ.സി യിൽവെച്ചു നടന്ന ഡീക്കന്മാരുടെ Course ന്റെ ഭാഗമായി അവരുടെ മാതാപിതാക്കളുടെ സംഗമത്തിൽ പങ്കെടുക്കുകയും ദിവ്യബലിയർപ്പിക്കുകയും ചെയ്തു. വൈകുന്നേരം ഡീക്കന്മാർക്ക് ക്ലാസ്സെടുത്തു. അഭിവന്ദ്യ തട്ടിൽ പിതാവ് അഹമ്മദാബാദ് കൺവെൻഷനിൽ പങ്കെടുത്തു.

13. അഭിവന്ദ്യ താഴത്ത് പിതാവ് ടീച്ചേഴ്സ് ഗിൽഡിന്റെ ഭാഗമായി സംസ്ഥാനതല കോർപ്പറേറ്റ് മാനേജർമാരുടെ യോഗത്തിൽ പങ്കെടുത്തു. ഉച്ചതിരിഞ്ഞ് വെങ്ങിണിശ്ശേരി ഇടവകയിൽ ദിവ്യബലിയർപ്പിക്കുകയും പാലിയേറ്റീവ് കെയറിന്റെ യൂണിറ്റ് ഉദ്ഘാടനം ചെയ്യുകയും ചെയ്തു.

14. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ ആർച്ച്ബിഷപ്പ്സ് ഹൗസിൽ നടന്ന പാസ്റ്ററിൽ കൗൺസിൽ യോഗത്തിൽ പങ്കെടുക്കുകയും ഉച്ചതിരിഞ്ഞ് നടന്ന അതിരൂപത അവാർഡ് ദിനത്തിൽ പങ്കെടുക്കുകയും ചെയ്തു. ഉച്ചതിരിഞ്ഞ് മാർ പ്രിൻസ് പാണേങ്ങാടൻ പിതാവിന് ലൂർദ്ദ് കത്തിഡ്രലിൽ നൽകിയ സ്വീകരണത്തിൽ പങ്കെടുത്തു.

15. രാവിലെ അഭിവന്ദ്യ താഴത്ത് പിതാവ് സെന്റ് ആൻസ് ഇടവകയിൽ പാലിയേറ്റീവ് കെയർ യൂണിറ്റിന്റെ ഉദ്ഘാടനം നിർവ്വഹിച്ചു. അതിനുശേഷം ചേർപ്പ് ഇടവകയിൽ ദിവ്യബലിയർപ്പിക്കുകയും പാലിയേറ്റീവ് കെയർ യൂണിറ്റിന്റെ ഉദ്ഘാടനം നിർവ്വഹിക്കുകയും ചെയ്തു. അരിമ്പൂർ ഇടവകയിൽ മാർ പ്രിൻസ് പാണേങ്ങാടനു

നൽകിയ സ്വീകരണയോഗത്തിൽ പങ്കെടുത്തു.

16. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ നടന്ന ഫൊറോന വികാരിമാരുടെ യോഗത്തിൽ പങ്കെടുത്തു.

17. മേരിമാതാ മേജർ സെമിനാരിയിൽ അഭിവന്ദ്യ താഴത്ത് പിതാവ് ദിവ്യബലിയർപ്പിച്ചു.

18. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ കാരമുക്ക് ഇടവകയിൽ ദിവ്യബലിയർപ്പിക്കുകയും അതിനുശേഷം ഡീക്കന്മാരുടെ ഭവനങ്ങൾ സന്ദർശിക്കുകയും ചെയ്തു.

20. രാവിലെ അഭിവന്ദ്യ താഴത്ത് പിതാവ് സി.എം.സി കോലഴി പ്രൊവിൻഷ്യൽ ഹൗസിൽ ദിവ്യബലിയർപ്പിച്ചു.

21. അഭിവന്ദ്യ പിതാക്കന്മാർ ഡി.ബി.സി.എൽ.സി യിൽ നടന്ന സന്യസ്തജൂബിലിയിൽ പങ്കെടുക്കുകയും അവരോടൊപ്പം ദിവ്യബലിയർപ്പിക്കുകയും ചെയ്തു. അഭിവന്ദ്യ താഴത്ത് പിതാവ് മേരിമാതാ മേജർ സെമിനാരിയുടെ ഹോംഡേയിൽ പങ്കെടുത്തു. അഭിവന്ദ്യ തട്ടിൽ പിതാവ് പറപ്പൂർ ഇടവകയിൽ വി. ബലിയർപ്പിച്ചു.

22. അഭിവന്ദ്യ താഴത്ത് പിതാവ് വാക ഇടവകയിൽ ഇടയസന്ദർശനം നടത്തി. അഭിവന്ദ്യ തട്ടിൽ പിതാവ് ആമ്പക്കാട് ഇടവകയിൽ തിരുനാളിനോടനുബന്ധിച്ച് വി. ബലിയർപ്പിച്ചു. വൈകിട്ട് ഫാ. പീറ്റർ പാലയൂരിന്റെ മൃതസംസ്കാരശുശ്രൂഷകളിൽ അഭിവന്ദ്യപിതാക്കന്മാർ സംബന്ധിച്ചു.

23. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ ഒല്ലൂർ വി. എവുപ്രാസ്യ തീർത്ഥകേന്ദ്രത്തിൽ ദിവ്യബലിയർപ്പിച്ചു. അതിരൂപതാവൈദികരുടെ Live & Learn പരിപാടിയിൽ പങ്കെടുക്കുകയും ചെയ്തു. അഭിവന്ദ്യ തട്ടിൽ പിതാവ് മേരിമാതാ മേജർ സെമിനാരിയിൽ സ്നേഹോത്സവിൽ പങ്കെടുത്തു.

24. അഭിവന്ദ്യ പിതാക്കന്മാർ Live & Learn ൽ പങ്കെടുത്തു.

25. അഭിവന്ദ്യ താഴത്ത് പിതാവ് ചേറൂരിലെ സെന്റ് ജോസഫ് കോൺവെന്റിന്റെ ആഭിമുഖ്യത്തിൽ ആരംഭിച്ച സ്പെഷ്യൽ സ്കൂളിന്റെ ആശീർവാദകർമ്മം വഹിച്ചു. അഭിവന്ദ്യ തട്ടിൽ പിതാവ് എം. എം. ബി. സന്യാസസമൂഹത്തിന്റെ പ്രോവിൻസ് ഡേയിൽ പങ്കെടുത്തു.

27. അഭിവന്ദ്യ തട്ടിൽ പിതാവ് സെന്റ് തോമസ് കോളേജിൽ വി. ബലിയർപ്പിച്ചു. വൈകിട്ട് കളമശ്ശേരിയിൽ നടന്ന കെ. എസ്. ടി. മീറ്റിംഗിൽ

പങ്കെടുത്തു.

28. മൗണ്ട് സെന്റ് തോമസിൽ നടന്ന മീറ്റിംഗിൽ അഭിവന്ദ്യ താഴത്ത് പിതാവ് പങ്കെടുത്തു. Boun Natale യോനമുബന്ധിച്ച് കിള്ളിമംഗലത്തും, വടക്കാഞ്ചേരിയിലും പണിത ഭവനത്തിന്റെ വെഞ്ചിരിപ്പ് കർമ്മം നടത്തി. അഭിവന്ദ്യ തട്ടിൽ പിതാവ് മണ്ണുത്തി ഹോളി ഫാമിലി ജനറലേറ്റിൽ സുവർണ്ണ ജൂബിലി ആഘോഷങ്ങളിൽ പങ്കെടുത്തു. ഉച്ചക്ക് കുണ്ടന്നൂരിൽ ഡീക്കൻ റിജോ മുരിങ്ങാത്തേരി OFM, Cap.ന് തിരുപ്പട്ടം നൽകി.

29. അഭിവന്ദ്യ താഴത്ത് പിതാവ് മുല്ലശ്ശേരിയിൽ പാലിയേറ്റീവ് കെയറിന്റെ യൂണിറ്റ് ഉദ്ഘാടനം ചെയ്തു. ബസിലിക്കയിൽ നടന്ന പ്രതിഷ്ഠാ തിരുനാളിനോടനുബന്ധിച്ച് ദിവ്യബലിയർപ്പിച്ചു. ഉച്ചതിരിഞ്ഞ് സെന്റ്. തോമസ് കോളേജിൽ നടന്ന മാധ്യമദിനത്തിൽ പങ്കെടുത്തു. ജീസ്സസ് യൂത്തിന്റെ ആഭിമുഖ്യത്തിൽ പാലയൂരിൽ നടന്ന തിരുവചന മാസാചരണത്തിന്റെ ഉദ്ഘാടനം നടത്തി. ആർത്താറ്റ് ഇടവകയുടെ പുന:പ്രതിഷ്ഠാകർമ്മത്തിൽ മുഖ്യകാർമ്മികത്വം വഹിച്ചു. അഭിവന്ദ്യ തട്ടിൽ പിതാവ് പുലക്കാട്ടുകര ഇടവകയിൽ പാസ്റ്ററൽ വിസിറ്റ് നടത്തി.

30. അഭിവന്ദ്യ താഴത്ത് പിതാവ് പ്രീസ്റ്റ് കോൺഫറൻസിൽ പങ്കെടുത്തു. വൈകുന്നേരം മേരിമാതാ മേജർ സെമിനാരിയിൽ PAROC ന്റെ ഉദ്ഘാടനം നിർവ്വഹിച്ചു. അഭിവന്ദ്യ തട്ടിൽ പിതാവ് പാലയൂർ തീർത്ഥ കേന്ദ്രത്തിൽ ബൈബിൾ മാസാചരണം ഉദ്ഘാടനം ചെയ്തു.

# സാമ്പത്തിക കാര്യാലയം

നമ്മുടെ പള്ളികളിലെ കൈക്കാരന്മാരുടെയും (നടത്തുകൈക്കാരനും അടുത്ത ടേമിലെ കൈക്കാരനും) കണക്കെഴുത്തുക്കാരുടെയും സംയുക്തയോഗം 2016 **ജനുവരി 30 ശനിയാഴ്ച രാവിലെ 9.30ന്** ആർച്ച്ബിഷപ് ഹൗസ് ഓഡിറ്റോറിയത്തിൽ വെച്ച് കൂടുന്നതാണ്. പ്രസ്തുത മീറ്റിംഗിൽ അഭിവന്ദ്യപിതാക്കന്മാരായ മാർ ആൻഡ്രൂസ് താഴത്ത്, മാർ റാഫേൽ തട്ടിൽ, വികാരി ജനറാൾ മോൺ. ജോർജ്ജ് എടക്കളത്തൂർ, ചാർട്ടേഡ് അക്കൗണ്ടന്റുമാർ എന്നിവർ പങ്കെടുക്കുന്നതാണ്. ഇടവകയുടെ വിവിധ സാമ്പത്തിക കാര്യങ്ങൾ ചർച്ച ചെയ്യുന്ന ഈ സുപ്രധാന യോഗത്തിലേക്ക് കൈക്കാരന്മാരേയും കണക്കെഴുത്തുകാരേയും ബഹുമാനപ്പെട്ട വികാരിയച്ചൻ പറഞ്ഞയക്കുന്നതിന് ശ്രദ്ധിക്കുമല്ലോ. സഹകരണത്തിന് നന്ദി പറയുന്നു.

| | |
|---|---|
| രജിസ്ട്രേഷൻ | : 9.30 am |
| ഉദ്ഘാടനം | : 10.00 am |
| ഇടവക സാമ്പത്തിക കാര്യങ്ങളെ സംബന്ധിച്ചുള്ള ചർച്ച | : 10.30 am |
| സമാപനം & ഉച്ചഭക്ഷണം | : 12.30 |

1. വരവ് ചെലവ് കണക്കുകൾ നവംബർ 30, 2015

| നമ്പർ | പേര് | ദുഃഖ വെള്ളി | പെസഹാ വ്യാഴം | മിഷൻ ഞായർ | സഭാ ദിനം |
|---|---|---|---|---|---|
| 1. | അഞ്ചേരി | 1330 | 13210 | - | 2000 |
| 2. | അത്താണി | - | - | 21930 | |
| 3. | ചിറക്കൽ | - | - | - | 1750 |
| 4. | ചിട്ടിശ്ശേരി | - | - | 20050 | - |
| 5. | ചോറ്റുപാറ | - | - | 3760 | - |
| 6. | ചൊവ്വന്നൂർ | - | - | 21460 | - |
| 7. | കണ്ടാണശ്ശേരി | - | - | 16040 | - |
| 8. | കണ്ണംകുളങ്ങര | - | - | 40600 | - |
| 9. | കിള്ളിമംഗലം | 3728 | 7090 | 7000 | 930 |
| 10. | കിരാലൂർ | - | - | 13265 | |
| 11. | കൂട്ടാല | - | - | 4885 | - |

| | | | | |
|---|---|---|---|---|
| 12. കുറുമാൽ | – | – | 21000 | – |
| 13. കുറ്റൂർ | – | – | 27250 | – |
| 14. മണ്ണുത്തി | – | – | 105215 | – |
| 15. മരിയാപുരം | – | – | 88000 | – |
| 16. മുണ്ടൂർ | – | – | 25000 | – |
| 17. നടത്തറ | – | – | 115405 | – |
| 18. നെടുപുഴ | – | – | 25403 | – |
| 19. നെല്ലങ്കര | – | – | 69680 | – |
| 20 നെല്ലിക്കുന്ന് | – | – | 120090 | – |
| 21. പഴുന്നാന | – | – | 3915 | – |
| 22. പീച്ചി | – | – | – | 3760 |
| 23 പേരാമംഗലം | – | – | 90000 | |
| 24 പെരിങ്ങോട്ടുകര | – | – | 17300 | |
| 25 പൂമല | – | – | 10000 | |
| 26. പുതുശ്ശേരി | – | – | 7931 | |
| 27. പുത്തൂർ | – | – | 22270 | |
| 28. തലക്കോട്ടുകര | – | – | 24164 | |
| 29. തങ്ങാലൂർ നോർത്ത് | 720 | 3650 | 5770 | 380 |
| 30 തയ്യൂർ | – | – | 20890 | |
| 31. ഡോളേഴ്സ് ബസിലിക്ക | – | – | 102130 | |
| 32. വാടാനപ്പിള്ളി | – | – | 29030 | |
| 33. വടൂക്കര | – | – | 50685 | |
| 34 വലപ്പാട് | – | – | 59567 | |
| 35 വളപ്പായ | – | 7358 | 3000 | 1980 |
| 36. വീണ്ടശ്ശേരി | – | – | 4715 | – |
| 37. വെങ്ങിണിശ്ശേരി | – | – | 24075 | |
| 38. വിജയപുരം | – | – | 115691 | – |
| 39. വില്ലടം | – | – | 3000 | |
| 40. നിർമ്മല കോളേജ്, വെസ്റ്റ്ഫോർട്ട് | – | – | 7150 | |
| 41. സെന്റ് ജോസഫ്സ് പ്രീസ്റ്റ് ഹോം, തൃശ്ശൂർ | – | – | 3650 | |
| 42 സെന്റ് വിൻസെന്റ് ഡിപോൾ, ഹോസ്പിറ്റൽ ഒല്ലൂർ | | | 40000 | |

| നമ്പർ പേര് | ദുഃഖ വെള്ളി | പെസഹാ വ്യാഴം | മിഷൻ ഞായർ |
|---|---|---|---|
| 1. അഞ്ചേരി | 3190 | 2320 | 1000 |
| 2. ചിറക്കൽ | 2035 | 2775 | 2500 |
| 3. കിള്ളിമംഗലം | 1199 | 981 | |
| 4. പീച്ചി | 5170 | 5640 | |
| 5. തങ്ങാലൂർ നോർത്ത് | 528 | 384 | |
| 6. വെളപ്പായ | 2508 | 2736 | 1000 |
| 7. അസ്സീസി മഠം, തൃശ്ശൂർ | - | 500 | |

**2. മാർ കുണ്ടുകുളം ട്രസ്റ്റിൽ നിന്നും വിവാഹ സഹായം**

1. നെഹ്റു നഗർ - 5000
2. ചുവന്നമണ്ണ് - 5000
3. നടത്തറ - 5000
4. കുമ്പളങ്ങാട് - 5000

**4. സാമ്പത്തിക സഹായം**

1. അഞ്ചേരി- 36300

**3. അതിരൂപത സഹായ ഫണ്ട്**

1. ഭവന നിർമ്മാണം - 15500
2. വിവാഹം - 156000
3. ചികിത്സ - 84500
4. വിദ്യാഭ്യാസം - 4000

**4. ഫാ. സെബാസ്റ്റ്യൻ കുന്നത്ത് ട്രസ്റ്റ്**

1. ഭവന നിർമ്മാണം - 10000
2. ചികിത്സ - 20000

പുതുവത്സരത്തിന്റെ മംഗളാശംസകൾ
ഏവർക്കും നേർന്നു കൊള്ളുന്നു.

**ഫാ. ജോയ് മൂക്കൻ**
ഫിനാൻസ് ഓഫീസർ

# വൈദികര്‍

## ജന്മദിനങ്ങള്‍

| | |
|---|---|
| ഫാ. സെബി പുത്തൂര്‍ | 01 |
| ഫാ. ഫ്രാന്‍സിസ് മഞ്ഞളി | 01 |
| ഫാ. ഫ്രാന്‍സിസ് വാഴപ്പിള്ളി സീനിയര്‍ | 07 |
| ഫാ. ഡേവിസ് ചക്കാലക്കല്‍ | 07 |
| ഫാ. ജോര്‍ജ്ജ് തോമസ് നിരപ്പുകാലയില്‍ | 09 |
| ഫാ. ടെഡ്സ് കുന്നപ്പിള്ളി | 09 |
| ഫാ. ടെന്‍സ് കുന്നപ്പിള്ളി | 09 |
| ഫാ. ജാക്സന്‍ കൂനംപ്ലാക്കല്‍ | 09 |
| ഫാ. തോമസ് ചൂണ്ടല്‍ | 09 |
| ഫാ. ജിന്റോ ചിറ്റിലപ്പിള്ളി | 11 |
| ഫാ. ജോളി ചിറമ്മല്‍ | 13 |
| ഫാ. ജിയോ തെക്കിനിയത്ത് | 13 |
| ഫാ. ജിഫി മേക്കാട്ടുകുളം | 13 |
| ഫാ. ലിന്റോ തട്ടില്‍ | 15 |
| ഫാ. റിജോ വിതയത്തില്‍ കൊഴുക്കുള്ളിക്കാരന്‍ | 16 |
| ഫാ. പോള്‍ താണിക്കല്‍ | 16 |
| ഫാ. കുരിയാക്കോസ് കൊച്ചുപുരക്കല്‍ | 18 |
| ഫാ. ബാബു അപ്പാടന്‍ | 19 |
| ഫാ. ജോയ്സന്‍ കോരെത് | 19 |
| ഫാ. ജോയ് മുരിങ്ങാത്തേരി | 20 |
| ഫാ. സെബി ചിറ്റിലപ്പിള്ളി | 20 |
| ഫാ. ലിന്‍സന്‍ തട്ടില്‍ | 20 |
| ഫാ. ആന്റണി തെക്കിനിയത്ത് | 21 |
| ഫാ. പോള്‍ കാപ്പാനി | 22 |
| ഫാ. സെബി കാഞ്ഞിരത്തിങ്കല്‍ | 26 |
| ഫാ. ഷാന്റോ തലക്കോട്ടൂര്‍ | 27 |

## നാമഹേതുകതിരുനാള്‍

| | |
|---|---|
| ഫാ. കുരിയാക്കോസ് കൊച്ചുപുരക്കല്‍ | 03 |
| ഫാ. സിറിയക് ചാലിശ്ശേരി | 03 |
| ഫാ. റിഞ്ചോ ഓലപ്പുരക്കല്‍ | 03 |
| ഫാ. ജെയ്സന്‍ വടക്കേത്തല | 03 |
| ഫാ. സെബി പുത്തൂര്‍ | 20 |
| ഫാ. ഡേവിസ് ചക്കാലക്കല്‍ | 20 |
| ഫാ. ലിന്‍സന്‍ തട്ടില്‍ | 20 |
| ഫാ. സെബി ചിറ്റിലപ്പിള്ളി | 20 |
| ഫാ. ഷോണ്‍സന്‍ ആക്കാമറ്റത്തില്‍ | 20 |
| ഫാ. ഡേവിസ് പുലിക്കോട്ടില്‍ | 20 |
| ഫാ. സജീവ് ഇമ്മട്ടി | 20 |
| ഫാ. ബാസ്റ്റിന്‍ ആലപ്പാട്ട് | 20 |
| ഫാ. ജോയ് പുത്തൂര്‍ | 20 |
| ഫാ. ഡേവിസ് പനംകുളം | 20 |
| ഫാ. സെബാസ്റ്റ്യന്‍ ചാലക്കല്‍ | 20 |
| ഫാ. ഡെന്നി താണിക്കല്‍ | 20 |
| ഫാ. ഡേവിസ് ചെറയത്ത് | 20 |
| ഫാ. സെബാസ്റ്റ്യന്‍ അറക്കല്‍ | 20 |
| ഫാ. ദേവസ്സി പന്തല്ലൂക്കാരന്‍ | 20 |
| ഫാ. ജസ്റ്റിന്‍ എലുവത്തിങ്കല്‍ | 20 |
| ഫാ. ബില്‍ജു വാഴപ്പിള്ളി | 20 |
| ഫാ. സെബി ചിറ്റാട്ടുകര | 20 |
| ഫാ. മേജോ കോരെത് | 20 |
| ഫാ. സെബാസ്റ്റ്യന്‍ പെരുട്ടില്‍ | 20 |
| ഫാ. പ്രിന്‍സ് ചിരിയങ്കണ്ടത്ത് | 20 |
| ഫാ. ഡേവിസ് കണ്ണമ്പുഴ | 20 |
| ഫാ. ഡെന്നി ചിറയത്ത് | 20 |
| ഫാ. ജിജോ കപ്പിലാംനിരപ്പേല്‍ | 20 |
| ഫാ. സ്റ്റാര്‍സന്‍ കള്ളിക്കാടന്‍ | 20 |
| ഫാ. സെബാസ്റ്റ്യന്‍ വെട്ടത്ത് | 20 |
| ഫാ. ഡേവിസ് തെക്കേക്കര | 20 |
| ഫാ. ദാവീദ് വിതയത്തില്‍ | 20 |

| | |
|---|---|
| ഫാ. സെബാസ്റ്റ്യൻ കൊള്ളന്നൂർ | 20 |
| ഫാ. ബാസ്റ്റ്യൻ പുന്നോലിപറമ്പിൽ | 20 |
| ഫാ. ജോജു ചിരിയങ്കണ്ടത്ത് | 20 |
| ഫാ. ജോയ് ചിറ്റിലപ്പിള്ളി സീനിയർ | 20 |
| ഫാ. ഏബിൾ ദേവസ്സി ചിറമ്മൽ | 20 |
| ഫാ. ബെസ്റ്റിൻ കാക്കശ്ശേരി | 20 |
| ഫാ. ഡെയ്സൻ മുണ്ടോപുറം | 20 |
| ഫാ. സെബി കവലക്കാട്ട് | 20 |
| ഫാ. ജസ്റ്റിൻ കൈതാരത്ത് | 20 |
| ഫാ. ഡേവിസ് ചിറമ്മൽ ജൂനിയർ | 20 |
| ഫാ. പോൾ ആലപ്പാട്ട് | 25 |
| ഫാ. ഡേവിഡ് നെറ്റിക്കാടൻ | 28 |
| ഫാ. രാജു അക്കര | 31 |
| ഫാ. ജോൺസൻ അന്തിക്കാടൻ | 31 |

അതിരൂപതയുടെ പ്രാർത്ഥനാശംസകൾ

## ചരമദിനങ്ങൾ

| | |
|---|---|
| ഔസേപ്പ് മേച്ചേരി | 06.01.1916 |
| ഗീവർഗ്ഗീസ് ഇരിമ്പൻ | 01.01.1917 |
| പൊറിഞ്ചു തേറാട്ടിൽ | 31.01.1941 |
| ജോൺ എടത്തിരുത്തിക്കാരൻ | 11.01.1948 |
| ജോസഫ് മണവാളൻ | 18.01.1950 |
| ഇഗ്നേഷ്യസ് മഞ്ഞളി | 10.01.1952 |
| ജേക്കബ് പോട്ടോക്കാരൻ | 02.01.1968 |
| മാത്യു പാലയൂർ | 10.01.1972 |
| സിറിയക് മേനാച്ചേരി | 04.01.1975 |
| പീറ്റർ കുണ്ടുകുളം | 23.01.1976 |
| പോൾ ആളൂർ | 21.01.1982 |
| മോൺ. ജോർജ്ജ് അക്കര | 21.01.1983 |
| ജേക്കബ് മഞ്ഞളി | 30.01.1984 |
| ജോസഫ് തെക്കിനിയത്ത് | 19.01.1985 |
| മാത്യു കിടങ്ങൻ | 04.01.1989 |
| ജോൺ എലുവത്തിങ്കൽ | 02.01.1990 |
| ആന്റണി തരകൻ | 07.01.1992 |
| സെബാസ്റ്റ്യൻ തേർമഠം | 13.01.1997 |
| പോൾ ആലപ്പാട്ട് സീനിയർ | 08.01.2005 |
| ലാസർ പൊറത്തൂർ | 08.01.2006 |
| ജോസഫ് ഡി. മഞ്ഞളി | 23.01.2006 |
| ആന്റണി ചാലക്കൽ | 06.01.2009 |
| ജോസഫ് ചാഴൂർ | 04.01.2014 |
| മോൺ. തോമസ് തലച്ചിറ | 11.01.2014 |

അതിരൂപതയുടെ സ്മരണാഞ്ജലി

# സന്യസ്തർ

## സി.ആർ.ഐ വാർത്തകൾ

03.11.2015 സി എസ് എം പ്രൊവിൻഷ്യൽ സുപ്പീരിയർ സി. ബിയാട്രിസ് 03-11-2015 മുതൽ 16-11-2015 വരെ സാഗർ മിഷനിൽ (MP) കാനോനിക സന്ദർശനം നടത്തി.

സി.എസ്.സി. സന്യാസിനിസമൂഹത്തിന്റെ 59-ാമത് സ്ഥാപകദിനാചരണം വളരെ മനോഹരമായി ആചരിച്ചു. രാമനാഥപുരം ബിഷപ്പ് മാർ പോൾ ആലപ്പാട്ട് ദിവ്യബലിക്കും പൊതുസമ്മേളനത്തിനും അദ്ധ്യക്ഷത വഹിച്ചു.

07.11.2015 സി.എച്ച്.എഫ്. നവജ്യോതി പ്രാവിൻസിലെ വിദ്യാലയങ്ങളിൽ ആരംഭിച്ചിരിക്കുന്ന മറിയംത്രേസ്യ ബഡ്സ് എന്ന സംഘടനയുടെ ഉദ്ഘാടനം അരണാട്ടുകര ഇൻഫന്റ് ജീസസ് ഗേൾസ് ഹൈസ്ക്കൂൾ ഓഡിറ്റോറിയത്തിൽ വച്ച് പ്രൊവിൻഷ്യൽ സി. മേഴ്സി പോൾ നടത്തി. എല്ലാ വിദ്യാലയങ്ങളിൽ നിന്നും ഈ സംഘടനയിൽ ചേർന്നിട്ടുള്ള കുട്ടികളും അധ്യാപകരും ഈ പരിപാടിയിൽ പങ്കെടുത്തു.

കുഴിക്കാട്ടുശ്ശേരി മറിയം ത്രേസ്യ തീർത്ഥാടനകേന്ദ്രത്തിൽ വിദ്യാർത്ഥികൾക്കായി നടത്തിയ ഏകദിന കവെൻഷനിൽ നവജ്യോതി പ്രോവിൻസിലെ വിവിധ വിദ്യാലയങ്ങളിൽ നിന്നും വിദ്യാർത്ഥികൾ പങ്കെടുത്തു.

സി. എസ്. സി. കൂർക്കഞ്ചേരി മരിയ പ്രൊവിൻഷ്യൽ ഹൗസിൽ പ്രൊവിൻസ് ഡേക്ക് ഒരുക്കമായി 13 മണിക്കൂർ ജാഗരണ ആരാധന നടത്തി. റവ. ഫാ. ബിജു പാണേങ്ങാടൻ തിരുവചനസന്ദേശം നൽകി.

എസ്.എ.ബി.എസ്. ചേറ്റുപുഴ പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് മാർ റാഫേൽ തട്ടിൽ പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ 2.30 ന് അർപ്പിച്ച വിശുദ്ധ ബലിയോടനുബന്ധിച്ച് പ്രൊവിൻഷ്യൽ ഹൗസിന്റെ പുതുക്കിപ്പണിത കെട്ടിടം വെഞ്ചിരിച്ചു.

എസ്.എ.ബി.എസ്. സമർപ്പിതവർഷത്തോടനുബന്ധിച്ച് 'നിവേദിത' (Religious Formation Centre) -യിൽ വച്ച് നടന്ന സിമ്പോസിയത്തിൽ സി. മരീന മുണ്ടാടൻ 'സമർപ്പിത ജീവിതത്തിന്റെ തനിമയും സിദ്ധിയും തിരുസഭയുടെ വളർച്ചയ്ക്ക്' എന്ന വിഷയത്തെക്കുറിച്ച് ഒരു പ്രബന്ധം അവതരിപ്പിച്ചു.

എഫ്. സി. സി. നോയിഡ സാൻഡാമിയാനോ പ്രോവിൻസിൽ ആദ്യവ്രതവാ

ഗ്ദാനം നടത്തി സഭാവസ്ത്രം സ്വീകരിച്ച 9 ജൂനിയർ സിസ്റ്റേഴ്സ് മാതൃഭവനമായ തൃശൂർ അസ്സീസി പ്രൊവിൻഷ്യൽ ഹൗസ് സന്ദർശിച്ചു.

എഫ്. സി. സി നെല്ലിക്കുന്ന് അൽഫോൻസ കോൺവെന്റിൽ വെച്ച് സിനാക്സിസുകളുടെ വിജയത്തിനുവേണ്ടിയുള്ള ഉപവാസപ്രാർത്ഥന സമ്മേളനം നടന്നു.

09.11.2015 സി എസ് എം കോഗ്രിഗേഷൻ സ്ഥാപകനായ ബഹു. ജോൺ കിഴക്കൂടനച്ചന്റെ പൊന്നൂക്കര അസംപ്ഷൻ കോൺവെന്റിൽ അർപ്പിച്ച ദിവ്യബലിയിൽ ബഹു. സുപ്പീരിയർ ജനറൽ സി. ജിയോ മരിയയും ടീമും, നോർത്ത് അസി. പ്രൊവിൻഷ്യൽ സി. മെറിൻ ആന്റോയും, ഇരു പ്രൊവിൻസിലെ ബഹു. സിസ്റ്റേഴ്സും പങ്കെടുത്തു.

10.11.2015 എസ്.എ.ബി.എസ്. നവംബർ 12 മുതൽ 15 വരെ മുംബൈ സെന്റ് പയസ് ടെൻത്ത് സെമിനാരിയിൽ വച്ച് നടന്ന നാഷണൽ യൂക്കരിസ്റ്റിക്ക് കോഗ്രസ്സിൽ തൃശൂർ അതിരൂപതയിലെ സി.ആർ.ഐ. സെക്രട്ടറി സി. ജോസഫൈൻ പാലത്തിങ്കൽ പങ്കെടുത്തു.

സി.എസ്.സി.കൂർക്കഞ്ചേരി മരിയ പ്രൊവിൻഷ്യൽ ഹൗസിൽ 20 -ാം മത്തെ പ്രൊവിൻസ് ഡെ സാഘോഷം കൊണ്ടാടി.

12.11.2015 സി.എം.സി പ്രൊവിൻഷ്യൽ സുപ്പീരിയറും സി.സാങ്റ്റയും പറപ്പൂർ പോയി നോവിസസിനെ സന്ദർശിച്ചു .

13.11.2015 എഫ്. സി. സി. 2015 നവംബർ 13 മുതൽ 17 വരെ നടന്ന ജനറൽ സിനാക്സിസിൽ അസ്സീസി പ്രോവിൻസിൽ നിന്ന് പ്രൊവിൻഷ്യൽ സുപ്പീരിയർ സി. റോസ് അനിതയും മറ്റ് 8 സിസ്റ്റേഴ്സും സംബന്ധിച്ചു. തൃശൂർ അസ്സീസി പ്രൊവിൻസിലെ ബ. സി. ഫിൽബി അസി. സുപ്പീരിയർ ജനറലായി തെരഞ്ഞെടുക്കപ്പെട്ടു.

സി.എസ്.സി. 2015 നവംബർ 13 മുതൽ 17 വരെ മരിയഭവൻ ജനറലേറ്റിൽ വച്ച് പ്രീ - പോസ്റ്റുലൻസിന്റെ ധ്യാനം നടത്തപ്പെട്ടു.

15.11.2015 എസ്.എ.ബി.എസ്. സമർപ്പിത വർഷാചരണത്തോടനുബന്ധിച്ച് ചേറ്റുപുഴ പ്രൊവിൻഷ്യൽ ഹൗസിൽ കുടുംബസംഗമം നടത്തി. പ്രൊവിൻഷ്യൽ ഹൗസിൽ അംഗങ്ങളായിട്ടുള്ള സിസ്റ്റേഴ്സിന്റെ മാതാപിതാക്കൾ, സ്വന്തം സഹോദരങ്ങൾ എന്നിവർ ഒരുമിച്ചു കൂടി. സ്നേഹവിരുന്നും ഉണ്ടായിരുന്നു.

എസ്.എ.ബി.എസ്. അദിലാബാദ് രൂപതയുടെ മെത്രാനായി അഭിഷിക്തനായ മാർ പ്രിൻസ് പാണേങ്ങാടൻ പിതാവിന് സ്വന്തം ഇടവകയായ

അരിമ്പൂർ പള്ളിയിൽ നൽകിയ സ്വീകരണപരിപാടിയിൽ സി. അൽഫോൻസ മൂഞ്ഞേലി, മദർ മേഴ്സിറ്റ കണ്ണംപുഴ, സി. മാർഗരറ്റ് കൊള്ളൂർ, സി. ഫിജി തെരേസ് പുല്ലോക്കാരൻ എന്നിവർ സംബന്ധിച്ചു.

16.11.2015 സി.എം.സി. സഭാസംയോജനദിനം സമുചിതമായി ഘോഷിച്ചു.

സി.എസ്.സി. 2015 നവംബർ 16 ന് അദിലാബാദ് രൂപതയുടെ പുതിയ മെത്രാനായി അഭിഷിക്തനായ മാർ പ്രിൻസ് ആന്റണി പാണേങ്ങാടനു കോലഴി മരിയഭവനിൽ ഹൃദ്യമായ സ്വീകരണം നൽകി.

19.11.2015 എസ്.എൻ.ഡി.എസ്. മരണംമൂലം വേർപെട്ടുപോയ സ്ഥാപകപിതാക്കന്മാർക്കും സഹോദരിമാർക്കും വേണ്ടി അവരുടെ കുടുംബാംഗങ്ങളോടൊപ്പം രാവിലെ 11.00 മണിക്ക് മുളയം നോവിഷ്യേറ്റുഭവനത്തിൽവച്ച് ദിവ്യബലി, അതേത്തുടർന്ന് ഒപ്പീസ്, സ്നേഹവിരുന്ന് എന്നിവ നടത്തപ്പെട്ടു.

20.11.2015 എഫ്. സി. സി. അദിലാബാദ് രൂപതയുടെ മെത്രാനായി അഭിഷേകം ചെയ്യപ്പെട്ട മാർ പ്രിൻസ് ആന്റണി പാണേങ്ങാടന് അസ്സീസി പ്രൊവിൻഷ്യൽ ഹൗസിൽ ഹൃദ്യമായ സ്വീകരണം നൽകി.

സി.എച്ച്.എഫ്. ഒളരിക്കര നവജ്യോതി പ്രൊവിൻഷ്യൽ ഹൗസിൽ സുപ്പീരിയേഴ്സിന് 2ദിവസത്തെ കോഴ്സ് നടത്തി.

സി.എം.സി. മാർ ആൻഡ്രൂസ് താഴത്ത് പിതാവ് പ്രൊവിൻഷ്യൽ ഹൗസിൽ വി.ബലി അർപ്പിക്കുകയും സമർപ്പിതർ നേരിടുന്ന വെല്ലുവിളിയെ കുറിച്ച് സിനാക്സിസ് അംഗങ്ങൾക്ക് ഒരു മണിക്കൂർ ക്ലാസ്സ് എടുക്കുകയും ചെയ്തു.

സി.എം.സി. 19 -ാ മത് പ്രൊവിൻഷ്യൽ സുപ്പീരിയർ ആയി സി.അനിജ തെരഞ്ഞെടുക്കപ്പെട്ടു. സി.റോസ് ധീര വികർ പ്രൊവിൻഷ്യൽ ആയും, സി.ആനി ജോസ്, സി.ലിസി ജോൺ, സി.ലിസ്ജോ, സി.സാലി പോൾ എന്നിവർ കൗസിലേഴ്സായും സി.ബ്രീസി മരിയ ഫിനാൻസ് സെക്രട്ടറിയായും സി.ആൽഫി പ്രൊവിൻഷ്യൽ സെക്രട്ടറിയായും തെരഞ്ഞെടുക്കപ്പെട്ടു.

21.11.2015 DBCLC യിൽ നടത്തിയ സുവർണ്ണ, രജത ജൂബിലി ആഘോഷപരിപാടികളിൽ വിവിധ സന്യാസസമൂഹങ്ങളിലെ ജൂബിലേറിയൻസ് പങ്കെടുത്തു.

സി.എസ്.സി. കോൺഗ്രിഗേഷനിലെ എല്ലാ സിസ്റ്റേഴ്സും സ്ഥാപനദിനവും കാണിക്കമാതാവിന്റെ തിരുനാളും ആയതിനാൽ തങ്ങളുടെ വ്രതം നവീകരിച്ചു.

എസ്.എ.ബി.എസ്. ചേറ്റുപുഴ പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് സുപ്പീരിയേഴ്സ് കോൺഫ്രൻസ് നടന്നു.

22.11.2015 സി.എം.സി പുതിയ പ്രൊവിൻഷ്യൽ ടീം എല്ലാ മഠങ്ങളും സന്ദർശിച്ച് സൗഹൃദം പങ്കിട്ടു.

എസ്.എ.ബി.എസ്. പരിയാരം CSSR ൽ വച്ച് നോവിസസിനു വേണ്ടി നടത്തിയ ധ്യാനത്തിൽ ഡിറക്ട്രസ്സ് സി. മേഴ്സിറ്റ കണ്ണമ്പുഴയോടൊപ്പം നോവിസസ് പങ്കെടുത്തു.

25.11.2015 എഫ്. സി. സി. എഫ്. സി. സി. യുടെ പുതിയതായി തെരഞ്ഞെടുക്കപ്പെട്ട ബ. ജനറാളമ്മക്കും ബ. സി. ഫിൽബിക്കും നവംബർ 25–ാം തീയതി അസ്സീസി പ്രൊവിൻഷ്യൽ ഹൗസിൽ സ്വീകരണം നൽകി.

2511.2015. എഫ്. സി. സി. തൃശൂർ മേരി ഇമ്മാക്കുലേറ്റ് കോൺവെന്റിനോട് ചേർന്ന് പുതുക്കിപ്പണിത ഹോസ്റ്റലിന്റെ വെഞ്ചെരിപ്പ് കർമ്മം നവംബർ 25–ാം തീയതി മഠം ചാപ്ലെയിൻ റവ. ഫാ. ജോയ് മൂക്കൻ നിർവ്വഹിച്ചു.

26.11.2015 എഫ്. സി. സി. നവംബർ 26–ാം തീയതി പ്രൊവിൻഷ്യൽ സിനാക്സിസിന് ഒരുക്കമായ ധ്യാനവും നവംബർ 30 മുതൽ ഇലക്ഷൻ സിനാക്സിസും ആരംഭിച്ചു.

28.11.2015 എസ്.എ.ബി.എസ്. പാലാരിവട്ടം പി.ഒ.സി. യിൽ നടന്ന സംസ്ഥാനതല 'സമർപ്പിത ലോഗോസ് പ്രതിഭ'യായി തിരഞ്ഞെടുക്കപ്പെട്ട സി. ജിയോ തെരേസ് പനങ്കുളത്തിന് അഭിനന്ദനങ്ങൾ!

സി.എസ്.സി.കൂർക്കഞ്ചേരി മരിയ പ്രൊവിൻസിലെ IInd year നോവീസ് കോലഴി മരിയ ഭവൻ ജനറലേറ്റിൽ നിന്നും ഒരുമാസത്തെ പരിശീലനത്തിനുശേഷം പ്രൊവിൻസിലേക്ക് തിരിച്ചു വന്നു.

01.12.2015. സി.എച്ച്.എഫ്. പ്രൊവിൻഷ്യൽ സി.മേഴ്സി പോളിന്റെ നേതൃത്വത്തിലു ള്ള പ്രാർത്ഥനാ ശുശ്രൂഷയോടെ 5 കാന്റിഡേറ്റ്സ് ആസ്പിരൻസിയിലേയ്ക്കും,10 പോസ്റ്റുലൻസ് നേവീഷ്യേറ്റിലേയ്ക്കും പ്രവേശിച്ചു.

04.12.2015 സി.എസ്.സി. കൂർക്കഞ്ചേരി മരിയ പ്രൊവിൻസിൽ സുപ്പീരിയേഴ്സ് കോഫ്രൻസ് നടന്നു.

08.12.2015 സി.എസ്.എം മണ്ണംപേട്ട കൃപാഭവൻ ജനറലേറ്റിൽ ഡിസംബർ 04 മുതൽ 08 വരെ നടത്തിയ ജനറൽ സിനാക്സിസ്സിൽ സുപ്പീരിയർ ജനറൽ ആയി ബഹു. സി. സെബി റോസ്, കൗൺസിലേഴ്സായി റവ. സി. മെറിൻ ആന്റോ, റവ. സി. ഡാമിയൻ, റവ. സി. റെജിസ്



മാത്യു, റവ. സി.ലിസ ജോൺ എന്നിവരും, സെക്രട്ടറി റവ.സി. അനു ജോസ്, ട്രഷറർ റവ.സി.ജോസ്‌ലിൻ എന്നിവരും തിരഞ്ഞെടുക്കപ്പെട്ടു.

**ആദരാഞ്ജലികൾ**

21.11.2015 സി.എം.സി. സി.റെമി നിര്യാതയായി. അഭിവന്ദ്യ മാർ റാഫൽ തട്ടിൽ പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിൽ മൃതസംസ്കാര കർമ്മങ്ങൾ നിർവഹിക്കുകയും ചൂണ്ടൽ മഠം വക കല്ലറയിൽ സംസ്ക്കരിക്കുകയും ചെയ്തു.



23.11.2015 എഫ്. സി. സി. പെരിങ്ങോട്ടുകര സെറാഫിക് ഭവനാംഗമായിരു ബ. ഹെരാക്ലിയമ്മ നവംബർ 23-ാം തീയതി നിര്യാതയായി. തൃശൂർ അതിരൂപത സഹായമെത്രാൻ അഭിവന്ദ്യ മാർ റാഫേൽ തട്ടിൽ പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിൽ സംസ്കാരശുശ്രൂഷകൾ നടന്നു. 24-ാം തീയതി രാവിലെ 10 മണിക്ക് കപ്പേളയോട് ചേർന്നുള്ള കല്ലറയിൽ സംസ്കരിച്ചു.



02.12.2015 സി.എസ്.സി. കൂർക്കഞ്ചേരി മരിയ പ്രൊവിൻസ് അംഗമായ സി.സാലസ് (83) നിര്യാതയായി. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിൽ കൂർക്കഞ്ചേരി മഠം കപ്പേളയിൽ മൃതസംസ്ക്കാരശുശ്രൂഷ നടത്തി.



07.12.2015 എസ്.എൻ.ഡി.എസ്. മുളയം നിർമ്മലദാസി സമർപ്പിത സമൂഹാംഗ മായ സിസ്റ്റർ ലിസി തണ്ടിയേക്കൽ കർത്താവിൽ നിദ്രപ്രാപിച്ചു. സംസ്കാര ശുശ്രൂഷ അഭിവന്ദ്യ മാർ റാഫേൽ തട്ടിൽ പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിൽ നടന്നു.

**സി.ജോസഫൈൻ പാലത്തിങ്കൽ** SABS
സി.ആർ.ഐ. സെക്രട്ടറി

# സ്ഥാപനങ്ങൾ

Ph : 2320828, 2333245

## മതബോധനകേന്ദ്രം

http://catechismtrichur.blogspot.com|

### മതബോധന വിദ്യാർത്ഥികൾക്ക് അഭിവന്ദ്യ മെത്രാപ്പോലീത്ത മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ കത്ത്

**സുവിശേഷവത്കരണം**

ഈശോയ്ക്കും എനിക്കും ഏറ്റവും ഇഷ്ടപ്പെട്ട കുട്ടികളേ,

ഒരു പുതിയ വത്സരത്തിലേക്ക് - 2016ലേക്ക് നാം പ്രവേശിച്ചിരിക്കുകയാണ്. പുതുവർഷത്തിൽ നിങ്ങൾക്കെല്ലാവർക്കും ദൈവാനുഗ്രഹങ്ങളും വിജയാശംസകളും നേരുന്നു. നിങ്ങളുടെ ക്രിസ്തുമസ്സ് - 'ബൊൻനത്താലെ' ആഘോഷം എപ്രകാരമായിരുന്നു എന്നറിയാൻ ആഗ്രഹമുണ്ട്. നിങ്ങൾ എനിക്ക് എഴുതുമെന്ന് കരുതുന്നു.

2016ന്റെ ആരംഭത്തിൽത്തന്നെ യേശു തന്റെ അനുയായികൾക്കു നൽകിയ ഏറ്റവും വലിയ ദൗത്യത്തെക്കുറിച്ച് നിങ്ങളോട് സൂചിപ്പിക്കുവാനാണ് ഞാൻ ആഗ്രഹിക്കുന്നത്. അത് ഇപ്രകാരമാണ്; "നിങ്ങൾ ലോകമെങ്ങും പോയി എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ" (മർക്കോ. 16:15; മത്താ. 28:19). ഇതിന്റെ അടിസ്ഥാനമായി ഉയിർത്തെഴുന്നേറ്റ യേശു പറഞ്ഞു: "നിങ്ങൾ ഭൂമിയുടെ അതിർത്തികൾവരെ എനിക്കു സാക്ഷികളായിരിക്കുവിൻ" (അ. പ്ര. 1:8). ഈ സാക്ഷ്യപ്പെടുത്തലിനെ കുറിച്ച് ഈശോ ഇപ്രകാരം പറഞ്ഞു: "ഞാൻ പുതിയൊരു കല്പന നിങ്ങൾക്കു നൽകുന്നു- നിങ്ങൾ പരസ്പരം സ്നേഹിക്കുവിൻ. ഞാൻ നിങ്ങളോട് കല്പിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കുവിൻ" (യോഹ. 13:34-35; 15:12-17).

മൂന്നു വാക്കുകളാണ് യേശു പ്രധാനമായും ഇവിടെ ഉപയോഗിച്ചിരിക്കുന്നത്.

1. സുവിശേഷം പ്രസംഗിക്കുക
2. സാക്ഷ്യപ്പെടുത്തുക
3. സ്നേഹിക്കുക

ഈ മൂന്നു കല്പനകൾ പാലിക്കുകയെന്നതാണ് കരുണയുടെ ജൂബിലി വർഷത്തിലെ പ്രധാനപ്രമേയം. ഇതുതന്നെയാണ് സുവിശേഷവത്കരണംകൊണ്ട് ലക്ഷ്യം വയ്ക്കുന്നത്.

'പിതാവിന്റെ കരുണയുടെ മുഖമായ യേശു' തന്റെ ജീവിതലക്ഷ്യമായി ഏശയ്യാ പ്രവാചകന്റെ പ്രവചനം ഉദ്ധരിച്ചുകൊണ്ട് ഇപ്രകാരം പറയുന്നു: "കർത്താവിന്റെ ആത്മാവ് എന്റെ മേലുണ്ട്. ദരിദ്രരെ സുവിശേഷമറിയിക്കുവാൻ അവിടുന്ന് എന്നെ അഭിഷേകം ചെയ്തിരിക്കുന്നു. ബന്ധിതർക്ക് മോചനവും അന്ധർക്ക് കാഴ്ചയും അടിച്ചമർത്തപ്പെട്ടവർക്ക് സ്വാതന്ത്ര്യവും കർത്താവിന് സ്വീകാര്യമായ വത്സരവും പ്രഖ്യാപിക്കുവാൻ അവിടുന്ന് എന്നെ അയച്ചിരിക്കുന്നു" (ലൂക്ക. 4:18-19; ഏശയ്യാ 61:1-2)

ഫ്രാൻസിസ് മാർപ്പാപ്പ ട്വിറ്ററിലൂടെ എന്താണ് സുവിശേഷവത്കരണം എതിന് ഉത്തരം നൽകുന്നത് ഇപ്രകാരമാണ്: "നാം എന്തായിരിക്കുന്നുവെന്നും നമ്മുടെ വിശ്വാസം എന്താണെന്നും വിനയത്തോടും സന്തോഷത്തോടും കൂടി സാക്ഷ്യപ്പെടുത്തുന്നതാണ് സുവിശേഷവത്കരണം".

സുവിശേഷവത്കരണം നമ്മുടെ ഏറ്റവും വലിയ ദൗത്യമാണെങ്കിൽ അത് എങ്ങനെയാണ് പ്രാവർത്തികമാക്കുക എന്ന് നാം ചിന്തിക്കണം. അതിനുള്ള ചില മാർഗ്ഗങ്ങൾ താഴെ പറയുന്നു:-

1. യേശുവിനെ അടുത്ത് അറിയണം. കഴിഞ്ഞ വർഷം നിങ്ങൾക്കെഴുതിയ കത്തിൽ വിശ്വാസപരിശീലനത്തിന്റെ ലക്ഷ്യത്തെ കുറിച്ച് സൂചിപ്പിക്കുകയുണ്ടായി. 'പ്രായത്തിലും ജ്ഞാനത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും വളർന്നു വന്ന യേശു' വിനെപ്പോലെ (ലൂക്ക. 2:52) ദൈവത്തെ അടുത്തറിയുകയും യേശുവിനെ അനുഗമിക്കുകയും ചെയ്യലാണ് സുവിശേഷവത്കരണത്തിന്റെ ആദ്യത്തെ മാർഗ്ഗം.

2. വാഴ്ത്തപ്പെട്ട പോൾ ആറാമൻ പാപ്പയുടെ 'മതബോധനം ഇന്ന്' എന്ന ചാക്രികലേഖനത്തിൽ ഇപ്രകാരം പറയുന്നു: "ജീവിതസാക്ഷ്യ

മാണ് ഏറ്റവും വലിയ സുവിശേഷവത്കരണം". പ്രിയ കുട്ടികളേ, നിങ്ങളുടെ വാക്കും പ്രവർത്തിയും വേഷവും ജീവിതരീതികളും കണ്ട് മറ്റുള്ളവർക്ക് നിങ്ങൾ ക്രിസ്ത്യാനികളാണെന്ന് പറയുവാൻ സാധിക്കുമോ? ആദ്യത്തെ ക്രിസ്ത്യാനികളെ കുറിച്ച് ഇപ്രകാരമാണ് പറഞ്ഞത്: 'നോക്കൂ, ഈ ക്രിസ്ത്യാനികൾ പരസ്പരം സ്നേഹിക്കുന്നത്'. നിങ്ങളുടെ വീട്ടിലും സ്കൂളിലും പ്രവർത്തനമേഖലകളിലും ജീവിതം കൊണ്ട് ക്രിസ്ത്യാനികളെന്ന് തെളിയിക്കുവാൻ നിങ്ങൾക്കു സാധിക്കുമോ?

3. കൗദാശികജീവിതം : കൗദാശികജീവിതമാണ് സുവിശേഷവത്കരണത്തിനുള്ള ശക്തികേന്ദ്രം. മദർ തെരേസ പറഞ്ഞതുപോലെ ഓരോ ദിവസത്തേയും പരി. കുർബാനയുടെ ആരാധനയാണ് പാവപ്പെട്ടവരെ സഹായിക്കുവാൻ മദറിനു ശക്തി നൽകിയത്. വി. കുർബാനയാണ് നിങ്ങളുടെ ശക്തികേന്ദ്രമെന്ന് മനസ്സിലാക്കണം. സാധിക്കുന്ന ദിവസങ്ങളിൽ കുർബാനയ്ക്കും മാസത്തിലൊരിക്കലെങ്കിലും കുമ്പസാരത്തിനും നിങ്ങൾ അണയുമല്ലോ?

4. യേശു പറഞ്ഞു: "രണ്ടോ മൂന്നോ പേർ എന്റെ നാമത്തിൽ ഒന്നിച്ചു കൂടുന്നിടത്ത് അവരുടെ മധ്യേ ഞാനുണ്ടായിരിക്കും" (മത്താ. 18:20). സുവിശേഷവത്കരണം നല്ല കൂട്ടായ്മയുടെ വക്താക്കളാകുവാൻ നമ്മെ ക്ഷണിക്കുന്നു. ഇന്ന് നിങ്ങളെ ഏറ്റവും കൂടുതൽ സ്വാധീനിക്കുന്നത് സുഹൃത്ബന്ധങ്ങളാണ്. അതിനാൽത്തന്നെ നല്ല സുഹൃത്ബന്ധങ്ങൾ കാത്തുസൂക്ഷിക്കാൻ നിങ്ങൾക്ക് സാധിക്കണം. ഈയവസരത്തിൽ ഓരോരുത്തരും മറ്റുള്ളവർക്ക് നല്ല സുഹൃത്താണോയെന്ന് ആത്മപരിശോധന ചെയ്യുന്നത് നല്ലതായിരിക്കും. അങ്ങനെ നല്ല സുഹൃത്ബന്ധങ്ങളുടെ കാവലാളാകുവാൻ നിങ്ങൾക്ക് സാധിക്കണം. നിങ്ങൾ ആയിരിക്കുന്ന സമൂഹത്തിൽ, അതിനേക്കാളുപരി നിങ്ങളുടെ കുടുംബത്തിൽ കൂട്ടായ്മ വർദ്ധിപ്പിക്കുവാൻ നിങ്ങൾക്ക് എന്ത് ചെയ്യുവാൻ കഴിയും എന്ന് ചർച്ച ചെയ്യുന്നത് നല്ലതാണ്. നിങ്ങളുടെ കുടുംബത്തിൽ രോഗികളായി കിടക്കുന്നവരോടും അപ്പാപ്പനമ്മാമമാരോടും സ്നേഹത്തോടെ സംസാരിക്കുവാനും അനുദിനം അവരോടൊത്ത് സമയം ചെലവഴിക്കാനും നിങ്ങൾക്ക് സാധിക്കണം. കുടുംബപ്രാർത്ഥനയിൽ നിങ്ങളുടെ കുടുംബത്തിലെ എല്ലാവരെയും പങ്കെടുപ്പിക്കുവാൻ ശ്രമിക്കുന്നുണ്ടെന്ന് ഞാൻ കരുതുന്നു. കുടുംബപ്രാർത്ഥനക്കുശേഷം കുടുംബാംഗങ്ങൾക്ക് സ്തുതിചൊല്ലുന്ന നമ്മുടെ നല്ല പൈതൃകം നിങ്ങൾ തുട

രണം. വൈദികരെ കാണുമ്പോൾ നിങ്ങൾ സ്തുതി ചൊല്ലുന്നതുപോലെ നിങ്ങളെ പോറ്റി വളർത്താനായി അധ്വാനിക്കുന്ന മാതാപിതാക്കളോട് 'ഈശോമിശിഹായ്ക്ക് സ്തുതിയായിരിക്കട്ടെ എന്ന് ദിവസത്തിലൊരിക്കലെങ്കിലും പറയുവാൻ പരിശ്രമിക്കണം. നിങ്ങൾക്ക് നിങ്ങളുടെ കൂട്ടുകാരോട് ആരോടെങ്കിലും യേശുവിനെപറ്റി പറയുവാൻ സാധിക്കണം. അങ്ങനെ നമ്മുടെ വിശ്വാസം കൂടുതൽ ജീവിതത്തിലൂടെ പ്രകാശിതമാക്കാൻ സാധിക്കും.

5. ദരിദ്രരോട് സുവിശേഷം അറിയിക്കുക എന്ന യേശുവിന്റെ ആഹ്വാനം എപ്രകാരം നമുക്ക് പ്രായോഗികമാക്കാമെന്ന് ചിന്തിക്കുന്നത് നല്ലതാണ്. ഈ കരുണാവർഷത്തിൽ പാവപ്പെട്ടവരെ ആത്മാർത്ഥമായി സഹായിക്കാൻ സാധിച്ചാൽ ക്രിസ്തുവിന്റെ ഈ ആഹ്വാനം പിൻചെല്ലുന്നവരാണ് നാം എന്നത് നിസ്തർക്കമാണ്. ഓരോ ദിവസവും സാധിക്കുന്ന ത്യാഗങ്ങളെടുത്ത് ആ തുക ഉപയോഗിച്ച് പാവപ്പെട്ടവരെ സഹായിക്കുന്നത് സുവിശേഷവത്കരണത്തിന്റെ മറ്റൊരു മുഖമാണ്. അതുപോലെതന്നെ ക്ലാസ്സടിസ്ഥാനത്തിലോ നിങ്ങളുടെ കുടുംബത്തോടൊപ്പമോ അനാഥാലയങ്ങളോ ആതുരശുശ്രൂഷാലയങ്ങളോ സന്ദർശിക്കുന്നത് വളരെ നല്ല കാര്യമാണ്. നിങ്ങളുടെ യാത്രകളിൽ വേദനിക്കുന്നവരെ കാണുമ്പോൾ അവർക്കൊരു പുഞ്ചിരി സമ്മാനിക്കാൻ കഴിയുമ്പോൾ ക്രൈസ്തവസാക്ഷ്യത്തിന്റെ ഉദാത്തമാതൃകകളാകുകയാണ്.

നമ്മുടെ വിശ്വാസത്തിന്റെ സാക്ഷ്യപ്പെടുത്തലിലൂടെ ക്രിസ്തുവിന്റെ കരുണയുടെ മുഖം നമ്മിലൂടെ മറ്റുള്ളവർക്ക് അനുഭവവേദ്യമാകണം. അതിന് കരുണാമയനായ കർത്താവ് നിങ്ങൾക്ക് ശക്തി പകരട്ടെ.

യേശുവിൽ സ്നേഹപൂർവ്വം,



മാർ ആൻഡ്രൂസ് താഴത്ത്

തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത

വിശ്വാസ പരിശീലനരംഗത്ത്, 2015 അനുഗ്രഹദായകമായ ഒരു വർഷമായിരുന്നു. ദൈവത്തിനുസ്തുതി. ഇതാ, പുതിയൊരു വർഷം 2016 ദൈവം നമുക്കു സമ്മാനിക്കുന്നു! പരിശുദ്ധപിതാവ് ഫ്രാൻസിസ് പാപ്പ കരുണയുടെ വർഷം പ്രഖ്യാപിച്ചിരിക്കുന്ന പശ്ചാത്തലത്തിൽ (2015 ഡിസംബർ 8 മുതൽ 2016 നവംബർ 20 വരെ), വിശ്വാസപരിശീലനശുശ്രൂഷയിലും കാരുണ്യപ്രവൃത്തിയിലും കൂടുതൽ സമർപ്പണ മനോഭാവം സമ്മാനിക്കാൻ ഈ പുതുവർഷത്തിൽ സാധിക്കട്ടെ!

## ഏവർക്കും നവവത്സരാശംസകൾ!

**1. ഹെഡ്മാസ്റ്റർമാരുടെ കോൺഫ്രൻസ്**

തിയതി : 2016 ഫെബ്രുവരി 7
ദിവസം : ഞായർ
സമയം : 02.30 PM
സ്ഥലം : മതബോധനകേന്ദ്രം

എല്ലാ ഹെഡ്മാസ്റ്റർമാരേയും ക്ഷണിക്കുന്നു. എല്ലാവരും നിർബന്ധമായും എത്തേണ്ടതാണ്. ഏതെങ്കിലും അത്യാവശ്യ കാരണത്താൽ ഹെഡ്മാസ്റ്റർ സംബന്ധിക്കുന്നില്ലെങ്കിൽ അക്കാര്യം അതിരൂപതാ മതബോധന ഡയറക്ടറെ അറിയിക്കേണ്ടതാണ്. പ്രാതിനിധ്യം ഇല്ലാതെ വരരുത് എന്ന് പ്രത്യേകം ഓർമ്മിപ്പിക്കുന്നു.

**2. ഞായർ മതബോധന വാർഷിക പരീക്ഷകൾ ഫെബ്രുവരി 2016 :**

**14 ഫെബ്രുവരി 2016, 2PM-5PM : PLUS TWO & ACC** (ACC 3 hrs.)
**21 ഫെബ്രുവരി 2016, 2PM-4PM : Stds. I, III, V, VII, IX, XI**
**28 ഫെബ്രുവരി 2016, 2PM-4PM : Stds. II, IV, VI, VIII, X**

വാർഷിക പരീക്ഷയെ സംബന്ധിച്ച് മതബോധനകേന്ദ്രത്തിൽ നിന്നുള്ള നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കേണ്ടതാണ്. എല്ലാവർക്കും നല്ല പരീക്ഷ ആശംസിക്കുന്നു.

**3. Centralised Valuation – 2016**

Std. XII, ACC വാർഷിക പരീക്ഷയുടെ കേന്ദ്രീകൃത മൂല്യനിർണ്ണയത്തിന് ആ ക്ലാസ്സുകളിൽ പഠിപ്പിക്കുന്ന എല്ലാ അധ്യാപകരും നിർബന്ധമായും മതബോധനകേന്ദ്രത്തിൽ എത്തിച്ചേരേണ്ടതാണ്. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

Chief Examiners' Meeting : 21st February Sunday 10 AM

ACC Centralised Evaluation : Saturday 27th & Sunday 28th February

Std. XII Centralised Evaluation: Saturday 5th & Sunday 6th March

## 4. School Catechism & Moral Science –Annual Examination 2016

Friday 15th January

Forenoon Stds. 1, III, V, VII, IX, XI

Afternoon Stds. II, IV, VI, VIII, X, XII

Question Paper Packets will be ready at Catechetical Centre to be taken by 11th January onwards

## 5. Std. XII & ACC Common Examinations – February 2016

1 ബഹു. വൈദികരുടെ മേൽനോട്ടത്തിലും ഹെഡ്മാസ്റ്ററുടെ ചുമതലയിലുമാണ് പരീക്ഷകൾ നടത്തേണ്ടത്. പരീക്ഷാ ഹാളിൽ മേൽനോട്ടത്തിന് മറ്റ് ക്ലാസ്സുകളിലെ അധ്യാപകരുടെ സഹായം ആവശ്യമുണ്ടെങ്കിൽ സ്വീകരിക്കാവുന്നതാണ്

2 **XII, ACC ക്ലാസ്സുകളിലെ വാർഷിക പരീക്ഷാരീതി: XII, ACC** വാർഷിക പരീക്ഷയ്ക്ക് യൂണിറ്റിൽനിന്ന് ഉത്തരക്കടലാസ്സുകൾ നല്കേണ്ടതില്ല. ചോദ്യങ്ങൾക്കുതാഴെ ഉത്തരമെഴുതി തിരിച്ചേല്പ്പിക്കാവുന്നവിധം പുസ്തകരൂപത്തിലുള്ള **Question & Answer Book** സംവിധാനമാണ് തയ്യാറാക്കുന്നത്. ചോദ്യങ്ങൾ മലയാളത്തിലും ഇംഗ്ലീഷിലും നല്കിയിരിക്കും. വിദ്യാർത്ഥി ഏതെങ്കിലും ഒരു ഭാഷയിൽ മാത്രമേ ഉത്തരങ്ങളെഴുതുവാൻ പാടുള്ളൂ. ഈ രീതിയെക്കുറിച്ച് വിദ്യാർത്ഥികളെ ധരിപ്പിക്കുമല്ലൊ.

3. പരീക്ഷയെ സംബന്ധിച്ച് മതബോധനകേന്ദ്രത്തിൽ നിന്നുള്ള നിർദ്ദേശങ്ങൾ കൃത്യമായി തന്നെ പാലിക്കേണ്ടതാണ്. വാർഷിക പരീക്ഷയിൽ പങ്കെടുക്കാനുള്ള നിബന്ധനകളും (Attendance മുതലായവ), Syllabus, Question Paper Scheme, Marks Distribution എന്നിവയെ സംബന്ധിച്ചും പരീക്ഷയുടെ നടത്തിപ്പിനെ സംബന്ധിച്ചും ഉള്ള കാര്യങ്ങൾ വാർഷിക പ്രോഗ്രാമിൽ നൽകിയിട്ടുണ്ട്. മതബോധന വിദ്യാർത്ഥികളേയും അവരുടെ മാതാപിതാക്കളേയും

ഇക്കാര്യങ്ങൾ നേരത്തെ അറിയിച്ചിരിക്കേണ്ടതാണ്.

4 പരീക്ഷാ നടത്തിപ്പിന് വിസിറ്റർ ആയി നിയമനം ലഭിക്കുന്നവർ ആ ചുമതല കൃത്യമായി തന്നെ നിർവ്വഹിക്കുക. സ്വന്തം യൂണിറ്റിലേയും പോകുന്ന യൂണിറ്റിലേയും ഹെഡ്മാസ്റ്ററേയും വികാരിയച്ചനേയും നേരത്തെതന്നെ നിയമനവിവരം അറിയിക്കേണ്ടതാണ്.

4 ACC കേന്ദ്രീകൃത മൂല്യനിർണ്ണയം മതബോധനകേന്ദ്രത്തിൽ വെച്ചു തന്നെ നടത്തുന്നത് കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ ACC Examination Board തീരുമാനപ്രകാരമാണ്. യൂണിവേഴ്സിറ്റിയുടെ മേൽനോട്ടത്തിൽ ACC കേന്ദ്രീകൃത മൂല്യനിർണ്ണയം നടത്തുന്നതാണ്.

6 Std. XII, ACC കേന്ദ്രീകൃത മൂല്യനിർണ്ണയത്തിന് Std. XII, ACC പഠിപ്പിക്കുന്ന എല്ലാ അധ്യാപകരും നിർബന്ധമായും വരേണ്ടതാണ്. (തിയതികൾ മുകളിൽ നൽകിയിരിക്കുന്നത് ശ്രദ്ധിക്കുക; സമയം 09.30 am – 04.30 pm)

7 പരീക്ഷാനടത്തിപ്പിൽ ഏതെങ്കിലും തരത്തിൽ വീഴ്ചകളോ അപാകതകളോ ഉണ്ടാകരുത്. ഇക്കാര്യം ബന്ധപ്പെട്ടവർ ഗൗരവബുദ്ധ്യാ ശ്രദ്ധിക്കേണ്ടതാണ്.

## 6. Service Award Day – 26th January 2016 Tuesday

Service Award ന് അർഹരായ അധ്യാപകരെ വ്യക്തിപരമായി ക്ഷണിക്കുന്നതാണ്. താഴെ പറയുന്നവയ്ക്കുള്ള സമ്മാനങ്ങളും അന്ന് നല്കുന്നതായിരിക്കും. Service Award ന് അർഹരായവരേയും മറ്റു സമ്മാനർഹരേയും പ്രത്യേകം പറഞ്ഞുവിടുമല്ലൊ.

1. കൈയ്യെഴുത്തുമാസിക
2. Archdiocesan Aptitude Examination
3. Misericordiae Vultus - Forane Star - Std. XII
4. SMCC പ്രതിഭാ തിരഞ്ഞെടുപ്പിനുവേണ്ടി 2015 ഡിസംബർ 18 മുതൽ 20വരെ നടത്തിയ അതിരൂപതാതലത്തിലുള്ള അവസാന റൗണ്ട് ക്യാമ്പിൽ പങ്കെടുത്തവിദ്യാർത്ഥികൾ
5. SMCC പ്രതിഭാസംഗമത്തിനുവേണ്ടി അതിരൂപതയിൽനിന്നും തിരഞ്ഞെടുക്കപ്പെട്ട നാല് വിദ്യാർത്ഥികൾ

## 7. SMCC Award

ഫൊറോനയിൽ നിന്നും തെരഞ്ഞെടുത്ത Std. XII കുട്ടികൾക്ക് മതബോധനകേന്ദ്രത്തിൽ വെച്ച് 1 ദിവസത്തെ ക്യാമ്പ് വിജയകര

മായി നടത്തി. 80 പേർ സംബന്ധിച്ചു. അതിൽ നിന്നും 37 വിദ്യാർത്ഥികളെ അവസാന റൗണ്ടിലേക്ക് തെരഞ്ഞെടുത്തു. ഈ കുട്ടികൾക്ക് Dec. 18, 19, 20 തിയ്യതികളിൽ Camp നടത്തി, അതിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട 2 ആൺകുട്ടികളേയും 2 പെൺകുട്ടികളേയുമാണ് സഭാതലത്തിലുള്ള മത്സരത്തിലേക്ക് പറഞ്ഞയയ്ക്കുന്നത്.

ആശംസകളോടെ,

Fr. Tens Kunnappilly
Fr. Jijo Kappilamnirappel
Asst. Directors

Fr. Raphael Akkamattathil
Director

# ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് തിയോളജി

പുതുവൽസരത്തിന്റെ മംഗളങ്ങൾ ഏവർക്കും നേരുന്നു.

## 1. B. A in Theology & Religious Studies

അൽമായർക്കും സന്യസ്തർക്കും ദൈവശാസ്ത്രം പഠിക്കുന്നതിനും വിശ്വാസത്തേയും സന്മാർഗ്ഗത്തേയും സഭാചരിത്രത്തേയും സംബന്ധിച്ച് കൂടുതൽ അറിവ് നേടുന്നതിനും, തൃശ്ശൂർ അതിരൂപതയിൽ സ്ഥാപിതമായ പരിശീലനകേന്ദ്രമാണ് ദൈവശാസ്ത്രവിദ്യാപീഠം. ഈ വിദ്യാപീഠത്തിൽ നിന്നും മൂന്നു വർഷത്തെ **B. A in Theology & Religious Studies**-ന്റെ ഒരു പുതിയ ബാച്ച് 2016 ജനുവരി 3 ഞായറാഴ്ച ആരംഭിക്കുന്നു. ഈ കോഴ്സിൽ ചേരാൻ ആഗ്രഹിക്കുന്നവർ Entrance Exam ൽ നിർബന്ധമായും പങ്കെടുക്കേണ്ടതാണ്. എല്ലാ ഞായറാഴ്ചകളിലും (2 മണി മുതൽ 5 മണി വരെയും) രണ്ടാം ശനിയാഴ്ചകളിലും പൊതു അവധി ദിവസങ്ങളിലും 9.30 AM മുതൽ 5 PM വരെയും ആയിരിക്കും ക്ലാസ്സുകൾ. വിശദവിവരങ്ങൾക്ക് തിയോളജി ഇൻസ്റ്റിറ്റ്യൂട്ട് ഓഫിസുമായി ബന്ധപ്പെടുക.

## 2. Correspondence Theology Course

കറസ്പോണ്ടൻസ് തിയോളജിയുടെ അടുത്ത ക്ലാസ്സുകൾ 2016 ജനുവരി 10, 31 എന്നീ ഞായറാഴ്ചകളിൽ ഉച്ചകഴിഞ്ഞ് 2 മണിമുതൽ 5 മണി വരെയായിരിക്കും.

കറസ്പോണ്ടൺഡൻസ് തിയോളജി കോഴ്സ് പൂർത്തിയാക്കി നല്ല വിജയം കരസ്ഥമാക്കിയ എല്ലാവർക്കും പ്രത്യേകം അഭിനന്ദനങ്ങൾ. കോഴ്സ് വിജയകരമായി പൂർത്തിയാക്കിയവർക്ക് ഈ 2016 ജനുവരി 26-ന് ഡി. ബി. സി. എൽ. സി യിൽ വെച്ച് നടക്കുന്ന Award Day Programme-ൽവച്ച് Diploma നല്കുന്നതായിരിക്കും.

**3. Six Months Theology Course** പൂർത്തിയാക്കി നല്ല വിജയം കരസ്ഥമാക്കിയ എല്ലാ ബഹു. സിസ്റ്റേഴ്സിനും പ്രത്യേകം അഭിനന്ദനങ്ങൾ. ഇവർക്കുള്ള സർട്ടിഫിക്കറ്റുകൾ 2016 ജനുവരി 26 ന് ഡി. ബി. സി. എൽ. സി യിൽ വെച്ച് നടക്കുന്ന Award Day Programme-ൽ നല്കുന്നതായിരിക്കും.

**4. Vocation Orientation Course** സന്യാസാർത്ഥിനികൾക്കുള്ള മൂന്നു മാസത്തെ Vocation Orientation Course (VOC) 2016 ജനുവരി 4-ന് ആരംഭിക്കുന്നതാണ്. അർത്ഥിനികളെ ഈ കോഴ്സിൽപങ്കെടുപ്പിക്കുന്നതിന് സന്യാസിനീ സമൂഹാധികാരികൾ ശ്രദ്ധിക്കുമല്ലോ.

ആശംസകളോടെ,

Fr. Raphael Akkamattathil
Director

# മേരി മാതാ മേജർ സെമിനാരി

**വി. സിസിലിയുടെ തിരുന്നാൾ (നവംബർ 27)**

ഈ വർഷവും വി. സിസിലിയുടെ തിരുനാൾ സെമിനാരി കുടുംബം സാഘോഷം കൊണ്ടാടി. ഗായക സംഘത്തിന്റെ ഡയറക്ടർ ഫാ. ജിഫി മേക്കാട്ടുകുളം അന്നേദിവസം ആഘോഷമായ ദിവ്യബലിയർപ്പിക്കുകയും തിരുനാളിന്റെ ഭാഗമായി അന്നേദിവസം ഗാനാലാപന മത്സരം സംഘടിപ്പിക്കുകയും ചെയ്തു. മത്സരത്തിൽ ബ്രദർ സബിൻ മാത്തപ്പാറ ഗാനഗന്ധർവ്വനായും ബ്രദർ ടോണി തെക്കുപുറത്ത് ഗാന കോകിലമായും ബ്രദർ ജിജോ മാളിയേക്കലിനെ ജനപ്രിയ ഗായകനായും തെരഞ്ഞെടുത്തു. ബ്രദർ സബിനെ ഗായക സംഘത്തിലേക്ക് സ്വീകരിക്കുകയും ചെയ്തു.

**PAROC (Nov. 30)**

മേരിമാതാ സെമിനാരിയുടെ ഭാഗമായി പ്രവർത്തിക്കുന്ന PAROC എന്ന ഗവേഷണ സ്ഥാപനം തൃശ്ശൂർ അതിരൂപതയിലെ പത്തു ഇടവക വൈദികർക്കായി സംഘടിപ്പിച്ച സാമൂഹിക അജപാലന പഠന പദ്ധതിയുടെ ഉദ്ഘാടനം നവംബർ 30ന് വൈകീട്ട് സെമിനാരി ഓഡിറ്റോറിയത്തിൽ നടന്നു. റെക്ടർ ഫാ. ബാബു പാണാട്ടുപറമ്പിലച്ചൻ സ്വാഗതമേകി. മാർ റാഫേൽ തട്ടിൽ PAROC ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദീകരിച്ചു. ആർച്ച്ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് ഉദ്ഘാടനം നടത്തി. ഫാ. ടോണി നീലങ്കാവിൽ പഠനപദ്ധതിയുടെ വിശദാംശങ്ങൾ പങ്കുവെച്ചു. ഇതിൽ സംബന്ധിക്കുന്ന വൈദീകർ സ്വയം പരിചയപ്പെടുത്തി. ഈശോ സഭാംഗമായ ബഹു. ഇ. ജെ. തോമാസച്ചന്റെ നേതൃത്വത്തിൽ നടന്ന 3 ദിവസത്തെ ആദ്യഘട്ടം പ്രയോജനകരമായിരുന്നെന്ന് പങ്കെടുത്തവർ അഭിപ്രായപ്പെട്ടു.

**വിശുദ്ധ ഫ്രാൻസീസ് സേവ്യറിന്റെ തിരുനാൾ (ഡിസംബർ 3)**

വി. ഫ്രാൻസീസ് സേവ്യറിന്റെ നാമധാരിയായ സെമിനാരിയുടെ റെക്ടർ ഫാ. ബാബു പാണാട്ടുപറമ്പിലച്ചന്റെ നാമഹേതുക തിരുന്നാൾ ഡിസംബർ 3ന് സെമിനാരി കുടുംബം സമുചിതമായി ആഘോഷിച്ചു. അന്നേ ദിവസം പ്രഭാതത്തിൽ ബഹു. റെക്ടറച്ചനോടൊപ്പം സെമിനാരി കുടുംബം ദിവ്യബലിയർപ്പിച്ച് ദൈവം അദ്ദേഹത്തിന്റെ മേൽ ചൊരിഞ്ഞ നിരവധിയായ അനുഗ്രഹങ്ങൾക്ക് നന്ദി പറഞ്ഞു പ്രാർത്ഥിച്ചു. തുടർന്ന് ബഹു. വൈസ് റെക്ടർ ഫാ. ജിഫി മേക്കാട്ടുകുളമച്ചനും റെക്ടറച്ചനും നാമഹേതുക തിരുനാൾ ആഘോഷിച്ച പ്രിയ സഹോദരങ്ങൾക്കും ആശംസകൾ അർപ്പിച്ചുകൊണ്ട് സംസാരിച്ചു.

**സെമിനാരിയുടെ സ്ഥാപന ദിനം (ഡിസംബർ 8)**

മേരിമാതാ സെമിനാരിയുടെ 18-ാമത് സ്ഥാപന ദിനവും അമലോത്ഭവ മാതാവിന്റെ തിരുന്നാളും സെമിനാരി കുടുംബം വളരെ ആഘോഷപൂർവ്വം കൊണ്ടാടി. തലേദിവസം വേസ്പരയോട് കൂടി തിരുനാൾ ആഘോഷങ്ങൾക്ക് തുടക്കം കുറിച്ചു. വേസ്പരയ്ക്ക് ബഹു. റോയ് മൂക്കനച്ചൻ കാർമ്മികത്വം വഹിച്ചു. ബഹു. വർഗ്ഗീസ് ഊക്കനച്ചൻ സന്ദേശം നൽകി. പിറ്റേന്ന് അഭിവന്ദ്യ ജോസ് പൊരുന്നേടം പിതാവിന്റെ കാർമ്മികത്വത്തിൽ ദിവ്യബലിയർപ്പിച്ച് സെമിനാരി കുടുംബം ദൈവത്തിന് നന്ദിയർപ്പിച്ചു. വൈകീട്ട് പതിവുപോലെ യുള്ള ദിവ്യകാരുണ്യ പ്രദക്ഷിണത്തിന് അഭിവന്ദ്യ മാർ ജേക്കബ്ബ് പിതാവ് നേതൃത്വം നൽകി.

**പാസ്റ്ററൽ ഡയറക്ടേഴ്സ് മീറ്റ് (ഡിസംബർ 10)**

അജപാലന രംഗത്ത് പരിശീലനം ലഭിക്കുന്നതിനായി എല്ലാ ഞായറാഴ്ച കളിലും ദൈവശാസ്ത്ര വിദ്യാർത്ഥികൾ പോകുന്ന ഇടവകകളിൽ നിന്നും അവർക്ക് നിർദ്ദേശവും പരിശീലനവും നൽകുന്ന വികാരിയച്ചന്മാരുടെ സംഗമം 10-ാം തിയതി ഉച്ചതിരിഞ്ഞ് സംഘടിപ്പിച്ചു. വൈദിക വിദ്യാർത്ഥി കൾ സ്വയം പരിചയപ്പെടുത്തി തങ്ങളുടെ വികാരിയച്ചന്മാർക്ക് നന്ദിയർപ്പിച്ച തിന് ശേഷം, വികാരിയച്ചന്മാർ തങ്ങളുടെ പൊതുവായി നിർദ്ദേശങ്ങൾ നൽകി. അതിനുശേഷം ബഹു. റെക്ടറച്ചനും വികാരിയച്ചന്മാരും കൂടിയുള്ള ചർച്ചയും ഉണ്ടായിരുന്നു.

**മാസധ്യാനം**

ആത്മീയ ഉണർവ്വിനും, ദൈവവിളിയെപ്പറ്റി ആഴത്തിൽ ചിന്തിക്കുവാനും, സ്നേഹോത്സവത്തിന് ഒരുക്കമായും ഉപകരിക്കുന്നതായിരുന്നു. ഈ മാസത്തെ മാസധ്യാനം. റവ. ഫാ. ആന്റണി കുരുതുകുളങ്ങരയാണ് മാസധ്യാന ചിന്ത കൾ പങ്കുവെച്ചത്. അജപാലന രംഗത്ത് കാലിക പ്രസക്തിയുള്ള വിഷയ ങ്ങളെ ക്രിസ്തുവിനോട് ചേർന്നു നിന്ന് എങ്ങനെ അഭിമുഖീകരിക്കണമെന്ന് അച്ചൻ പറഞ്ഞു തന്നു. ഈ മാസധ്യാനം ഏവർക്കും അനുഭവപ്രദമായിരു ന്നു.

**സ്നേഹോത്സവം 2015**

ഡിസംബർ 13 മുതൽ 18 വരെ പുത്തൻ പീടിക, ചെങ്ങാലൂർ ഇടവകകളി ലാണ് ഇപ്രാവശ്യം സ്നേഹോത്സവം നടത്തിയത്. സ്നേഹോത്സവത്തിന്റെ വിജയത്തിനായി മേരിമാതാ കുടുംബം ഒരു മാസം മുമ്പു തന്നെ പ്രാർത്ഥിച്ച് ഒരുക്കം തുടങ്ങിയിരുന്നു. സെമിനാരി കുടുംബം രണ്ട് ഗ്രൂപ്പുകളായി തിരിഞ്ഞ് 63 സഹോദരങ്ങൾ ചെങ്ങാലൂരിലേക്കും 65 സഹോദരങ്ങൾ പുത്തൻപീടിക

യിലേക്കാണ് പോയത്. ഇരു ഇടവകകളും സോണുകളായി തിരിച്ച് സോണുകളിൽ തന്നെ കുർബ്ബാനയും കുമ്പസാരവും സംഗമങ്ങളും നടത്തി. കുടുംബസന്ദർശനവും വചനപ്രഘോഷണവുമായിരുന്നു സ്നേഹോത്സവത്തിന്റെ പ്രധാന വിജയകാരണം.

**ക്രിസ്തുമസ് ആഘോഷം (ഡിസംബർ 19)**

സെമിനാരി കുടുംബം ഒന്നുചേർന്ന് ക്രിസ്തുമസ് ആഘോഷിച്ചു. ഒരു മാസക്കാലമായി പ്രാർത്ഥിച്ചൊരുങ്ങി കാത്തിരുന്ന ക്രിസ്തുമസ് ഫ്രണ്ടിന് സഹോദരങ്ങളും വൈദികരും സമ്മാനങ്ങൾ കൈമാറി. ക്രിസ്തുമസിന് ഒരുക്കമായി ഡിസംബർ ഒന്നാം തിയതി മുതൽ എല്ലാ ദിവസവും ക്രിസ്തുമസ് സന്ദേശങ്ങൾ വിവിധ ബാച്ചുകളിലെ സഹോദരങ്ങൾ നൽകിയിരുന്നു. ക്രിസ്തുമസ് കൂട് അണിയിച്ചൊരുക്കിയും കരോൾ ഗാനങ്ങൾ ആലപിച്ചും സാന്താക്ലോസിനെ കൊണ്ടുവന്നും ഈ വർഷത്തെ ക്രിസ്തുമസ് സെമിനാരി കുടുംബം അതിമനോഹരമായി ആഘോഷിച്ചു.

**ഇന്റർസെമിനാരി കോമ്പറ്റീഷൻസ്**

നവംബർ 28-ാം തിയതി മേരിമാതാ സെമിനാരിയിൽ നടന്ന ഫുട്ബോൾ മത്സരത്തിൽ ഒന്നിനെതിരെ നാലുഗോളുകൾക്ക് മേരിമാതാ സെമിനാരി വടവാതൂർ സെമിനാരിയെ തോൽപ്പിച്ചു. നവംബർ 30-ാം തിയതി ആലുവാ സെമിനാരിയിൽ നടന്ന ഫുട്ബോൾ മത്സരത്തിൽ മേരിമാതാ സെമിനാരിയും ആലുവ സെമിനാരിയും സമനില പാലിച്ചു.

ഡിസംബർ 3-ാം തിയതി കോട്ടയം സെമിനാരിയിൽ വച്ചുനടന്ന ഇന്റർ സെമിനാരി പ്രസംഗമത്സരത്തിൽ മേരിമാതാ സെമിനാരിയെ പ്രതിനിധീകരിച്ച ബ്രദർ റിജോമോൻ മുണ്ടാണിശ്ശേരിൽ സി.എസ്.ടി. രണ്ടാം സ്ഥാനം കരസ്ഥമാക്കി.

**അവധിക്കാലം**

വൈദികവിദ്യാർത്ഥികൾ തങ്ങളുടെ സ്വന്തം ഭവനങ്ങളിൽ പോയി ക്രിസ്തുമസ് ആഘോഷിക്കുന്നതിനായി 20-ാം തിയതി സെമിനാരിയിൽ അവധി തുടങ്ങി. ക്രിസ്തുമസിന് ശേഷം പല ഇടവകകളിലും നടക്കുന്ന തിരുപ്പട്ടങ്ങളിൽ പങ്കെടുക്കുന്നതിനും ശുശ്രൂഷിക്കുന്നതിനുമായി 2016 ജനുവരി 5-ാം തിയതി വരെ അവധിക്കാലം നീണ്ടുനിന്നിരുന്നു. മേരിമാതയിൽ പഠനം പൂർത്തിയാക്കിയ 24ഡീക്കന്മാരാണ് ഈ വർഷം തിരുപ്പട്ടം സ്വീകരിക്കുന്നത്. മേരിമാതാ കുടുംബത്തിന്റെ പ്രാർത്ഥനാമംഗളങ്ങൾ

**മേരിമാതയിൽ പൗരോഹിത്യ സംഗമം (നവംബർ 25 – 26)**

മേരിമാതാ സെമിനാരിയിൽ നിന്നും കഴിഞ്ഞ പത്ത് ബാച്ചുകളിലായി വിവിധ രൂപതകൾക്കും സന്യാസ സഭകൾക്കും വേണ്ടി തിരുപ്പട്ടം സ്വീകരിച്ച 206 വൈദികരുടെ സംഗമം നവംബർ 25, 26 തിയതികളിലായി നടന്നു. Alumni Koinonia 2015 എന്ന പേരിൽ നടത്തപ്പെട്ട സംഗമത്തിൽ ധാരാളം വൈദികർ പങ്കുചേർന്നു. കർദ്ദിനാൾ ജോർജ്ജ് ആലഞ്ചേരി പിതാവ് സംഗമത്തിൽ പങ്കെടുത്ത് അഭിനന്ദനങ്ങളും ആശംസകളുമറിയിച്ചു. സഭയുടെ സമ്പത്താണ് വൈദികരെന്നും അവരെല്ലാം ഒത്തൊരുമയോടെ സഭാഗാത്രത്തെ പടുത്തുയർത്താൻ പരിശ്രമിക്കണമെന്നും പിതാവ് ഓർമ്മിപ്പിച്ചു. അഭിവന്ദ്യ തൂങ്കുഴി പിതാവും റാഫേൽ തട്ടിൽ പിതാവും സെമിനാരിയിൽ സേവനം ചെയ്തിട്ടുള്ള വൈദികരും കൂട്ടായ്മയിൽ പങ്കുചേർന്നു. 31 വർഷം സൈബർ സെല്ലിൽ ജോലി ചെയ്തിട്ടുള്ള സർക്കിൾ ഇൻസ്പെക്ടർ ഫ്രാൻസീസ് പെരേര ആധുനിക സാമൂഹിക മാധ്യമങ്ങൾ വൈദികർക്ക് എങ്ങിനെയെല്ലാം കെണിയായി മാറുന്നുവെന്നും അവയുടെ ഉപയോഗത്തിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങളെക്കുറിച്ചും ക്ലാസ്സ് നൽകി. ബഹുമാനപ്പെട്ട വൈദികർ തങ്ങളുടെ അജപാലന രംഗങ്ങളിൽ എങ്ങനെയാണ് മേരിമാതയിലെ പരിശീലനം ഉപകാരപ്പെടുന്നത് എന്ന് സന്തോഷപൂർവ്വം പങ്കുവെച്ചു. സംഗമത്തിന് സന്തോഷം പകരാൻ സൗഹൃദ ഫുട്ബോൾ മത്സരവും ഉണ്ടായിരുന്നു. അഞ്ച് വർഷത്തിലൊരിക്കലെങ്കിലും ഇതുപോലെയുള്ള സംഗമങ്ങൾ നല്ലതാണെന്ന് അഭിപ്രായപ്പെട്ട്, ഏവരും സന്തോഷപൂർവ്വം മേരിമാതയോട് യാത്രപറഞ്ഞു.

**(റെക്ടർ)**

PH : 2420891

## സെന്റ് മേരീസ് മൈനർ സെമിനാരി

**ഏകദിന ജീവിത മാർഗ്ഗദർശന സെമിനാറുകൾ**

2015 നവംബർ 21, 28 എന്നീ തിയതികളിൽ യഥാക്രമം 8, 9 ക്ലാസ്സുകലിൽ പഠിക്കുന്ന ആൺകുട്ടികൾക്കായുള്ള ഏകദിന ജീവിതമാർഗ്ഗദർശന സെമിനാറുകൾ മൈനർ സെമിനാരിയിൽ വച്ചു നടന്നു. 8–ാം ക്ലാസ്സ് വിദ്യാർത്ഥികളുടെ സെമിനാറിന് റവ. ഫാ. ജിമ്മി എടക്കളത്തൂരും 9–ാം ക്ലാസ്സ് വിദ്യാർത്ഥികലുടെ സെമിനാറിന് റവ. ഫാ. ലിജോ ചിറ്റിലപ്പിള്ളിയും നേതൃത്വം നൽകി. 21–ാം തിയതിയിലെ സെമിനാറിൽ 217 കുട്ടികളും 28–ാം തിയതിയിലേതിൽ 158 പേരും സംബന്ധിച്ചു.

**ആരാധന ദിനം**

ക്രിസ്തുരാജത്വതിരുനാളായിരുന്ന നവംബർ 22-ാം തിയതി സെമിനാരി കുടുംബം ആരാധന ദിനമായി ആചരിച്ചു. ദിവ്യകാരുണ്യ നാഥന്റെ സന്നിധിയിൽ ആരാധനയുടെ അവസാന മണിക്കൂറിൽ സെമിനാരിക്കാരുടെ കുടുംബാംഗങ്ങളും കൂടെയുണ്ടായിരുന്നു.

**അഭിവന്ദ്യപിതാവിന്റെ നാമഹേതുക തിരുനാൾ**

നാമഹേതുക തിരുനാളിനോടനുബന്ധിച്ച് അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് ഡിസംബർ 2-ാം തിയതി സെമിനാരിയിൽ വിശുദ്ധ കുർബ്ബാനയർപ്പിച്ച് സന്ദേശം നൽകി. സെമിനാരി കുടുംബം അഭിവന്ദ്യപിതാവിന് പ്രാർത്ഥനാശംസകൾ നേർന്നു.

**യോബേൽ 2015**

2015 ഡിസംബർ 6ന് നടത്തറയിൽ വച്ച് നടന്ന യോബേൽ 2015 യുവജന സംഗമത്തിൽ എല്ലാ സെമിനാരിക്കാരും ആദ്യന്തം പങ്കെടുത്തു.

**അഭിവന്ദ്യപിതാക്കന്മാരുടെ ജന്മദിനാഘോഷം**

ഡിസംബർ 13ന് ജന്മദിനമാഘോഷിച്ച മാർ ആൻഡ്രൂസ് താഴത്ത് പിതാവിനും മാർ ജേക്കബ്ബ് തൂങ്കുഴി പിതാവിനും വേണ്ടി സെമിനാരി കുടുംബം പ്രത്യേകമായി പ്രാർത്ഥിച്ചു. ഡിസംബർ 12ന് അഭിവന്ദ്യമാർ ജേക്കബ് തൂങ്കുഴി പിതാവ് സെമിനാരിയിൽ വിശുദ്ധ ബലിയർപ്പിച്ച് സന്ദേശം നൽകി. ഡിസംബർ 13-ാം തിയതി സെമിനാരി കുടുംബം മാർ തൂങ്കുഴി പിതാവിന് ആശംസകളർപ്പിച്ചു.

**മാസധ്യാനം, വാർഷിക ധ്യാനം**

മൈനർ സെമിനാരിക്കാർക്കും റീജൻസി ബ്രദേഴ്സിനുമായി ഡിസംബർ 11, 12 തിയതികളിൽ മാസധ്യാനം നടന്നു. ബഹു. ടിജോ മുള്ളക്കരയച്ചനാണ് ധ്യാനവിചിന്തനങ്ങൾ നൽകിയത്. ഡിഗ്രി പഠിക്കുന്ന സെമിനാരിക്കാർക്കായുള്ള വാർഷിക ധ്യാനം ഡിസംബർ 11 മുതൽ 14 വരെയുള്ള ദിവസങ്ങളിലായിരുന്നു. ചങ്ങനാശ്ശേരി അതിരൂപതാംഗമായ റവ. ഫാ. ജേക്കബ്ബ് ചക്കാത്ര ധ്യാന ചിന്തകൾ പങ്കുവച്ചു.

**പരീക്ഷകൾ, അവധിക്കാലം**

സെക്കന്റ് ടേമിലെ പരീക്ഷകൾ ഡിസംബർ 5 മുതൽ 19 വരെയുള്ള ദിവസങ്ങളിലായിരുന്നു. 19-ാം തിയതി വൈകീട്ട് ക്രിസ്തുമസ് ആഘോഷിച്ചു. 2015 ഡിസംബർ 20 മുതൽ 2016 ജനുവരി 3 വരെയാണ് ക്രിസ്തുമസ് അവധിയായിരുന്നത്.

**ബേഴ്സ് സ്ഥാപിച്ചവർ**

1. ശ്രീ. ജീസൺ ജോസ് എടക്കളത്തൂർ ഹൗസ്, കൂനംമുച്ചി.
2. ശ്രീമതി തങ്കമ്മ ജോസഫ്, മെറ്റേക്കാട്ട് ഹൗസ്, നെല്ലിക്കുന്ന്
3. ശ്രീമതി റാണി പയസ് C/o. ശ്രീമതി. എം. സി. ത്രേസ്യാ വല്ലൂർ ഹൗസ്, ഗ്രീൻ അവന്യൂ, തൃശ്ശൂർ
4. ശ്രീമതി മേരി ജോർജ്ജ്, ബ്രഹ്മക്കുളം ഹൗസ്, ചിറ്റിലപ്പിള്ളി
5. ശ്രീമതി ആനി ജോർജ്ജ്, തട്ടിൽ ഹൗസ്, അരണാട്ടുകര
6. ശ്രീ. ടി. പി. ജെയിംസ്, തെക്കേക്കര ഹൗസ്, മനക്കൊടി
7. ശ്രീ. നെൽജോ നീലങ്കാവിൽ, കൊട്ടേക്കാട്, തൃശ്ശൂർ
8. ശ്രീ. സണ്ണി അരിമ്പൂർ, കല്ലൂർ വെസ്റ്റ്, തൃശ്ശൂർ

ദൈവം ഔദാര്യമായി നൽകിയവയിൽ നിന്ന് ദൈവിക കാര്യങ്ങൾക്കായി ഉദാരമായി സമർപ്പിച്ച നിങ്ങളേവരെയും ഈശോനാഥൻ ഹൃദയപൂർവ്വം അനുഗ്രഹിക്കട്ടെ.

**ഫാ. ജെയ്സൺ കൂനംപ്ലാക്കൽ**
(റെക്ടർ)

## കോർപ്പറേറ്റ് എഡ്യുക്കേഷണൽ ഏജൻസി

**1. പുതുവത്സരാശംസകൾ**

2016– പുതുവർഷം ആഗതമായി. എല്ലാവർക്കും പുതുവർഷത്തിന്റെ ഭാവുകങ്ങളും പ്രാർത്ഥനാശംസകളും നേരുന്നു.

**2. ഓർമ്മിക്കാൻ... ആചരിക്കാൻ – 2016 ജനുവരി**

| | | |
|---|---|---|
| 1 | വെള്ളി | – ദൈവമാതൃത്വ തിരുനാൾ, ആദ്യവെള്ളി, വി.കുർബ്ബാന |
| 3 | ഞായർ | – വി. ചാവറ കുര്യാക്കോസ് ഏലിയാസ് |
| 6 | ബുധൻ | – ദനഹാത്തിരുനാൾ |
| 12 | ചൊവ്വ | – വിവേകാനന്ദ ജയന്തി |
| 15 | വെള്ളി | – വി. പത്രോസ്, വി. പൗലോസ് |
| 20 | ബുധൻ | – വി.സെബസ്ത്യാനോസ് |
| 23 | ശനി | – നേതാജി ജയന്തി |

| | | | |
|---|---|---|---|
| 26 | ചൊവ്വ | - | ഇന്ത്യൻ റിപ്പബ്ലിക് ദിനം |
| 30 | ശനി | - | മഹാത്മാഗാന്ധി ചരമദിനം<br>ലോക സമാധാന ദിനം |

**3. സ്ഥല മാറ്റ അപേക്ഷകൾ**

പ്രധാന അദ്ധ്യാപകരുടെയും അനധ്യാപകരുടെയും സ്ഥലം മാറ്റത്തിനുള്ള അപേക്ഷകൾ ക്ഷണിക്കുന്നു. അപേക്ഷകൾ നിശ്ചിത ഫോമിൽ ഏജൻസി ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. അവസാന തിയതി 2016 ജനുവരി 30 (ശനി)ന് ഏജൻസി ഓഫീസിൽ സമർപ്പിക്കേണ്ടതാണ്.

**4. ഹെഡ്മാസ്റ്റർ / പ്രിൻസിപ്പാൾ തസ്തിക അപേക്ഷകൾ**

ഹെഡ്മാസ്റ്റർ / പ്രിൻസിപ്പാൾ തസ്തികയിലേക്കുള്ള അപേക്ഷകൾ നിശ്ചിത ഫോമിൽ ഏജൻസി ഓഫീസ്സിൽ സമർപ്പിക്കേണ്ട അവസാന തിയതി 2016 ജനുവരി 30 ശനിയാഴ്ചയാണ്.

**5. ലീസ്റ്റ് ലീവ് റിപ്പോർട്ട്**

2015 വർഷത്തിൽ ഏറ്റവും കുറവ് കാഷ്വൽ ലീവ് (5ൽ കുറവ്) എടുത്തിട്ടുള്ള സ്റ്റാഫ് അംഗങ്ങളുടെ പേരുവിവരം 2016 ഫെബ്രുവരി 15 (തിങ്കൾ) നകം ഏജൻസി ഓഫീസ്സിൽ എത്തിക്കേണ്ടതാണ്.

**6. മെയിന്റൻസ് ഗ്രാന്റ് ബിൽ**

വിദ്യാഭ്യാസ ഡിപ്പാർട്ടുമെന്റിൽ നിന്നും മെയിന്റൻസ് ഗ്രാന്റ് ബിൽ അനുവാദ ഓർഡർ അതാത് സ്കൂളുകൾ വാങ്ങിക്കഴിയും വേഗത്തിൽ ഏജൻസി ഓഫീസ്സിൽ എൽപ്പിക്കേണ്ടതാണ്.

**7. കേന്ദ്രീകൃത മൂല്യനിർണ്ണയ പരീക്ഷ**

കോർപ്പറേറ്റ് എഡ്യുക്കേഷണൽ ഏജൻസി 4, 7 ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്കുവേണ്ടി ഒരുക്കുന്ന കേന്ദ്രീകൃത മൂല്യനിർണ്ണയ പരീക്ഷ 2015 ഡിസംബർ 5, 12 തിയതികളിൽ അതാത് സ്കൂളിൽ വെച്ച് നടത്തി.

**8. സ്കോളർഷിപ്പ് പരീക്ഷ**

1, 2, 3, 5, 6, 8, 9 ക്ലാസ്സുകളിലെ കുട്ടികൾക്കുള്ള സ്കോളർഷിപ്പ് പരീക്ഷ 2016 മാർച്ച് 12ന് ശനിയാഴ്ച രാവിലെ 10 മണി മുതൽ തൃശ്ശൂർ സെന്റ് തോമസ് കോളേജ് സ്കൂളിൽ വെച്ച് നടത്തുന്നതാണ്.

**9. റിട്ടയർമെന്റ് ലിസ്റ്റ്**

2015-2016 വർഷത്തിൽ സർവ്വീസിൽ നിന്നും വിരമിക്കുന്ന സ്റ്റാഫ് അംഗങ്ങളുടെ പേര് വിവരം താഴെകൊടുത്തിരിക്കുന്ന മാതൃക ഫോമിൽ കാണും

വിധം എഴുതി 2016 ജനുവരി 15 (വെള്ളി) നകം ഏജൻസി ഓഫീസ്സിൽ എത്തിക്കേണ്ടതാണ്. വിരമിക്കുന്നവർ ഇല്ലെങ്കിൽ NIL റിപ്പോർട്ട് നൽകുമല്ലോ.

## Retirement List 2015-2016

(Specimen Proforma)

| Sl No. | Name of Staff Member | Designation | Date of Birth | Date of Retirement | Name of the Parent School |
|---|---|---|---|---|---|
| | | | | | |
| | | | | | |
| | | | | | |

I hereby declare that the above said facts are true to my knowledge and belief.

Date : Seal Signature of the
Place :

Headmaster/ Headmistress

*Note :Parent School Means*

A. School from where Nomination is received or
B . School at which the teacher on worked as on 31.03.1971

**10. ഉപദേശക സമിതി യോഗം**

2015 ഡിസംബർ 4ന് വെള്ളിയാഴ്ച രാവിലെ 10 മണിക്ക് വികാരി ജനറാൾ മോൺ . ജോർജ്ജ് ഇടക്കുളത്തൂരച്ചന്റെ അദ്ധ്യക്ഷതയിൽ കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസിയുടെ ഉപദേശക സമിതിയോഗം അതിമെത്രാസനഭവനത്തിൽ വെച്ചു കൂടി. ഏജൻസിയുടെ 2014–2015ലെ വരവ്–ചിലവ് കണക്കുകൾ വായിച്ച് പാസ്സാക്കി.

**ഫാ. ആന്റണി ചെമ്പകശ്ശേരി,**
കോർപ്പറേറ്റ് മാനേജർ

# മഹാജൂബിലി ട്രെയിനിംഗ് കോളേജ്, മുള്ളൂർക്കര

**1. കേരളപിറവി ദിനാഘോഷം**

മഹാജൂബിലി ട്രെയ്നിംഗ് കോളേജ് വിദ്യാർത്ഥികൾ കേരളപിറവി ദിനം ആഘോഷിച്ചു. ബി.എഡ്. ഒന്നാം വർഷം വിദ്യാർത്ഥികളുടെ ആഭിമുഖ്യത്തിൽ 04.11.2015 ബുധൻ ആഘോഷിച്ചു. ഒന്നാം വർഷ ബി.എഡ്. വിദ്യാർത്ഥിനിയായ ഋതു വത്സൻ കേരളപിറവിയെക്കുറിച്ചും പ്രാധാന്യത്തെക്കുറിച്ചും പറഞ്ഞുകൊണ്ടാണ് പരിപാടി തുടങ്ങിയത്. തുടർന്ന് അനഘ സി.എസ്. കേരളത്തിന്റെ ഉത്ഭവത്തെക്കുറിച്ച് ഒരാമുഖ പ്രസംഗം അവതരിപ്പിക്കുകയും പിന്നീട് നാടകം സംഘഗാനം, ലളിതഗാനം, നൃത്തം എന്നിവ അരങ്ങേറി.

**2. മെറിറ്റ് ദിനം ആഘോഷിച്ചു.**

മഹാജൂബിലി ട്രെയ്നിംഗ് കോളേജിൽ മെറിറ്റ് ദിനം 20.11.15 വെള്ളി ആഘോഷിച്ചു. പഠനത്തിലെ മികവുള്ള പ്രതിഭകളെ ആദരിക്കുകയും പുരസ്ക്കാരങ്ങൾ നൽകുകയും ചെയ്തു. മെറിറ്റ് ദിനം മോൺ. ജോർജ്ജ് എടക്കളത്തൂർ ഉദ്ഘാടനം ചെയ്തു. സമ്മാനർഹരായവർ സാനി കെ. തോമസ്( എം. എഡ്.) ജാസ്മിൻ ജോബ് (ബി.എഡ്) എന്നിവരാണ്. മിസ് ദീപ നന്ദി പ്രകാശനം ചെയ്തു.

**3. മഹാജൂബിലി ട്രെയ്നിംഗ് കോളേജിൽ സ്പോർട്സ് ദിനം ആഘോഷിച്ചു.**

മഹാജൂബിലി ട്രെയ്നിംഗ് കോളേജിൽ സ്പോർട്സ് ദിനം 21.11.15 ശനി ആഘോഷിച്ചു. ടാഗോർ, മഹാത്മ, വിവേകാനന്ദ, രാധാകൃഷ്ണ എന്നീ ഗ്രൂപ്പുകൾക്ക് പതാകകൾ നൽകികൊണ്ട് ഗ്രൗണ്ടിൽ അണിനിരന്നു.

കായികാധ്യാപകൻ ഷിജോ സാറിന്റേയും മറ്റ് അദ്ധ്യാപകരുടെയും സാന്നിദ്ധ്യത്തിൽ പ്രിൻസിപ്പാൽ ഡോ. ജെസ്സി മാത്യു പതാക ഉയർത്തി. ഒന്നാം സ്ഥാനം കരസ്ഥമാക്കിയത് മഹാത്മ ഗ്രൂപ്പ്, രണ്ടാം സ്ഥാനം രാധാകൃഷ്ണ, മൂന്നാം സ്ഥാനം വിവേകാനന്ദ, നാലാം സ്ഥാനം ടാഗോർ എന്നീ ഗ്രൂപ്പുകൾക്കാണ്. വ്യക്തിഗത പ്രതിഭകൾ സിസ്റ്റർ. പ്രീതി, ഫാ. ജിൻസൺ എന്നിവരാണ്.

**4. NLP - T.A സെമിനാർ**

Nuro Linguastic Programing and Trasactional Analysis എന്നീ വിഷയത്തെക്കുറിച്ച് 23, 24, 25 (തിങ്കൾ, ചൊവ്വ, ബുധൻ) ദിവസങ്ങളിൽ ഡോ. സിസ്റ്റർ ഡൽമേഷ്യ ക്ലാസ്സെടുത്തു. മിസ് ദീപ സ്വാഗതപ്രസംഗത്തോട് കൂടി പരിപാടി ആരംഭിച്ചു. ഹിപ്നോട്ടിസത്തെക്കുറിച്ച് Practical ക്ലാസ്സുകൾ നടത്തി. തികച്ചും വ്യത്യസ്തമായൊരു അനുഭവം തന്നെ എല്ലാവർക്കും ലഭിച്ചു.

**5. ട്രെയ്നിംഗ് കോളേജിലെ വിദ്യാർത്ഥികൾ സർവ്വേ എടുക്കാനായി വിവിധ സ്കൂളിലേക്ക്**

ഒന്നാം സെമസ്റ്റർ ബി.എസ്. വിദ്യാർത്ഥികൾ സൈക്കോളജി വിഷയത്തിന്റെ ഭാഗമായി 30.11.15 തിങ്കൾ വീടിനടുത്ത് സ്ഥിതിചെയ്യുന്ന സ്കൂളുകളിലേക്ക് "കൗമാരക്കാർക്കിടയിലെ പ്രശ്നങ്ങൾ" എന്ന വിഷയത്തെ ആസ്പദമാക്കിയുള്ള സർവ്വേയ്ക്ക് പോയി.

**6. ക്രിസ്തുമസ്സിന് മുൻപായി മോഡൽ പരീക്ഷകൾ സമാപിച്ചു**

മഹാജൂബിലി ട്രെയ്നിംഗ് കോളേജിലെ എം.എഡ്. , ബി.എഡ്. മോഡൽ പരീക്ഷ 10.12.15ന് തുടങ്ങി 18.12.15ന് സമാപിച്ചു.

**7. ക്രിസ്തുമസ് അവധി ആരംഭിച്ചു**

മഹാജൂബിലി ട്രെയ്നിംഗ് കോളേജിലെ വിദ്യാർത്ഥികൾക്ക് ക്രിസ്തുമസ്സ് അവധി 22.12.15 മുതൽ ആരംഭിച്ചു.

**ഫാ. ചാക്കോ ചിറമ്മൽ** | **ഫാ.ഡിറ്റോ കൂള**
പി.ആർ.ഒ. | അസി. മാനേജർ

## ജ്യോതി എഞ്ചിനീയറിംഗ് കോളേജ്

- **അസ്ത്രജ്യോതി പ്രാഥമിക മത്സരങ്ങൾ :** ജ്യോതി എഞ്ചിനീയറിംഗ് കോളേജ് ഹയർ സെക്കന്ററി വിദ്യാർത്ഥികൾക്കായി നടത്തുന്ന അഖില കേരള ക്വിസ് മത്സരം - **അസ്ത്രജ്യോതി**യുടെ സംസ്ഥാനതല ഉദ്ഘാടനം തൃശൂർ സേക്രട്ട് ഹാർട്ട് കോൺവെന്റ് ഗേൾസ് ഹയർസെക്കന്ററി സ്ക്കൂളിൽ വച്ച് ഒക്ടോബർ 28ന് തൃശൂർ ജില്ലാ സബ്ബ് ജഡ്ജ് ശ്രീ. മുജീബ് റഹ്മാൻ നിർവ്വഹിച്ചു. തൃശൂർ അതിരൂപതാ വികാർ ജനറൽ മോൺ. ജോർജ്ജ് എടക്കളത്തൂർ അദ്ധ്യക്ഷത വഹിച്ചു. സേക്രട്ട് ഹാർട്ട് കോൺവെന്റ് ഗേൾസ് ഹയർസെക്കന്ററി സ്ക്കൂൾ പ്രിൻസിപ്പൽ റവ. സി. ഗ്രേയ്സ്ലെറ്റ് സി.എം.സി. ആശംസകൾ അർപ്പിച്ചു. ജ്യോതി എഞ്ചിനീയറിംഗ് കോളേജ് എക്സിക്യൂട്ടീവ് മാനേജർ ഫാ. ജോസ് പുന്നോലിപ്പറമ്പിൽ, പ്രിൻസിപ്പൽ ഡോ. കെ.കെ. ബാബു, അഡ്മിനിസ്ട്രേറ്റർ എഞ്ചി. തോമസ് മാത്യു, ഫിനാൻസ് മാനേജർ ഫാ. ജോജു ചിരിയൻകണ്ടത്ത്, പി.ആർ.ഒ. ഫാ. റോയ് ജോസഫ് വടക്കൻ, തരംഗ്-16 കോഡിനേറ്റർ ഡോ. അനിത ജോക്കബ്, തൃശ്ശൂർ സേക്രട്ട് ഹാർട്ട് കോൺവെന്റ് ഗേൾസ് ഹൈസ്ക്കൂൾ ഹെഡ്മിസ്ട്രസ്സ് റവ. സി. മരിയ ജോസ്, സി.എം.സി. തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു. ഒക്ടോബർ 28ന് നടന്ന പ്രാഥമിക റൗണ്ട് മത്സരത്തിൽ 120-ാളം സ്കൂളുകൾ പങ്കെടുത്തു.

- **കോളേജ് ഡിസ്പെൻസറി & കൗൺസിലിംഗ് സെന്റർ :** വിദ്യാർത്ഥികൾക്കും അധ്യാപകർക്കും ആധുനിക ചികിത്സാസൗകര്യങ്ങൾ ഒരുക്കുന്നതിന്റെ ഭാഗമായി ജ്യോതി എഞ്ചിനീയറിംഗ് കോളേജ്, തൃശൂർ ജൂബിലി മിഷൻ മെഡിക്കൽ കോളേജുമായി സഹകരിച്ച് ഹെൽത്ത് കെയർ സെന്റർ ആരംഭിച്ചു. പ്രസ്തുത ഹെൽത്ത് കെയർ സെന്ററിന്റെ ഉദ്ഘാടനം ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ഡയറക്ടർ ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത് നിർവ്വഹിച്ചു. രാഷ്ട്രശില്പികളായ എഞ്ചിനീയേഴ്സിന്റെ ആരോഗ്യസംരക്ഷണത്തിൽ കോളേജിനുള്ള പ്രതിബദ്ധത വളരെ പ്രശംസനീയമാണെന്ന് അദ്ദേഹം പറഞ്ഞു. ജൂബിലി മിഷൻ മെഡിക്കൽ കോളേജിലെ കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗത്തിന്റെ കീഴിലാണ് ഇത് പ്രവർത്തിക്കുന്നത്. കോളേജ് എക്സിക്യൂട്ടീവ് മാനേജർ ഫാ. ജോസ് പുന്നോലിപ്പറമ്പിൽ ചടങ്ങിന് ആദ്ധ്യക്ഷം വഹിച്ചു. പ്രിൻസിപ്പൽ ഡോ. കെ.കെ. ബാബു സ്വാഗതവും അഡ്മിനിട്രേറ്റർ തോമസ് മാത്യു നന്ദിയും പറഞ്ഞു. ചടങ്ങിൽ ജൂബിലി മിഷൻ മെഡിക്കൽ കോളേജ് കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗം മേധാവി ഡോ. കെ. രാജൻ, ഡോ. പ്രിയങ്ക, ഡോ. മീനാക്ഷി, ജ്യോതി എഞ്ചിനീയറിംഗ് കോളേജ് ഫിനാൻസ് മാനേജർ ഫാ. ജോജു ചിരിയങ്കണ്ടത്ത്, പ്രൊജക്ട് മാനേജർ ഫാ. റോയ് ജോസഫ് വടക്കൻ, അസിസ്റ്റന്റ് അഡ്മിനിട്രേറ്റർ ബോബി പീറ്റർ എന്നിവർ പങ്കെടുത്തു.

- **മാറ്റത്തിനു നേതൃത്വം നല്കി ജ്യോതിയിലെ വിദ്യാർത്ഥികൾ :** ശാസ്ത്ര സാങ്കേതിക വിദ്യ കുതിച്ചുയരുന്ന ഈ കാലഘട്ടത്തിൽ മാറ്റത്തിനു നേതൃത്വം നല്കിക്കൊണ്ട് സ്പാറ്റസ് (സോഫ്റ്റ് വെയർ പ്രോഗ്രാമിംഗ് & ടെക്നിക്കൽ എൻട്രി സോൺ), വിദ്യാർത്ഥികളായ എഡ്വിൻ ആഡ്രൂസിന്റെയും, ഷാനു കെ. ബെന്നിയുടേയും നൂതന ആശയം കോളേജിലെത്തന്നെ പത്തോളം വിദ്യാർത്ഥികളുടേയും അസിസ്റ്റന്റ് പ്രൊഫ. ജിനേഷ് കെ. ജോസിന്റെയും സഹകരണത്തോടെ പ്രാവർത്തികമായി. സമൂഹനന്മയ്ക്ക് സാങ്കേതിക വിദ്യ എന്ന ചിന്താഗതിയോടെ കോളേജിലെ ടെക്നോളജി ബിസിനസ്സ് ഇൻക്യൂബേഷൻ സെന്ററിൽ സ്പാറ്റസിന്റെ മൂന്നാമത്തെ വർക്ക് സ്റ്റേഷൻ നവംബർ 20 മുതൽ പ്രിൻസിപ്പൽ ഡോ. കെ.കെ. ബാബുവിന്റേയും മറ്റു വിശിഷ്ടാഥിതികളുടേയും സാന്നിദ്ധ്യത്തിൽ കോളേജ് എക്സിക്യൂട്ടീവ് മാനേജർ ഫാ. ജോസ് പുന്നോലിപ്പറമ്പിൽ ഉദ്ഘാടനം നിർവ്വഹിച്ചു.

- **സൻസ്ക്രിതി പ്രവർത്തനോദ്ഘാടനം** : ഒക്ടോബർ 10ന്, കോളേജിലെ വുമൺ ഡവലപ്മെന്റ് സെൽ "സൻസ്ക്രിതി" യുടെ ഈ വർഷത്തെ പ്രവർത്തനങ്ങളുടെ ഉദ്ഘാടനം ഡോ. കെ. ആർ. ലേഖ, സയന്റിസ്റ്റ്, KSCSTE, തിരുവനന്തപുരം നിർവ്വഹിച്ചു.

- ഒക്ടോബർ 10ന് കോളേജിലെ ഐ.എസ്.ടി.ഇ. യുടെ നേതൃത്വത്തിൽ സിവിൽ എഞ്ചിനീയറിംഗ് വിദ്യാർത്ഥികൾക്കായി സംഘടിപ്പിച്ച സെമിനാറിൽ ഡോ. കെ. ആർ. ലേഖ, സയന്റിസ്റ്റ്, KSCSTE, തിരുവനന്തപുരം, ക്ലാസ്സ് നയിച്ചു. "കയർ ജിയോടെക്സ്റ്റൈൽസ്" എന്നതായിരുന്നു സെമിനാറിന്റെ മുഖ്യവിഷയം.

- **വേൾഡ് സ്റ്റാൻറ്റേഡ്സ് ഡേ :** ജ്യോതി എഞ്ചിനീയറിംഗ് കോളേജിലെ IE (I) യുടെ നേതൃത്വത്തിൽ ഒക്ടോബർ 14ന് വേൾഡ് സ്റ്റാൻറ്റേഡ്സ് ഡേ ആഘോഷിച്ചു. ഡോ. സതീഷ് കെ.പി., അസോസിയേറ്റ് പ്രൊഫസർ, തൃശൂർ എഞ്ചിനീയറിംഗ് കോളേജ് പ്രസ്തുത പരിപാടിയുടെ ഉദ്ഘാടനം നിർവ്വഹിച്ചു. "സ്റ്റാൻറ്റേഡ്സ് - വേൾഡ് കോമൺ ലാംഗേജ്" എന്ന വിഷയത്തെക്കുറിച്ച് ചടങ്ങിൽ അദ്ദേഹം പ്രഭാഷണം നടത്തി.

- **വേൾഡ് ഹാബിറ്റാറ്റ് ഡേ :** ഒക്ടോബർ 15ന്, വേൾഡ് ഹാബിറ്റാറ്റ് ഡേ ആചരിച്ചു. അൽ-അമീൻ എഞ്ചിനീയറിംഗ് കോളേജ് പ്രിൻസിപ്പൽ ഡോ. സുബ്രഹ്മണ്യപ്രസാദ് ഉദ്ഘാടനം നിർവ്വഹിച്ചു.

- **സിവിൽ എഞ്ചിനീയറിംഗ് അസോസിയേഷൻ** : ഒക്ടോബർ 17ന്, സിവിൽ എഞ്ചിനീയറിംഗ് അസോസിയേഷന്റെ പ്രവർത്തനോദ്ഘാടനം ഡോ. രാജഗോപാൽ ടി.എസ്. പ്രഭു, (റിട്ട. ഹെഡ് ഓഫ് ഡിപ്പാർട്ട്മെന്റ്, എൻ.ഐ.ടി. കാലിക്കറ്റ്) നിർവ്വഹിച്ചു. ഉദ്ഘാടനത്തോടനുബന്ധിച്ച് "Future of Timber Technology" എന്ന വിഷയത്തിൽ അദ്ദേഹം വിദ്യാർത്ഥികൾക്കായി സെമിനാർ നയിച്ചു.

- **വർക്ക്ഷോപ്പ് - സ്വരം റോബോട്ടിക്സ്** : കോളേജിലെ CSI & CESA അസോസിയേഷനുകളുടെ നേതൃത്വത്തിൽ Botrio Design Labs Pvt Ltd ന്റെ സഹകരണത്തോടെ ഒക്ടോബർ 16, 17 തിയ്യതികളിൽ, രണ്ട്-മൂന്ന് വർഷ വിദ്യാർത്ഥികൾക്കായി സ്വരം റോബേട്ടിക്സ് എന്ന വിഷയത്തിൽ വർക്ക്ഷോപ്പ് സംഘടിപ്പിച്ചു.

- **Mat Lab to Power Elctronics and Control System** : IEEE യുടെ നേതൃത്വത്തിൽ മൂന്നാം വർഷ ഇലക്ട്രിക്കൽ എഞ്ചിനീയറിംഗ് വിദ്യാർത്ഥികൾക്കായി Mat Lab to Power Elctronics and Control System എന്ന വിഷയത്തിൽ ഒക്ടോബർ 17ന് വർക്ക്ഷോപ്പ് നടത്തി. ഡെല്ല ഡേവിഡ് (അസി. പ്രൊഫസർ), രേഷ്മ രാജ് (അസി. പ്രൊഫസർ) എന്നിവർ ക്ലാസ്സുകൾ നയിച്ചു.

- **കാമ്പസ് പ്ലേസ്മെന്റ് :** അവസാന വർഷ വിദ്യാർത്ഥികൾക്കായി **ഇൻഫോസിസ്** സംഘടിപ്പിച്ച കാമ്പസ് പ്ലേസ്മെന്റിലൂടെ 30 വിദ്യാർത്ഥികൾ തെരഞ്ഞെടുക്കപ്പെട്ടു. തെരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികളെ കോളേജ് മാനേജ്മെന്റും, പ്രിൻസിപ്പലും, സ്റ്റാഫംഗങ്ങളും അഭിനന്ദിച്ചു.

- **മെക്കാനിക്കൽ എഞ്ചിനീയറിംഗ് അസോസ്സിയേഷൻ ഉദ്ഘാടനം :** ഒക്ടോബർ 20ന്, മെക്കാനിക്കൽ എഞ്ചിനീയറിംഗ് അസോസിയേഷന്റെ പ്രവർത്തനോദ്ഘാടനം ഡോ. എ. സുരേന്ദ്രൻ (മാർക്കറ്റിംഗ് മാനേജർ, എസ്.ഐ.എഫ്.എൽ) നിർവ്വഹിച്ചു. ഉദ്ഘാടനത്തോടനുബന്ധിച്ച് " Emerging Topics in Mechanical Engineering " എന്ന വിഷയത്തിൽ അദ്ദേഹം പ്രഭാഷണം നടത്തി.

- **UNFCF, Oman കാമ്പസ് പ്ലേസ്മെന്റ് :** കുവൈറ്റ് ആസ്ഥാനമായിട്ടുള്ളതും ഒമാനിൽ പ്രവർത്തിക്കുന്നതുമായ യു.എൻ.എഫ്.സി.എഫ്. എന്ന കോർ കമ്പനി ഒക്ടോബർ 29, 30 തിയ്യതികളിൽ വിദ്യാർത്ഥികൾക്കായി പ്ലേസ്മെന്റ് ഡ്രൈവ് സംഘടിപ്പിച്ചു. ടെസ്റ്റിലും, ഇന്റർവ്യൂവിലും വിജയിച്ച വിദ്യാർത്ഥികൾക്ക് കമ്പനി പ്ലേസ്മെന്റ് ഓഫർ ലെറ്ററുകൾ നല്കി.

- **ജ്യോതിയ്ക്ക് ഒന്നാം സ്ഥാനം** : കേരള സ്റ്റാർട്ടപ് മിഷന്റേയും ഓപ്പൺഫ്യൂവൽ.org യുടേയും നേതൃത്വത്തിൽ ഒക്ടോബർ 19മുതൽ 21വരെ Toch College of Engineering, Ernakulam സംഘടിപ്പിച്ച "Startup i3" വർക്ക്ഷോപ്പിൽ ബസ്റ്റ് ഐഡിയ മത്സരത്തിൽ വരുൺ, മനു, ആഷിത്, ആത്മജ്, ഷാരോൺ എന്നിവരടങ്ങിയ ജ്യോതി എഞ്ചിനീയറിംഗ് കോളേജ് ടീം ഒന്നാം സ്ഥാനം കരസ്ഥമാക്കി.

- **സെൽഫ് ഡിഫെന്റിംഗ് പ്രോഗ്രാം :** നവംബർ 11ന്, വുമൺസ് ഡെവലപ്മെന്റ് സെല്ലിന്റേയും സ്റ്റാഫ് ക്ലബ്ബിന്റേയും നേതൃത്വത്തിൽ കോളേജിലെ സ്ത്രീകൾക്കുവേണ്ടി സെൽഫ് ഡിഫെന്റിംഗ് പ്രോഗ്രാം സംഘടിപ്പിച്ചു.

- **ഐ.ടി.സി. അക്കാദമി-ട്രെയ്നിംഗ് പ്രോഗ്രം :** ഐ.ടി.സി അക്കാദമിയുടെ നേതൃത്വത്തിൽ നവംബർ 19, 20 തിയ്യതികളിലായി ഫാക്കൽറ്റികൾക്കുവേണ്ടി "IT Tools for Research and Academia" ട്രെയ്നിംഗ് പ്രോഗ്രാം നടത്തുകയുണ്ടായി.

- **എയ്ഡ്സ് ബോധവൽക്കരണ സെമിനാർ :** ഡിസംബർ 1 ലോക എയ്ഡ്സ് ദിനാചരണത്തോടനുബന്ധിച്ച്, ജ്യോതി എഞ്ചിനീയറിംഗ് കോളേജ്, എൻ.എസ്.എസ്. യൂണിറ്റിന്റേയും, റെഡ് റിബൺ ക്ലബ്ബിന്റേയും സംയുക്താഭിമുഖ്യത്തിൽ കോളേജിലെ വിദ്യാർത്ഥികൾക്കായി എയ്ഡ്സ്

ബോധവൽക്കരണ സെമിനാർ സംഘടിപ്പിച്ചു. ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ഡയറക്ടർ ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത് സെമിനാറിന്റെ ഉദ്ഘാടനം നിർവ്വഹിച്ചു. ജൂബിലി മിഷൻ മെഡിക്കൽ കോളേജിലെ ഡോ. കെ. രാജൻ സെമിനാറിന് നയിച്ചു. കോളേജ് എക്സിക്യൂട്ടീവ് മാനേജർ ഫാ. ജോസ് പുന്നോലിപ്പറമ്പിൽ ചടങ്ങിൽ ആദ്ധ്യക്ഷം വഹിച്ചു. പ്രിൻസിപ്പൽ ഡോ. കെ.കെ. ബാബു, അഡ്മിനിട്രേറ്റർ തോമസ് മാത്യു, ഫിനാൻസ് മാനേജർ ഫാ. ജോജു ചിരിയങ്കണ്ടത്ത്, പ്രൊജക്ട് മാനേജർ ഫാ. റോയ് ജോസഫ് വടക്കൻ, അസിസ്റ്റന്റ് അഡ്മിനിട്രേറ്റർ ബോബി പീറ്റർ, എൻ. എസ്.എസ്. പ്രോഗ്രാം ഓഫീസർ ശിവകുമാർ കെ.എസ്., റെഡ് റിബ്ബൺ ക്ലബ്ബ് കോഡിനേറ്റർ സ്മിജ സ്ക്കറിയ എന്നിവർ സംസാരിച്ചു.

▶▶ **മാർഗി സതിയുടെ നിര്യാണത്തിൽ അനുശോചനം :** പ്രശസ്ത കൂടിയാട്ടം കലാകാരി മാർഗി സതിയുടെ നിര്യാണത്തിൽ കോളേജ് വുമൺ ഡവലപ്മെന്റ് സെൽ "സൻസ്കൃതി" യുടെ നേതൃത്വത്തിൽ യോഗം ചേർന്ന് അനുശോചനം രേഖപ്പെടുത്തി. 2009ൽ സൻസ്കൃതിയുടെ പ്രവർത്തനോദ്ഘാടനം നിർവ്വഹിച്ചത് മാർഗി സതിയാണെന്ന് ചടങ്ങിൽ പ്രത്യേകം അനുസ്മരിച്ചു. കോളേജ് എക്സിക്യൂട്ടീവ് മാനേജർ ഫാ. ജോസ് പുന്നോലിപ്പറമ്പിൽ അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ ജ്യോതി കോളേജ് പ്രിൻസിപ്പൽ ഡോ. കെ.കെ. ബാബു, കോളേജ് മാനേജ്മെന്റ് പ്രതിനിധികൾ, സ്റ്റാഫംഗങ്ങൾ, വിദ്യാർത്ഥികൾ എന്നിവർ അനുശോചനം രേഖപ്പെടുത്തുകയും പരേതയുടെ ആത്മശാന്തിയ്ക്കായി പ്രാർത്ഥിക്കുകയും ചെയ്തു.

▶▶ **ജലത്തെക്കുറിച്ച് സെമിനാർ** : സിവിൽ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ നേതൃത്വത്തിൽ വെള്ളത്തിന്റെ ഗുണനിലവാരവും അനുബന്ധ വിഷയങ്ങളും എന്ന പേരിൽ ഡിസംബർ 2ന് ഒരു ഏകദിന പരിശീലന പരിപാടി നടത്തുകയുണ്ടായി. വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ. എം. ജയരാജൻ ഉദ്ഘാടനം ചെയ്തു. ഫാ. ജോസ് പുന്നോലിപ്പറമ്പിൽ അദ്ധ്യക്ഷത വഹിച്ചു. ഡോ. കെ.കെ. ബാബു, പ്രൊഫ. രതീഷ്, പ്രൊഫ. സിറിയക് എം.ജെ. എന്നിവർ ക്ലാസ്സുകൾ നയിച്ചു.

**ഫാ. റോയ് ജോസഫ് വടക്കൻ**
**പി.ആർ.ഒ**

**ഫാ. ജോസ് പുന്നോലിപ്പറമ്പിൽ**
**എക്സിക്യൂട്ടീവ് മാനേജർ**

# സെന്റ് തോമസ് കോളേജ് (ഓട്ടോണമസ്) തൃശ്ശൂർ

### മാർ പ്രിൻസ് പാണേങ്ങാടന് സെന്റ് തോമസ് കോളേജിൽ സ്വീകരണം

തൃശൂർ: അദിലാബാദ് രൂപതയുടെ മെത്രാനായി അഭിഷിക്തനായ കോളേജിലെ പൂർവ്വവിദ്യാർത്ഥി, മാർ പ്രിൻസ് ആന്റണി പാണേങ്ങാടന് സെന്റ് തോമസ് കോളേജിൽ സ്വീകണം നൽകി. 1992-1994 കാലഘട്ടത്തിൽ കോളേജിലെ പ്രീഡിഗ്രി സയൻസ് ഗ്രൂപ്പ് വിദ്യാർത്ഥിയായിരുന്നു മാർ പ്രിൻസ്. കോളേജ് പ്രിൻസിപ്പാൾ ഡോ. പി.ഒ. ജെൻസൻ അദ്ധ്യക്ഷത വഹിച്ച യോഗം കോളേജ് മുൻ പ്രിൻസിപ്പാൾ റവ. ഡോ. ദേവസി പന്തല്ലൂക്കാരൻ ഉദ്ഘാടനം ചെയ്തു. മാർ പ്രിൻസ് ആന്റണി പാണേങ്ങാടൻ അനുഗ്രഹ പ്രഭാഷണം നടത്തി.

വൈസ് പ്രിൻസിപ്പാൾ ഡോ. തോമസ് പോൾ കാട്ടൂക്കാരൻ, ഡോ. ഇ.ഡി. ജോൺ, സൂപ്രണ്ട് എൻ.സി. ജോർജ്ജ്, കെ. അനുപമ എന്നിവർ ആശംസകളർപ്പിച്ചു സംസാരിച്ചു. കോളേജ് വൈസ് പ്രിൻസിപ്പാൾമാരായ റവ. ഫാ. ബൈജു ചാക്കേരി സ്വാഗതവും ഡോ. ഇഗ്നേഷ്യസ് ആന്റണി നന്ദിയും പറഞ്ഞു. കോളേജ് ബർസാർ റവ. ഡോ. മാർട്ടിൻ കൊളമ്പ്രത്ത്, പി.ആർ.ഒ. ഡോ. ഡെയ്സൻ പാണേങ്ങാടൻ എന്നിവർ പരിപാടികൾക്കു നേതൃത്വം നൽകി.

### ഫിസിക്കൽ എഡ്യൂക്കേഷൻ ഡിപ്പാർട്ട്മെന്റിനു നേട്ടം

കോഴിക്കോട് ഗവമെന്റ് മെഡിക്കൽ കോളേജിൽ വച്ച് നടന്ന യൂണിവേഴ്സിറ്റി അത്‌ലറ്റിക് മീറ്റിൽ സെന്റ് തോമസ് കോളേജ് മൂന്നാം സ്ഥാനം കരസ്ഥമാക്കി. വിമല കോളേജിൽ വച്ചു നടന്ന ഫെൻസിങ്ങിൽ സെന്റ് തോമസ് കോളേജ് ചാമ്പ്യന്മാരായി.

### എം.എസ്സി ഫിസിക്സിൽ റാങ്ക് തിളക്കം

കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ എം.എസ്സി ഫിസിക്സ് 2013-2015 അക്കാദമിക് ബാച്ചിൽ സെന്റ് തോമസ് കോളേജിലെ ഷിജിത എം.യു. രണ്ടാം റാങ്കും മേരി ജോസഫ് മൂന്നാം റാങ്കും കരസ്ഥമാക്കി.

### കെഎസ്സിഎസ്ടിഇയുടെ സഹകരണത്തോടെ ഫിസിക്സ് ഡിപ്പാർ്മെന്റിന്റെ നേതൃത്വത്തിൽ ഏകദിന സെമിനാർ

കേരള സംസ്ഥാന ശാസ്ത്ര-സാങ്കേതിക-പരിസ്ഥിതി കൗൺസിലിന്റെ സഹകരണത്തോടെ ഫിസിക്സ് ഡിപ്പാർട്ട്മെന്റ് ഏകദിന സെമിനാർ അന്തർദേശീയ പ്രകാശവർഷത്തോടനുബന്ധിച്ച് സംഘടിപ്പിച്ചു. കോളേജിയേറ്റ് എഡ്യു

ക്കേഷൻ ഡെപ്യൂട്ടി ഡയറക്ടർ ഡോ. പി.വി. ശശി ഉദ്ഘാടനം നിർവഹിച്ചു. ഡിപ്പാർട്ട്മെന്റ് മേധാവിയുടെ ചുമതലയുള്ള പ്രഫ. പി.എം. ജോയി അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ പ്രിൻസിപ്പാൾ ഡോ. ജെൻസൻ പി.ഒ. മുഖ്യപ്രഭാഷണം നടത്തി. കൺവീനർ ഡോ. പി.വി. വിമൽകുമാർ സ്വാഗതവും ഡോ. ഡെയ്സൻ പാണേങ്ങാടൻ നന്ദിയും പറഞ്ഞു. ഇതോടനുബന്ധിച്ച് നടന്ന സെമിനാറിന് ഡോ. വിനിത് വൽസൻ, അഭിഷേക്ജോസ് എന്നിവർ നേതൃത്വം നൽകി. ഇതിന് മുന്നൊരുക്കമായി ജില്ലയിലെ സ്കൂൾ വിദ്യാർത്ഥികൾക്കായി ക്വിസ് പ്രോഗ്രാം സംഘടിപ്പിച്ചിരുന്നു.

**ലഹരിവിരുദ്ധ കാമ്പയിൻ നടത്തി**

സെന്റ് തോമസ് കോളേജിലെ ആന്റി നർക്കോട്ടിക്സ് ബോധവൽക്കരണ കാമ്പയിന്റെ ഉദ്ഘാടനം ജില്ലാ പോലിസ് മേധാവി കെ.ജി.സൈമൺ ഐപിഎസ് നിർവഹിച്ചു. കോളേജിലെ ആന്റി നർക്കോട്ടിക്സ് സെല്ലിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച ചടങ്ങിന് പ്രിൻസിപ്പാൾ ഡോ. പി.ഒ. ജെൻസൻ അദ്ധ്യക്ഷത വഹിച്ചു. തുടർന്ന് എഎസ്ഐ ബാബു ആന്റണി നർക്കോട്ടിക്സ് സംബന്ധിച്ച് ക്ലാസെടുത്തു. ജില്ലാപോലിസും ആവിഷ്കാർ ട്രസ്റ്റും ചേർന്ന് പുറത്തിറക്കിയ ഇനി ഞാൻ പറയട്ടെ എ ഡോക്യുമെന്ററിയുടെ ലോഞ്ചിംങ്ങ് എസിപി ഷാഹുൽ ഹമീദ് നിർവഹിച്ചു. ആന്റി നർക്കോട്ടിക് സെൽ കൺവീനർ പ്രഫ. സി.ഐ. തോമസ് സ്വാഗതവും പി.ആർ.ഒ. ഡെയ്സൻ പാണേങ്ങാടൻ നന്ദിയും പറഞ്ഞ യോഗത്തിൽ വൈസ് പ്രിൻസിപ്പാൾമാരായ ഫാ. ബൈജു ചാക്കേരി, ഡോ. തോമസ് പോൾ കാട്ടൂക്കാരൻ, ഡോ. ഇഗ്നേഷ്യസ് ആന്റണി, ബർസാർ റവ. ഡോ. മാർട്ടിൻ കൊളമ്പ്രത്ത്, ആവിഷ്കാർ ട്രസ്റ്റ് സെക്രട്ടറി ബീന ഗോപിനാഥ് എന്നിവർ പ്രസംഗിച്ചു

**രസതന്ത്രവിഭാഗത്തിന്റെ നേതൃത്വത്തിൽ  പ്രഫ. ജോസ് മേച്ചേരി പ്രഭാഷണം**

രസതന്ത്രവകുപ്പും ഡോ. ജോസ് മേച്ചേരി ഫെഡറേഷനും സംയുക്തമായി പ്രഫ. ജോസ് മേച്ചേരി അനുസ്മരണ പ്രഭാഷണം നടത്തി. അതിരൂപത മെത്രാപ്പോലീത്ത മാർ ആൻഡ്രൂസ് താഴ്ത്ത് ഉദ്ഘാടനം ചെയ്ത പ്രഥമ പ്രഭാഷണത്തിൽ പത്മശ്രീ അവാർഡ് ജേതാവും ബാംഗ്ലൂർ-ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് പ്രഫസറുമായ ഡോ. ഇ.സി. ജെയിംസ് മുഖ്യപ്രഭാഷണം നടത്തി. പ്രഫ. ജോസ് മേച്ചേരി അനുസ്മരണം, വകുപ്പ് മേധാവി ഡോ. ജോബി തോമസ് കാക്കശ്ശേരി നിർവഹിച്ചു. ഫാ. വർഗീസ് കൂത്തൂർ, ഡോ. പി.എസ്. രാമൻ, ഡോ. കെ.പി. ജോണി എന്നിവർ പ്രസംഗിച്ചു.

**ഡോ. ഡെയ്സൻ പാണേങ്ങാടൻ**
പി.ആർ.ഒ.

**ഡോ. മാർട്ടിൻ കൊളമ്പ്രത്ത്**
ബർസാർ

## ജൂബിലി മിഷൻ മെഡിക്കൽ കോളേജ് & റിസെർച്ച് ഇൻസ്റ്റിറ്റ്യൂട്ട്

ബിഷപ്പ് ആലപ്പാട്ട് റോഡ്, ജൂബിലി മിഷൻ പി. ഒ., തൃശ്ശൂർ ഈസ്റ്റ് - 680005

### ഡിസംബർ – 2015; ലോക റേഡിയോഗ്രഫി ദിനം ആചരിച്ചു

ജൂബിലി മിഷൻ ആശുപത്രിയിൽ 08.11.2015 ന് ലോക റേഡിയോഗ്രഫി ദിനം ആചരിച്ചു. അന്നേ ദിവസം ഉച്ചയ്ക്ക് 1.30 മുതൽ വിവിധ വിഷയങ്ങളെ പറ്റി ശ്രീ. സൂരജ്, മിസ്സ്. ജിൽത, മിസ്സ്. ഡിനു, മിസ്സ് ഐറിൻ, മിസ്റ്റർ. വിൽസൺ, എന്നിവർ ക്ലാസ്സുകൾ നടത്തി ആശുപത്രി ഡയറക്ടർ ഫാ. ഫ്രാൻസീസ് പള്ളിക്കുന്നത്തിന്റെ അദ്ധ്യക്ഷതയിൽ പൊതുസമ്മേളനം നടന്നു. യോഗത്തിൽ ഡിപ്പാർട്ട്മെന്റ് അസ്സോസ്സിയേറ്റ് പ്രൊഫസർ ഡോ. അനീഷ് എം. കെ. ആശംസകൾ അർപ്പിച്ചു. തദ്ദവസരത്തിൽ തൃശ്ശൂർ ജില്ലയിൽ 25 വോാക്കിയ ജൂബിലി കുടുംബത്തിലെ റേഡിയോഗ്രഫർ മിസ്റ്റർ മാത്യു ഇ. ജെ.-യ്ക്കും മംഗളങ്ങൾ ആശംസിച്ചു. വിവിധ ഹോസ്പിറ്റലുകളിൽ നിന്നും സ്റ്റാഫും, സ്റ്റുഡൻസുമായി 60–ഓളം ആളുകൾ പങ്കെടുത്ത പ്രസ്തുത പരിപാടിയിൽ തൃശ്ശൂർ ജില്ലയിലെ ഐ.എസ്.ആർ.ടി. ഭാരവാഹികളും സന്നിഹിതരായിരുന്നു.

### എയ്ഡ്സ് ബോധവൽക്കരണം ; ഫ്ളാഷ് മോബുമായി ജൂബിലി കുടുംബം

എയ്ഡ്സ് ബോധവൽക്കരണത്തിനായി, ലോക എയ്ഡ്സ് ദിനമായ ഡിസംബർ ഒന്നിന് ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ചാരിറ്റെബിൾ സൊസൈറ്റി ആശ്രയയും, കോളേജ് ഡാൻസ് ക്ലബ്ബ്, 'ക്രോണോസും' ചേർന്ന്, വൈകുന്നേരം ശക്തൻ ഗ്രൗണ്ടിൽ ഫ്ളാഷ്മോബ് സംഘടിപ്പിച്ചു. ഏയ്ഡ്സ് ബാധിതർക്കെതിരെ സമൂഹത്തിൽ നിലനിൽക്കുന്ന മിഥ്യാധാരണകൾ മാറ്റുവാനും ബോധവൽക്കരണത്തിനുമായി നൃത്തം എന്ന മാധ്യമത്തെ ഉപയോഗപ്പെടുത്തുകയാണ് ജൂബിലിയിലെ ഡോക്ടർമാർ, വിദ്യാർത്ഥികൾ, നേഴ്സിങ്ങ് സ്റ്റാഫ്, പാരാമെഡിക്കൽ സ്റ്റാഫ്, എന്നീ വിവിധ വിഭാഗങ്ങളിൽ നിന്നുള്ള നാനൂറ്റിയമ്പതോളം പേർ ഈ ഫ്ളാഷ് മോബിലൂടെ.

### ജൂബിലി ആയ്യുർവ്വേദ മിഷൻ ആശുപത്രി

ആയുർവേദ ചികിത്സയ്ക്ക് അനന്തസാധ്യതകളൊരുക്കി നമ്മുടെ ജൂബിലി മിഷൻ ആശുപത്രിയിൽ 07.12.2015 തിങ്കളാഴ്ച്ച വൈകീട്ട് 4 മണിക്ക് മാർ ആൻഡ്രൂസ് താഴത്തിന്റെ ആശീർവാദത്തിൽ 'ജൂബിലി ആയുർവേദ' വിഭാഗത്തിന്റെ പ്രവർത്തനം ആരംഭിച്ചു. പ്രശസ്ത ആയുർവേദ ഡോക്ടർമാരുടെ നേതൃത്വത്തിൽ സേവനങ്ങൾ ലഭിക്കുന്നതായിരിക്കും.

**ജൂബിലി ഫെസ്റ്റ് - 2015**

ജൂബിലി മിഷൻ സ്ഥാപന (17-12-2015) ദിനത്തോടനുബന്ധിച്ച് ജൂബിലി മിഷൻ സ്റ്റാഫംഗങ്ങൾക്കായി ബ്ലോക്ക് അടിസ്ഥാനത്തിലും വ്യക്തിഗത അടിസ്ഥാനത്തിലുള്ള മത്സരങ്ങൾ സംഘടിപ്പിച്ചു. ബ്ലോക്ക് അടിസ്ഥാനത്തിൽ കിച്ചൺ ഡാൻസ്, ഗ്രൂപ്പ് സോങ്ങ് എന്നീ മത്സരങ്ങളും വ്യക്തിഗത അടിസ്ഥാനത്തിൽ പാട്ട്, മോണോ ആക്ട് എന്നീ മത്സരങ്ങളുമാണ് നടന്നത്. ഓരോ ബ്ലോക്കിലും വാർഡിലുമുള്ള ഡോക്ടർമാരും, നഴ്സുമാരും ആ ബ്ലോക്കിലെ എല്ലാ ജീവനക്കാരും (കോൺട്രാക്റ്റ് സ്റ്റാഫ് ഉൾപ്പെടെ) അതതു ബ്ലോക്ക് അടിസ്ഥാനത്തിൽ ആയിരുന്നു മത്സരങ്ങൾ

**നഴ്സിങ്ങ് കോളേജ് 13-ാം ബാച്ച് തിരിതെളിയിക്കൽ (11-12-2015)**

ജൂബിലി മിഷൻ കോളേജ് ഓഫ് നഴ്സിങ്ങിലെ 13-ാം ബാച്ച് വിദ്യാർത്ഥികൾ തിരിതെളിയിച്ച് നഴ്സിങ്ങ് പഠനരംഗത്തേക്ക് പ്രവേശിച്ചു. മാർ ജേക്കബ് തൂങ്കുഴി ചടങ്ങ് ഉദ്ഘാടനം ചെയ്തു. ചാരിറ്റി കോൺഗ്രിഗേഷൻ പ്രൊവിൻഷ്യൽ സുപ്പീരിയർ റവ. സി. സിംഫോറിയ മുഖ്യാതിഥിയായിരുന്നു.

**അഭിനന്ദനങ്ങൾ ..**

- കേരള സൊസൈറ്റി ഒഫ്ത്താൽമിക് സർജൻസ് (കെഎസ്ഒഎസ്) ന്റെ വാർഷിക കോൺഫറൻസിൽ ഡോ.സി.ഇ ഉമ്മൻ ഒറേഷൻ അവാർഡ് ; കേരള ഗവർണർ ജസ്റ്റിസ് പി.സദാശിവത്തിൽ നിന്നും, ഡോ. സി.വി. ആൻഡ്രൂസ് ഏറ്റു വാങ്ങി. സമൂഹത്തിൽ അദ്ധ്യാപനമേഖലയിലും ചികിത്സാ മേഖലയിലും അദ്ദേഹം പ്രദർശിപ്പിച്ചിട്ടുള്ള മികവിനും നേതൃത്വപാടവത്തിനും സ്തുത്യർഹമായ സേവനത്തിനുമാണ് അവാർഡ്. ഡോ. ആൻഡ്രൂസിന് ജൂബിലി മിഷന്റെ അഭിനന്ദനങ്ങൾ.

**ഡയാലിസിസിന് സംഭാവന നൽകിയവർ**

- ഹോളി ട്രിനിറ്റി ചർച്ച്, യാക്കര, പാലക്കാട് (20 ഡയാലിസിസ്)
- ശ്രീ. റെനിൽ കെ. പോൾ, കൂള ഹൗസ്, ചേറൂർ, തൃശ്ശൂർ (20 ഡയാലിസിസ്)
- ലൂർദ്ദ് മെട്രോപൊളിറ്റൻ കത്തീഡ്രൽ, തൃശ്ശൂർ (69 ഡയാലിസിസ്)
- സെന്റ് ജോസഫ്സ് ചർച്ച്, തിരുത്തിപറമ്പ്, തൃശ്ശൂർ (20 ഡയാലിസിസ്)
- വടക്കേ അങ്ങാടി ജപമാല കമ്മിറ്റി, മരത്താക്കര, തൃശ്ശൂർ ( 52 ഡയാലിസിസ്)

- സ്റ്റുഡൻസ് ഓഫ് നിർമ്മലമാത സെൻട്രൽ സ്കൂൾ, ഈസ്റ്റ് ഫോർട്ട്, തൃശ്ശൂർ (50 ഡയാലിസിസ്)
- മില്ലേനിയം ഗോൾഡ്, വൈറ്റില, എറണാകുളം (80 ഡയാലിസിസ്)

**അന്നദാനകേന്ദ്രത്തിലേക്ക് സംഭാവന നൽകിയവർ**

- ഡോ. ടി. ആർ രവി, JMMC, തൃശ്ശൂർ

**ഫാ.ഫ്രാൻസിസ് പള്ളിക്കുന്നത്ത്**
ഡയറക്ടർ

## ബൈബിൾ അപ്പസ്തോലേറ്റ്

**ലോഗോസ് ക്വിസ് അവാർഡ് ഡേ ജനുവരി 26ന്**

അഖില കേരള ലോഗോസ് ഉപാസനയുടെ ഭാഗമായി അതിരൂപത തലത്തിൽ ബൈബിൾ അപ്പസ്തോലേറ്റ് സംഘടിപ്പിച്ച ലോഗോസ്, ഇതര ലോഗോസ് മത്സരങ്ങളുടെ അവാർഡുകൾ പ്രഖ്യാപിച്ചു. അവാർഡുദാനം 2016 ജനുവരി 26ന് രാവിലെ 9.30ന് തൃശ്ശൂർ തോപ്പ് സ്റ്റേഡിയത്തിൽ വെച്ച് നടക്കുന്നതായിരിക്കും അവാർഡു ദാന ചടങ്ങിൽ മാർ ആൻഡ്രൂസ് താഴത്ത, മാർ ജേക്കബ്ബ് തൂങ്കുഴി, മാർ റാഫേൽ തട്ടിൽ, മോൺ ജോർജ്ജ് കോമ്പാറ, റവ. ഡോ. ജോഷി മയ്യാറ്റിൽ (KCBC) എന്നിവർ സമ്മാനങ്ങൾ വിതരണം ചെയ്യും.

**പുരസ്കാരങ്ങൾ അർഹരായവർ**

തൃശ്ശൂർ അതിരൂപത

| | |
|---|---|
| ലോഗോസ് പ്രതിഭ | - എവ്‌ലിൻ റോസ് റാഫി (വെള്ളാറ്റഞ്ഞൂർ) |
| വചന പ്രതിഭ | - അമ്പിളി ലിയോ (നടത്തറ) |
| സമർപ്പിത പ്രതിഭ | - സി. ജിയോ തെരേസ് SABS ഇയ്യാൽ |

**ഏറ്റവും കൂടുതൽ അംഗങ്ങളെ പങ്കെടുപ്പിച്ച ഇടവകകൾ**

ഇടവകകൾ

| | |
|---|---|
| I[st] | - പാവറട്ടി സെന്റ് ജോസഫ് തീർത്ഥകേന്ദ്രം |
| II[nd] | - പുതുക്കാട്, സെന്റ് ആന്റണീസ് ചർച്ച് |
| III[rd] | - മരിയാപുരം സെന്റ് ജോൺ ബോസ്കോ ചർച്ച് |

**വിശ്വാസികളുടെ അംഗസംഖ്യ ആനുപാതികമായി ഏറ്റവും കൂടുതൽ രജിസ്ട്രേഷൻ ചെയ്ത് സമ്മാനർഹരായ ഇടവകകൾ**

| | |
|---|---|
| Ist | - സെന്റ് ആന്റണീസ് ചർച്ച്, പൊന്നാനി |
| IInd | - സെന്റ് ആന്റണീസ് ചർച്ച്, തൃക്കൂർ |
| IIIrd | - ഫാത്തിമ നാഥ ചർച്ച്, സരിതപുരം |

**ഏറ്റവും കൂടുതൽ അംഗങ്ങളെ പരീക്ഷയ്ക്കിരുത്തി സമ്മാനർഹരായ ഇടവകകൾ**

| | |
|---|---|
| Ist | - കോനിക്കര, ഫാത്തിമ നാഥ ചർച്ച് |
| II | - പാറന്നൂർ സെന്റ് ജോസഫ് ചർച്ച് |
| III | - ചുവന്നമണ്ണ് സെന്റ് ജോസഫ് ചർച്ച് |

**സംസ്ഥാന ലോഗോസ് ക്വിസ് 2015**

സമർപ്പിതവർഷം പ്രമാണിച്ച് അഖില കേരളാടിസ്ഥാനത്തിൽ 34 രൂപതകളിൽ നിന്ന് കൂടുതൽ മാർക്ക് നേടിയിട്ടുള്ള സമർപ്പിത ലോഗോസ് ക്വിസിൽ പ്രതിഭ പട്ടം നേടിയ സി. ജിയോ തെരേസ് SABS (ഇയ്യാൽ)നും ബൈബിൾ അപ്പസ്തോലേറ്റിന്റെ പ്രത്യേകം അഭിനന്ദനങ്ങൾ. സി. ആഞ്ചല തെരേസ് CHF (മണ്ണുത്തി) IInd റാങ്കിനും സി. ജോസ്‌ലിൻ CMC (ചൂണ്ടൽ) സി. ജപ്ന CSC (മുണ്ടത്തിക്കോട്), സി. പ്രവീണ കൊള്ളന്നൂർ CSC (കൂർക്കഞ്ചേരി) IIIrd റാങ്കിനും അർഹരായി.

സംസ്ഥാന തല ലോഗോസ് ക്വിസ് മത്സരത്തിൽ Ist Rank ന് ഹെൽന ഹെൻറി (പെരിഞ്ചേരി)യും IInd Rank ന് അലീന സോജൻ (പെരിഞ്ചേരിയും) IVth റാങ്കിന് ജോർജ്ജ് ജോസഫ് (തിരൂർ) എവ്‌ലിൻ റോസ് റാഫി (വെള്ളാറ്റഞ്ഞൂർ) റോസിലി അഗസ്റ്റിൻ (വേലൂപ്പാടം), റോസി വർഗ്ഗീസ് (കുറ്റൂർ) ആന്റണി എം. ജെ. (അരണാട്ടുകര) എന്നിവരും അർഹരായി.

വിജയികൾക്ക് ബൈബിൾ അപ്പസ്തോലേറ്റിന്റെ അഭിനന്ദനങ്ങൾ

# *ബൈബിൾ വർണ്ണങ്ങൾ 2015 - 16*

**സ്കൂൾ തല അവാർഡുദാനവും രൂപതാ തല മത്സരവും 2016 ജനുവരി 2ന്**

ബൈബിൾ വർണ്ണങ്ങൾ 2015-16 ചിത്രരചന, മത്സരത്തിന്റെ ഒന്നാം ഘട്ടം L.P., U.P. H.S., H.S.S. എന്നീ നാലു വിഭാഗങ്ങളിലായി സ്കൂൾ തലത്തിൽ നടത്തിയതിന് റിസൾട്ടുകൾ ഡിസംബർ 15ന് പ്രഖ്യാപിച്ചു. രണ്ടാം ഘട്ടം : ഓരോ സ്കൂളിലേയും 1, 2, 3 സ്ഥാനത്തിനും പ്രോത്സാഹന സമ്മാനവും ലഭിച്ച വർക്കായുള്ള അതിരൂപതാ തല മത്സരം 2016 ജനുവരി 2ന് രാവിലെ 9.30ന് തൃശ്ശൂർ തോപ്പ് സ്റ്റേഡിയത്തിൽ വെച്ച് നടക്കുന്നതായിരിക്കും.

മത്സരത്തെ തുടർന്ന് സ്കൂൾ തല മത്സരത്തിലെ വിജയികൾക്കുള്ള സർട്ടി

ഫിക്കറ്റ് വിതരണം അതിരൂപത മെത്രാപ്പോലീത്ത അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് നിർവ്വഹിക്കുന്നതാണ്.

ബൈബിൾ അപ്പസ്തോലേറ്റുമായി സഹകരിച്ച എല്ലാ സ്കൂളുകളിലേയും H.M., പ്രിൻസിപ്പാൾ, ടീച്ചേഴ്സിനും പങ്കെടുത്ത കുട്ടികൾക്കും പ്രത്യേകം നന്ദി രേഖപ്പെടുത്തുന്നു. തുടർന്നും സഹകരണം പ്രതീക്ഷിക്കുന്നു.

### ബൈബിൾ മാസാചരണം

ബൈബിൾ മാസാചരണത്തിന്റെ ഭാഗമായി അതിരൂപത തലത്തിൽ യുവ ജനസംഘടനകളുടെ നേതൃത്വത്തിൽ നടന്ന തിരുവചന മാസാചരണ ചടങ്ങിൽ സജീവമായി പങ്കെടുത്തവർക്കും ഇടവക തലത്തിലും ഫൊറോന തലത്തിലും വ്യത്യസ്ത കർമ്മ പരിപാടികൾ ആവിഷ്ക്കരിച്ചവർക്കും ബൈബിൾ അപ്പസ്തോലേറ്റിന്റെ കൃതജ്ഞത രേഖപ്പെടുത്തുന്നു.

### ക്രിസ്തുമസ്സ് സന്ദേശം സോഷ്യൽ നെറ്റ് വർക്കിലൂടെ

ആധുനിക കാലഘട്ടത്തിന്റെ ആവശ്യങ്ങൾ തിരിച്ചറിഞ്ഞുകൊണ്ട് സോഷ്യൽ നെറ്റ് വർക്കിലൂടെ ക്രിസ്തുമസ്സ് സന്ദേശം നൽകുന്നതിനെ ഒരു പുതിയ സംരംഭത്തിന് ബൈബിൾ അപ്പസ്തോലേറ്റ് തുടക്കം കുറിച്ചു. ബെത്ലേഹമിലേയ്ക്ക്... എന്ന പേരിൽ . തൃശ്ശൂർ അതിരൂപത സഹായ മെത്രാൻ മാർ റാഫേൽ തട്ടിൽ പിതാവിന്റെ 25 ദിവസത്തെ രണ്ടര മിനിട്ട് നീളുന്ന വീഡിയോ വചനസന്ദേശങ്ങൾ ഓരോ ദിവസവും രാവിലെ വാട്സ് ആപ്പ് , ഫെയ്സ് ബുക്ക്, യു ടൂബ് മാധ്യമങ്ങൾ വഴി ലോകമെമ്പാടുമുള്ള വിശ്വാസികൾക്ക് തിരുപിറവിയ്ക്കായുള്ള ഒരുക്കമായി അയച്ചുകൊടുക്കുന്നു.

തൃശ്ശൂർക്കാരുടെ സ്വന്തം ചാനലായ ടി.സി.വിയിൽ എല്ലാ ദിവസവും രാവിലെയും വൈകീട്ടും 8 മണിയ്ക്കുള്ള വാർത്തയ്ക്ക് മുമ്പായി ഈ വീഡിയോ സംപ്രേഷണം ചെയ്യുന്നുണ്ട്. വരും കാലങ്ങളിലും ഈ സംരംഭങ്ങളിൽ പങ്കുചേരുവാൻ ആഗ്രഹിക്കുന്നവർ ബൈബിൾ അപ്പസ്തോലേറ്റിന്റെ Whatsup Number (9447721976)ലോ Face Book A/c ലോ ബന്ധപ്പെടാവുന്നതാണ്.

**ഫാ. ഫ്രാൻസീസ് കൂത്തൂർ**
ഡയറക്ടർ

# സാന്ത്വനം

(സെക്രട്ടറിയേറ്റ് ഓഫ് സോഷ്യൽ അപ്പൊസ്റ്റൊലേറ്റ് ഓഫ് ദി ആർച്ച്ഡയോസിസ് ഓഫ് ട്രിച്ചൂർ)
പേപ്പൽ ടവ്വർ, ശക്തൻ തമ്പുരാൻ നഗർ, തൃശൂർ – 680 001, ഫോൺ 0487 2445580, 2424981
E-mail: santhwanamtcr@gmail.com, website: www.santhwanamtcr.org

**സ്നേഹനിധി വാർഷിക പൊതുയോഗങ്ങൾ നടന്നു.**

മണ്ണംപ്പേട്ട, ഒളരി എന്നീ യൂണിറ്റുകളിൽ നംവംബർ 7,27 എന്നീ തിയ്യതിക ളിൽ സ്നേഹനിധി വാർഷിക പൊതുയോഗങ്ങൾ നടന്നു. വികാരിമാരായ ഫാ. ജോളി ചിറമൽ, ഫാ. തോമസ് കാക്കശ്ശേരി എന്നിവർ അദ്ധ്യക്ഷത വഹിക്കുകയും സാന്ത്വനം ഡയറക്ടർ, ഫാ. തോമസ് പൂപ്പാടി ഉദ്ഘാടനം ചെയ്യുകയും അസി. ഡയറക്ടർമാരായ റവ. ഫാ. ടോണി അരിമ്പൂർ, റവ. ഫാ. ടെഡ്സ് കുപ്പിള്ളി, കോർഡിനേറ്റർ ശ്രീമതി ബീന വർഗ്ഗീസ് എന്നിവർ ആശംസകളർപ്പിക്കുകയും ചെയ്തു.

**ബോധവത്ക്കരണ ക്ലാസ്സ് നടത്തി**

അതിരൂപതയിൽ പ്രവർത്തിച്ചുവരുന്ന സ്നേഹനിധി ക്രെഡിറ്റ് യൂണിയന്റെ പ്രവർത്തനത്തെക്കുറിച്ചും അതിന്റെ ഗുണങ്ങളെക്കുറിച്ചും ക്ലാസ്സ് നടത്തി. മരി യാപുരം ഇടവകയിൽവെച്ച് നടത്തിയ ക്ലാസ്സിൽ ഇടവകയിലെ മാതൃസംഘാം ഗങ്ങളും സ്ത്രീജനങ്ങളും പങ്കെടുത്തു. സ്നേഹനിധി കോഡിനേറ്റർ ശ്രീമതി ബീന വർഗ്ഗീസ് ക്ലാസ്സുകൾ നയിച്ചു. തദവസരത്തിൽ റവ. ഫാ. ബിജോ ചാലി ശ്ശേരി സിഹിതനായിരുന്നു.

**കാരുണ്യവർഷ സെമിനാർ നടത്തി**

പരി. പിതാവ് പ്രഖ്യാപിച്ച കാരുണ്യവർഷത്തിന്റെ അസാധാരണ ജൂബി ലിയ്ക്ക് ഒരുക്കമായി കാഞ്ഞാണി ഇടവകയിൽ കാരുണ്യവർഷ സെമിനാർ നടത്തി. കാരുണ്യവർഷത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും കാരുണ്യ വർഷ ത്തിൽ ചെയ്യേണ്ട പ്രവർത്തികളെക്കുറിച്ചും സെമിനാറിൽ വിശദമായി ചർച്ച നടത്തി. തദവസരത്തിൽ അതിരൂപത കാരുണ്യവർഷത്തിൽ ചെയ്യുന്ന കാരുണ്യ പ്രവർത്തികളെക്കുറിച്ച് സാന്ത്വനം ഡയറക്ടർ വിശദീകരിച്ചു. തുടർന്ന് ഇടവകതലത്തിൽ നടപ്പിലാക്കുന്ന കാരുണ്യപ്രവർത്തികളുടെ രൂപ രേഖ തയ്യാറാക്കി. സാമൂഹ്യക്ഷേമസമിതിയുടെ നേതൃത്വത്തിൽ നടത്തിയ സെമിനാറിൽ ഓരോ യൂണിറ്റുകളിൽ നിന്നും ഭാരവാഹികൾ സംബന്ധിച്ചു. വികാരി. റവ. ഫാ. ജോർജ്ജ് ചെറുവത്തൂർ പരിപാടികൾക്ക് നേതൃത്വം നൽകി.

**അന്യസംസ്ഥാന തൊഴിലാളീകൾക്കായി ബോധവത്കരണ ക്ലാസ്സ് സംഘടിപ്പിച്ചു.**

ഉണർവ്വ് പ്രോജക്ടിന്റെ ഭാഗമായി 22/11/2015 ഞായറാഴ്ച്ച, വ്യക്തി ശുചിത്വം, മദ്യം, മയക്കുമരുന്ന്, പുകയില എന്നിവയുടെ ദൂഷ്യഫലങ്ങൾ, എന്നീ വിഷയങ്ങളിൽ ചാവക്കാട് തീരദേശ അന്യസംസ്ഥാന തൊഴിലാളികൾക്കായി ബോധവൽക്കരണ ക്ലാസ്സ് സംഘടിപ്പിച്ചു. രാവിലെ വിശുദ്ധ കുർബ്ബാനയ്കു ശേഷം നടന്ന ക്ലാസ്സിൽ സാന്ത്വനം ഡയറക്ടർ റവ. ഫാ. തോമസ് പൂപ്പാടി സിഹിതനായിരുന്നു. പ്രോജക്ട് കോഡിനേറ്റർ ശ്രീ. ബിനേഷ് ക്ലാസ്സിന് നേതൃത്വം നൽകി. ക്ലാസ്സിന് ശേഷം സ്നേഹവിരുന്നും ഉണ്ടായിരുന്നു.

**ശിൽപ്പശാലയിൽ പങ്കെടുത്തു.**

തൃശ്ശൂർ സെന്റ്. മേരീസ് കോളേജ് ഇംഗ്ലീഷ് ഡിപ്പാർട്ട്മെന്റും, സത്സംഗ് കൂട്ടായ്മയും സംയുക്തമായി സംഘടിപ്പിച്ച 'സാന്ത്വന സ്പർശം' അവയവ ദാന ബോധവത്കരണ ക്ലാസ്സിൽ സാന്ത്വനം സ്റ്റാഫംഗങ്ങളായ ശ്രീ. ബിനേഷ് സി. ജെ , ശ്രീമതി. ഗിഫ്റ്റി സിജോ എന്നിവർ പങ്കെടുത്തു. അവയവ ദാനത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും ഇന്നത്തെ സമൂഹത്തിൽ അവയവ ദാനപ്രവർത്തനങ്ങൾ ഉയർന്നു വരേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും ക്ലാസ്സിൽ പ്രതിപാദിച്ചു.

**എക്സ്പോഷർ പ്രോഗ്രാം സംഘടിപ്പിച്ചു.**

സാന്ത്വനം സ്റ്റാഫംഗങ്ങൾക്കായി ഒരു എകദിന എക്സ്പോഷർ പ്രോഗ്രാം സംഘടിപ്പിച്ചു. സാന്ത്വനം ഡയറക്ടർ, ഫാ. തോമസ് പൂപ്പാടി , അസി. ഡയറക്ടർമാരായ റവ. ഫാ. ടോണി അരിമ്പൂർ, റവ. ഫാ. ടെഡ്സ് കുന്നപ്പിള്ളി എന്നിവരുടെ നേതൃത്വത്തിൽ രാവിലെ 8 മണിക്ക് ആരംഭിച്ച യാത്ര കോഴിക്കോട് മിഠായിതെരുവ്, ബീച്ച്, റീജിയണൽ സയൻസ് സെന്റർ എന്നിവ സന്ദർശിച്ച് വൈകീട്ട് 10.30 ന് തിരിച്ചെത്തി. സാന്ത്വനം സ്റ്റാഫംഗങ്ങൾക്ക് ഒരു പുത്തൻ ഉണർവേകാൻ യാത്ര സഹായകരമായി.

**'ബാൻറെറ്റ്' 2015 സിംപോസിയം സംഘടിപ്പിച്ചു.**

കുട്ടികളുടെ അവകാശ സംരക്ഷണവും അഭിവൃദ്ധിയും എന്ന വിഷയത്തെ ആസ്പദമാക്കി തൃശ്ശൂർ അതിരൂപതയുടെ സാമൂഹ്യ കേന്ദ്രമായ സാന്ത്വനവും കേരള സോഷ്യൽ സർവ്വീസ് ഫോറവും സംയുക്തമായി 'ബാൻറെറ്റ്' 2015 സിംപോസിയം സംഘടിപ്പിച്ചു. തൃശ്ശൂർ സിറ്റി പോലീസ് കമ്മീഷ്ണർ ശ്രീ. കെ. ജി. സൈമൺ സിംപോസിയം ഉൽഘാടനം ചെയ്തു. സെന്റ്. ആൻസ് പള്ളി വികാരി റവ ഫാ. ജോഷി ആളൂർ ചടങ്ങിന് അദ്ധ്യക്ഷത വഹിച്ചു. സാന്ത്വനം ഡയറക്ടർ റവ. ഫാ. തോമസ് പൂപ്പാടി, അസി.

ഡയറക്ടർമാരായ റവ. ഫാ. ടോണി അരിമ്പൂർ, റവ. ഫാ. ടെഡ്സ് കുന്നപ്പിള്ളി, സാന്ത്വനം വൈസ്ചെയർമാൻ ടോജോ മാത്യൂസ്, കേരള സോഷ്യൽ സർവ്വീസ് ഫോറം പ്രൊജക്ട് കോഡിനേറ്റർ സി. ജെസീന്ത എന്നിവർ പങ്കെടുത്തു. കില അസോസിയേറ്റ് പ്രഫ. ഡോ. പീറ്റർ എം. രാജ്, ജില്ലാ ശിശു ക്ഷേമ സമിതി അംഗം അഡ്വ. സീന രാജഗോപാൽ എന്നിവർ പ്രബന്ധങ്ങൾ അവതരിപ്പിച്ചു. കുട്ടികളുമായി ബന്ധപ്പെട്ട പ്രമുഖർ, സാമൂഹ്യ പ്രവർത്തന വിദ്യാർത്ഥികൾ, അംഗൻവാടി ടീച്ചേഴ്സ്, ജനപ്രതിനിധികൾ, വിദ്യാർത്ഥി പ്രതിനിധികൾ, അധ്യാപകർ എന്നിവർ ചർച്ചയിൽ പങ്കെടുത്തു. പ്രോജക്ട് കോഡിനേറ്റർ ശ്രീ. നിവിൻ ജോസഫ് പരിപാടികൾക്ക് നേതൃത്വം നൽകി.

**ജെസ്പ്– 2 മോണിറ്ററിങ്ങ് സന്ദർശനം നടന്നു.**

ജെസ്പ്–2 മാർ ജേക്കബ്ബ് തൂങ്കുഴി വിദ്യാഭ്യാസ സഹായ പദ്ധതിയുടെ ഭാഗമായി ആർത്താറ്റ്, പാലയൂർ, പാലുവായ്, മമ്മീയൂർ, കുട്ടൻകുളം, വരടിയം തുടങ്ങിയ യൂണിറ്റുകൾ സന്ദർശികുകയും പ്രോഗ്രസ്സ് റിപ്പോർട്ട് പരിശോധിച്ച് കുട്ടികളുടെ പുരോഗതി വിലയിരുത്തുകയും, തദവസരത്തിൽ പഠന സ്കോളർഷിപ്പിന്റെ ഭാഗമായി ട്യൂഷൻ ഫീസുകൾ വിതരണം ചെയ്യുകയും ചെയ്തു.

**BAT ലീഡേഴ്സിനെ തെരഞ്ഞെടുത്തു**

സാന്ത്വനം സോഷ്യൽ ആക്ഷന്റെ നേതൃത്വത്തിൽ പ്രവർത്തിക്കു സ്വയം സഹായ സംഘങ്ങൾ സന്ദർശിച്ച് ബേസിക്ക് ആക്ഷൻ ടീം (BAT) ലീഡേഴ്സിനെ തെരഞ്ഞെടുത്തു. എരനെല്ലൂർ, തൊയക്കാവ്, തയ്യൂർ, കുട്ടൻകുളം, ആറംപ്പിള്ളി, പൊറുത്തൂർ, കണ്ണാറ, പെരിഞ്ചേരി, പൊന്നൂക്കര, കല്ലൂർഈസ്റ്റ് എന്നീ യൂണിറ്റുകളുടെ പ്രവർത്തനങ്ങൾ വിലയിരുത്തി . പ്രതിവാര യോഗങ്ങൾ, നിക്ഷേപം, വായ്പ്പകൾ തുടങ്ങിയ സംഘങ്ങളുടെ പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപെടുത്തുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. ഡയറക്ടർ ഫാ.തോമസ് പൂപ്പാടി കോഡിനേറ്റർ ശ്രീ. സി. പി. ജോർജ്ജ് എന്നിവർ സന്ദർശനത്തിന് നേതൃത്വം നൽകി.

**JLG രൂപീകരണത്തിന് തുടക്കം കുറിച്ചു.**

കിള്ളിമംഗലം, പങ്ങാരപ്പിള്ളി യൂണിറ്റുകളിൽ പുതിയ ജോയിന്റ് ലൈബലറ്റി ഗ്രൂപ്പുകൾ ആരംഭിക്കുന്നതിനുള്ള വിശദീകരണ യോഗവും തുടർന്ന് പത്തോളം JLG കൾക്ക് തുടക്കം കുറിക്കുകയും ചെയ്തു. മൃഗസംരക്ഷണം, കൃഷി തുടങ്ങിയ പ്രവർത്തനങ്ങളാണ് ഈ മേഖലയിലെ ഗ്രൂപ്പുകൾ ആരംഭിച്ചത്.

**അർദ്ധദിന ശിൽപ്പശാലയിൽ പങ്കെടുത്തു.**

JLG പ്രോജക്ടിന്റെ ഭാഗമായി 16/11/2015 തിങ്കളാഴ്ച്ച SIB ഹെഡ് ക്വർട്ടേഴ്സിൽ വെച്ച് നടന്ന അർദ്ധദിന ശിൽപ്പശാലയിൽ സാന്ത്വനം ഡയറക്ടർ റവ. ഫാ. തോമസ് പൂപ്പാടി, അസി. ഡയറക്ടർ റവ. ഫാ. ടെഡ്സ് കുന്നപ്പിള്ളി, കോഡിനേറ്റർമാരായ ശ്രീമതി. ബിനിത ബേബി, ശ്രീ. ബിനേഷ് സി. ജെ, സെന്റ്.തോമസ് കോളേജിലെ സാമൂഹ്യ പ്രവർത്തന വിദ്യാർത്ഥികൾ എന്നിവർ പങ്കെടുത്തു. SIB ഡെപ്പ്യൂട്ടി മാനേജർ ശ്രീ.ജോസ് മാനുവൽ, പ്ലാനിംങ്ങ് അന്റ് ഡെവലപ്പ്മെന്റ് ചീഫ് മാനേജർ ശ്രീ.നാരായണൻകുട്ടി എന്നിവർ സിഹിതരായിരുന്നു. NABARD അസിസ്റ്റന്റ് ജനറൽ മാനേജർ ശ്രീമതി. ദീപ എസ്. പിള്ള ക്ലാസ്സിന് നേതൃത്വം നൽകി. SIB ബാങ്ക് ദത്തെടുത്ത പുള്ള് ഗ്രാമത്തിലെ JLG രൂപികരണ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന സാന്ത്വനം ഗ്രാമത്തിന്റെ സാമൂഹ്യ സാമ്പത്തീക ഉന്നമനമാണ് ലക്ഷ്യമിടുന്നത്.

**ട്രൈനിംഗ് സംഘടിപ്പിച്ചു**

JLG പ്രോജക്ടിന്റെ ഭാഗമായി സെന്റ്.തോമസ് കോളേജിലെ സാമൂഹ്യ പ്രവർത്തന വിദ്യാർത്ഥികൾക്കായി 21/11/2015 ശനിയാഴ്ച്ച സാന്ത്വനം ഓഫീസ് ഹാളിൽ വെച്ച് ട്രൈനിംങ്ങ് സംഘടിപ്പിച്ചു. സാന്ത്വനം അഡ്മിനിസ്ട്രേറ്റർ. ശ്രീ. S.K മഞ്ഞിയിലിന്റെ നേതൃത്വത്തിൽ നൽകിയ ട്രൈനിംഗിൽ JLG രൂപീകരണ പ്രവർത്തനങ്ങൾ റോൾ പ്ലേ യിലൂടെ വിദ്യാർത്ഥികൾ അവതരിപ്പിച്ചു. ട്രൈനിംങ്ങിനു ശേഷം വിദ്യാർത്ഥികളോടൊത്ത് പുള്ള് ഗ്രാമം സന്ദർശിക്കുകയും ഗ്രാമത്തിലെ ജനപ്രതിനിധികളുമായി ആശയവിനിമയം നടത്തുകയും ചെയ്തു.

**പരിശീലന ക്ലാസ്സ് സംഘടിപ്പിച്ചു**

JLG പ്രോജക്ടിന്റെ ഭാഗമായി 4/12/2015 വെള്ളിയാഴ്ച്ച സാന്ത്വനം ഓഫീസ് ഹാളിൽ വെച്ച് മീറ്റിംഗ് സംഘടിപ്പിച്ചു. ജില്ലാ ലീഡ് ബാങ്ക് ചീഫ് മാനേജർ ശ്രീമതി. അന്നമ്മ സൈമൺ നേതൃത്വം കൊടുത്ത ക്ലാസ്സിൽ സാന്ത്വനം ഡയറക്ടർ, ഫാ. തോമസ് പൂപ്പാടി, അഡ്മിനിസ്ട്രേറ്റർ. ശ്രീ. S.K മഞ്ഞിയിൽ, JLG പ്രോജക്ട് കോഡിനേറ്റർ ശ്രീ. സി. പി. ജോർജ്ജ്, ശ്രീ. ബിനേഷ് സി. ജെ, സേവ് എ ഫാമിലി ആനിമേറ്റേഴ്സ്, സെന്റ്.തോമസ് കോളേജിലെ സാമൂഹ്യ പ്രവർത്തന വിദ്യാർത്ഥികൾ എന്നിവർ പങ്കെടുത്തു. ജോയിൻ ലൈബിലിറ്റി ഗ്രൂപ്പിനെകുറിച്ചും, വിവിധ സംരംഭങ്ങൾക്കു വേണ്ടിയുള്ള സാമ്പത്തിക സഹായങ്ങളെകുറിച്ചും ക്ലാസ്സിൽ പ്രതിപാദിച്ചു.

**മെഡിക്കൽ ക്യാമ്പ് , ചിത്രപ്രദർശനം സംഘടിപ്പിച്ചു.**

തൃശ്ശൂർ അതിരൂപത സാമൂഹ്യ പ്രേഷിത കേന്ദ്രമായ സാന്ത്വനത്തിന്റെയും മുള്ളൂർക്കര സെന്റ്. ആന്റണീസ് ഇടവകയിലെ കെ. സി. വൈ. എം. സംഘടനയുടെയും ജൂബിലി മിഷൻ മെഡിക്കൽ കോളേജിന്റെയും സംയുക്ത ആഭിമുഖ്യത്തിൽ സൗജന്യ മെഡിക്കൽ ക്യാമ്പ് മുള്ളൂർക്കര സെന്റ്. ആന്റണീസ് പള്ളിയിവച്ച് സംഘടിപ്പിച്ചു. തദവസരത്തിൽ ജീവിതശൈലി രോഗങ്ങൾ മദ്യം, മയക്കുമരുന്ന്,പുകവലി തുടങ്ങിയവ കൊണ്ടുണ്ടാകു ദൂഷ്യഫലങ്ങൾ എന്നീ വിഷയങ്ങളുമായി ബന്ധപ്പെട്ട ചിത്രപ്രദർശനവും ഉണ്ടായിരുന്നു.രോഗനിർണയത്തിനും ജനങ്ങളുടെ ആരോഗ്യകരമായ ഭാവി ജീവിതം ഉറപ്പുവരുത്തുന്നതിനുമായി ലക്ഷ്യം വച്ച് സൗജന്യ മെഡിക്കൽ ക്യാമ്പിൽ 200-ഓളം പേർ പങ്കെടുത്തു. ഫാ. തോമസ് പൂപ്പാടി (സാന്ത്വനം ഡയറക്ടർ), റവ. ഫാ. ടെഡ്സ് കുന്നപ്പിള്ളി (സാന്ത്വനം അസി. ഡയറക്ടർ), റവ. ഫാ. ഡിറ്റോ കൂള (സെന്റ്. ആന്റണീസ് ഇടവക വികാരി) ജൂബിലി മിഷൻ മെഡിക്കൽ കോളേജിലെ മെഡിക്കൽ ടീം എന്നിവർ മെഡിക്കൽ ക്യാമ്പിന് നേതൃത്വം കൊടുത്തു.

**സഹായം വിതരണം ചെയ്തു**

സേവ് എ ഫാമിലി മുഖേന സഹായം കൊടുത്ത ഇടവകകളും സംഖ്യയും താഴെ കൊടുത്തിരിക്കുന്നു.

അരിമ്പൂർ-15,000/-,പുല്ലംകണ്ടം-10,000/-, കൊഴുക്കുള്ളി-8,000/-,വെട്ടുക്കാട്-65,000/-,പേരാമംഗലം-38,000/-,ചെവ്വൂർ-40,500/-,വില്ലടം-14,000/-,കോടന്നൂർ-8,000/-,അന്തിക്കാട്-11,000/-,കൊട്ടേക്കാട്-7,000/-,പാലയൂർ-22,000/-ചെങ്ങാലൂർ-25,000/-,ചേറ്റുപുഴ-18,000/-,മരോട്ടിച്ചാൽ-8,000/-

തൃശ്ശൂർ കോർപ്പറേഷൻ NULM ഭാഗമായി തൊഴിൽ ചെയ്യാൻ സദ്ധതയുള്ള എല്ലാവർക്കും തൊഴിൽ ലഭ്യാമാക്കുന്ന പദ്ധതിയുടെ ആദ്യഘട്ട അപേക്ഷകൾ ഡിസംബർ 15 വരെ സ്വീകരിക്കുന്നു. അനുയോജ്യമായ തൊഴിൽ മേഖലകൾ കണ്ടെത്തി ആവശ്യമായ പരീശീലനങ്ങൾ ഉൾപ്പെടെ സൗജന്യമായി നൽകുന്ന പദ്ധതിയെകുറിച്ച് കൂടുതൽ അറിയാൻ ശ്രീ.ആന്റണി വി. Ph-9895692838

**ഫാ. തോമാസ് പൂപ്പാടി**

ഡയറക്ടർ

# സംഘടനകൾ / പ്രസ്ഥാനങ്ങൾ

## ഫ്രാൻസിസ്കൻ അത്മായസഭ

**സമാധാനവും സൗഭാഗ്യവും**

എല്ലാവർക്കും ക്രിസ്തുമസ്സിന്റേയും പുതുവത്സരത്തിന്റേയും മംഗളങ്ങൾ.

തൃശ്ശൂർ: അതിരൂപത ഫ്രാൻസിസ്കൻ അൽമായ സഭയുടെ പ്രവർത്തക സമിതി യോഗം 06.12.2015 ഞായറാഴ്ച പ്രസിഡണ്ട് പി.ഐ. സൈമൺ മാസ്റ്ററുടെ അദ്ധ്യക്ഷതയിൽ കാൽവരി ആശ്രമത്തിൽ വെച്ച് കൂടി പ്രവർത്തനങ്ങൾ വിലയിരുത്തി. കഴിഞ്ഞ ഒരു വർഷത്തെ പ്രവർത്തന റിപ്പോർട്ട് സെക്രട്ടറി യോഗത്തിൽ അവതരിപ്പിച്ചു. 2016 വർഷത്തിൽ നടപ്പിൽ വരുത്തേണ്ട മാർഗ്ഗ രേഖയുടെ കരട് റിപ്പോർട്ട് തയ്യാറാക്കി. യോഗത്തിൽ ഫാ. പോൾ അടമ്പുകുളം, ഫ്രാങ്കോ വടക്കൻ, ഫാ.നിക്സൺ, സി. റോസിലിൻ, സണ്ണി വടക്കൻ തോമസ് ഡൊമിനിക്, ഡോ. ജെറി ജോസഫ്, ടി.എ. ഫ്രാൻസീസ് എന്നിവർ സംബ്ധിച്ചു. വടക്കാഞ്ചേരി റീജിയൺ തിരുനാൾ തിരൂർ പള്ളിയിൽ വെച്ചും പാലയൂർ റീജിയണൽ തിരുനാൾ കൂനംമുച്ചി പള്ളിയിൽ വെച്ചും 14.11.2015 ആഘോഷിച്ചു. 100ൽ പരം അംഗങ്ങൾ സഭാ വസ്ത്രം സ്വീകരിച്ചു. മുതിർന്ന അംഗങ്ങളെ ആദരിക്കുകയും പരീക്ഷകളിൽ ഉന്നത വിജയം കരസ്ഥമാക്കിയവരെ അനുമോദിക്കുകയും ചെയ്തു. പി.ഐ. സൈമൺ മാസ്റ്റർ, സണ്ണി വടക്കൻ എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി. ജനുവരിയിൽ നേതൃത്വ പരിശീലന ക്യാമ്പ് നടത്തുവാനും തീരുമാനിച്ചു.

യേശുവിൽ എളിയ സഹോദരൻ

**വി.സി. സണ്ണി,**
സെക്രട്ടറി

## കരിസ്മാറ്റിക് നവീകരണ മുന്നേറ്റം

**പാരീഷ് ഫെസ്റ്റ് – 2015**

കരിസ്മാറ്റിക് നവീകരണത്തിന്റെ സുവർണ്ണ ജൂബിലിയോടനുബന്ധിച്ചുള്ള പാരീഷ് ഫെസ്റ്റ് – 2015 ബസിലിക്ക സബ്സോണിൽ നവംബർ 24, 25, 26 തിയതികളിലായി നടത്തി. പ്രാർത്ഥനാ കൂട്ടായ്മകളിലെ കോർ ടീം അംഗങ്ങൾക്കും ലീഡേഴ്സിനും വേണ്ടിയുള്ള പഠന പരിശീലന പരിപാടിയാണ് പാരീഷ് ഫെസ്റ്റ്. അയ്യന്തോൾ ഇടവകയിൽ നവംബർ 24 രാവിലെ 10 മണിക്ക് സബ്സോൺ ആനിമേറ്റർ റവ. ഫാ. പയസ് കണ്ടത്തിൽ പരിപാടി ഉദ്ഘാ

ടനം ചെയ്തു. അയ്യന്തോൾ ഇടവക ദൈവാലയത്തിൽ നടന്ന പരിപാടിയിൽ റവ. ഫാ. ഷാജൻ തേർമഠം, സെബാസ്റ്റ്യൻ താണിക്കൽ, സാബു എം. വർഗ്ഗീസ്, എം. എ. ബാബു, വിജു പൊന്നൂക്കര എന്നിവർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി.

ഒല്ലൂർ സബ്സോണിലെ പാരിഷ് ഫെസ്റ്റ് തൈക്കാട്ടുശ്ശേരി സെന്റ് പോൾസ് ദൈവാലയത്തിൽ നടന്നു. നവംബർ 30, ഡിസംബർ 1, 2 തിയതികളിൽ നടന്ന പരിപാടിയിൽ സോണൽ ആനിമേറ്റർ റവ. ഫാ. ഷാജൻ തേർമഠം, കോ-ഓർഡിനേറ്റർ സാബു എം. വർഗ്ഗീസ്, കാഞ്ഞിരപ്പിള്ളി സോണൽ കോ-ഓർഡിനേറ്റർ സെബാസ്റ്റ്യൻ താണിക്കൽ, എം.എ. ബാബു, വിജു പൊന്നൂക്കര എന്നിവർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി.

### പാരിഷ് മിനിസ്ട്രി കൂട്ടായ്മ

പാരിഷ് മിനിസ്ട്രിയുടെ പ്രതിമാസ കൂട്ടായ്മ 2015 ഡിസംബർ 7 തിങ്കളാഴ്ച ആബാ ധ്യാനകേന്ദ്രത്തിൽ നടന്നു. ഡയറക്ടർ റവ. ഫാ. ഷാജൻ തേർമഠം പഠന ക്ലാസ്സിനു നേതൃത്വം നൽകി. ദിവ്യബലി, ഗ്രൂപ്പ് ചർച്ച, ദിവ്യകാരുണ്യ ആരാധന എന്നിവയുണ്ടായിരുന്നു.സോണൽ സർവ്വീസ് ടീം കോ-ഓർഡിനേറ്റർ സാബു എം. വർഗ്ഗീസ്, മിനിസ്ട്രി കോ-ഓർഡിനേറ്റർ റോയ് ടി.ഒ. എന്നിവരും സർവ്വീസ് ടീമംഗങ്ങളും നേതൃത്വം നൽകി.

### സോണൽ സർവ്വീസ് ടീം കൂട്ടായ്മ

സോണൽ സർവ്വീസ് ടീം കൂട്ടായ്മ ആബാ ധ്യാനകേന്ദ്രത്തിൽ ഡിസംബർ 5 ശനിയാഴ്ച രാവിലെ 10 മുതൽ ഉച്ചകഴിഞ്ഞ് 3 മണി വരെ ഡയറക്ടർ റവ. ഫാ.ഷാജൻ തേർമഠത്തിന്റെ നേതൃത്വത്തിൽ നടത്തി. പാരീഷ് ഫെസ്റ്റ് 2015നെക്കുറിച്ച് ചർച്ച ചെയ്തു.

### പ്രാർത്ഥനാ ഗ്രൂപ്പ് ലീഡേഴ്സ് കൂട്ടായ്മ – ക്രിസ്തുമസ് ഗ്രാൻഡ് ഫിനാലെ

ഡിസംബർ 29 ചൊവ്വാഴ്ച രാവിലെ 9.30 മുതൽ ഉച്ചകഴിഞ്ഞ് 4 മണി വരെ ആബാ ധ്യാന കേന്ദ്രത്തിൽ നടത്തുന്നു. പ്രാർത്ഥനാകൂട്ടായ്മ ലീഡേഴ്സ്, സബ്സോൺ, മിനിസ്ട്രി സർവ്വീസ് ടീമംഗങ്ങൾ എന്നിവർ പങ്കെടുക്കുന്നു. മാർ റാഫേൽ തട്ടിൽ മുഖ്യ പ്രഭാഷണം നടത്തും. ദിവ്യബലി, ദിവ്യകാരുണ്യാരാധന തുടങ്ങിയവയുമുണ്ടായിരിക്കുന്നതാണ്.

| | | |
|---|---|---|
| **റവ. ഫാ. ഷാജൻ തേർമഠം** | **സാബു എം. വർഗ്ഗീസ്** | **സി.ടി. സെബാസ്റ്റ്യൻ** |
| ഡയറക്ടർ | കോ-ഓർഡിനേറ്റർ | സെക്രട്ടറി |

# കാത്തലിക് ടീച്ചേഴ്സ് ഗിൽഡ്

### KCBC വിദ്യാഭ്യാസകമ്മീഷൻ യോഗം തൃശ്ശൂരിൽ

സംസ്ഥാനത്തെ കാത്തലിക് കോർപ്പറേറ്റ് മാനേജർമാരുടെയും ടീച്ചേഴ്സ് ഗിൽഡ് സംസ്ഥാന രൂപത ഭാരവാഹികളുടെയും സംയുക്ത യോഗം നവം ബർ 13-ാം തിയതി വെള്ളിയാഴ്ച തൃശ്ശൂർ ആർച്ച്ബിഷപ് ഹൗസിൽ ചേർന്നു. വിദ്യാഭ്യാസ രംഗത്തെ കാലിക വിഷയങ്ങളെകുറിച്ച് ചർച്ച ചെയ്തു. കെ. സി.ബി.സി. വിദ്യാഭ്യാസ കമ്മീഷൻ ചെയർമാൻ മാർ ആൻഡ്രൂസ് താഴത്ത് യോഗം ഉദ്ഘാടനം ചെയ്തു.

### വിദ്യാർത്ഥികളുടെയും അദ്ധ്യാപകരുടെയും സാഹിത്യരചനാ മത്സരങ്ങൾ

നവംബർ 21-ാം തിയതി സാഹിത്യ രചനാ മത്സരങ്ങൾ തൃശ്ശൂർ സെന്റ് തോമസ് കോളേജ് ഹയർ സെക്കണ്ടറി സ്കൂളിൽ വെച്ച് സംഘടിപ്പിച്ചു. നൂറു കണക്കിന് അദ്ധ്യാപകരും വിദ്യാർത്ഥികളും മത്സരത്തിൽ പങ്കെടുത്തു.

### ഡിസംബർ 1 പ്രതിഷേധ ദിനം

പൊതു വിദ്യാഭ്യാസ രംഗത്തെ പ്രശ്നങ്ങൾക്ക് പരിഹാരം ആവശ്യപ്പെട്ട് കൊണ്ട് ഡിസംബർ 1-ാം തിയതി പ്രതിഷേധ ദിനമായി ആചരിച്ചു. അന്നേദി വസം അദ്ധ്യാപകർ ബാഡ്ജുകൾ ധരിച്ചാണ് ക്ലാസ്സുകളിൽ എത്തിയത്. ലഘു ലേഖകളും, പോസ്റ്ററുകളും അച്ചടിച്ച് വിതരണം ചെയ്തിരുന്നു. ഡിസംബർ 10, 11 തിയതികളിൽ നിശ്ചയിച്ചിരുന്ന സെക്രട്ടേറിയേറ്റ് ഉപവാസം മുഖ്യമന്ത്രി യുമായുള്ള ചർച്ചകളെ തുടർന്ന് ജനുവരി ആദ്യവാരത്തിലേക്ക് മാറ്റിവെച്ചു.

**ഫാ. ആന്റണി ചെമ്പകശ്ശേരി**
ഡയറക്ടർ

**ജോഷി വടക്കൻ**
പ്രഡിഡന്റ്

**പി.ഡി. വിൻസെന്റ്**
ജനറൽ സെക്രട്ടറി

# മദ്യവിരുദ്ധ സമിതി

### 1. അഡ്ഹോക്ക് കമ്മിറ്റി രൂപീകരിച്ചു

തൃശ്ശൂർ: അതിരൂപത മദ്യവിരുദ്ധ സമിതിയുടെ പ്രവർത്തനങ്ങൾ സുഗ മവും ഊർജ്ജിതവുമാക്കുന്നതിന്റെ ഭാഗമായി 29.11.15 ഞായറാഴ്ച പാസ്റ്റ റൽ സെന്ററിൽ യോഗം ചേർന്നു ഒരു അഡ്ഹോക്ക് കമ്മിറ്റിക്ക് രൂപം നൽകി. മോൺ . ജോർജ്ജ് കോമ്പാറയുടെ മഹനീയ സാന്നിദ്ധ്യത്തിലായിരുന്നു തെര ഞ്ഞെടുപ്പ്. പുതിയ ഭാരവാഹികളുടെ കാലാവധി ഒരു വർഷമായിരിക്കും.

യൂണിറ്റ് – ഫൊറോന–മേഖലാ തലങ്ങളിലെ ഭാരവാഹികൾ പതിവുപോലെ തുടരുന്നതായിരിക്കും.

എം. കെ. ബാബു (പ്രഡിഡന്റ്), ടി. ജെ. ഡേവീസ് (വൈസ് പ്രസിഡന്റ്), പ്രൊഫ. അന്നം ജോൺ (വൈസ് പ്രസിഡന്റ്), റപ്പായി മേച്ചേരി (ജനറൽ സെക്രട്ടറി), സുനീഷ് സ്രാമ്പിക്കൽ (ജോയിന്റ് സെക്രട്ടറി), ശ്രീമതി ലൂസി ഫ്രാൻസീസ് (ജോ. സെക്രട്ടറി), ഇ. കെ. ജോസഫ് (ട്രഷറർ), പി. പി. ഡേവീസ് (പി.ആർ.ഒ.) സ്ഥാനമൊഴിഞ്ഞ ഭാരവാഹികളുടെ സേവനങ്ങൾക്ക് നന്ദി പ്രകാശിപ്പിക്കുന്നു. പുതിയതായി തെരഞ്ഞെടുക്കപ്പെട്ടവർക്ക് പ്രാർത്ഥനാ നിർഭരമായ വിജയാശംസകൾ!

**2. ഡയറക്ടർമാർക്കും പ്രസിഡണ്ടുമാർക്കും കത്തുകൾ**

മനുഷ്യാവതാര മഹോത്സവമായ ക്രിസ്മസും നവവത്സരദിനവും മദ്യവിമുക്തമായി ആചരിക്കാൻ ജനങ്ങളെയും സംഘടനാ പ്രവർത്തകർക്കും നിർദ്ദേശം നൽകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഡയറക്ടറച്ചൻ യൂണിറ്റ് ഡയറക്ടർമാരായ ബഹു. അച്ചന്മാർക്കും എല്ലാ യൂണിറ്റ് പ്രസിഡണ്ടുമാർക്കും കത്തുകളയച്ചു. ജനുവരിയിൽ വി. സെബസ്ത്യാനോസിന്റെ തിരുനാളിന് ഒരുങ്ങുന്ന അവസരമാണല്ലോ. തിരുനാളിന്റെ ചൈതന്യത്തിനു നിരക്കാത്ത മദ്യപാനവും മറ്റും ഒഴിവാക്കുന്നതിന് നാം ജാഗ്രത പുലർത്തണം.

**3. നിധീഷ് കുമാർ മന്ത്രിസഭയ്ക്ക് അഭിനന്ദനം**

സമ്പൂർണ്ണ മദ്യനിരോധനം നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ച ബീഹാറിന്റെ പുതിയ മുഖ്യമന്ത്രി നിധീഷ് കുമാറിനെ തൃശ്ശൂർ അതിരൂപത മദ്യവിരുദ്ധ സമിതി അഭിനന്ദിച്ചു. ഇത് ഇതര സംസ്ഥാനങ്ങൾക്കും ഇന്ത്യക്ക് മുഴുവനും മാതൃകയാണെന്ന് അതിരൂപത ഡയറക്ടർ ആഹ്വാനം ചെയ്തു. ഇതോടനുബന്ധിച്ച് ചേർന്ന യോഗത്തിൽ പ്രസിഡണ്ട് എം. കെ. ബാബു, ജനറൽ സെക്രട്ടറി റപ്പായി മേച്ചേരി, മുൻ ട്രഷറർ ജോണി ചിറ്റിലപ്പിള്ളി, പി.ആർ.ഒ. ഡേവീസ് പി. പി., മുതലായവർ നിധീഷ് കുമാറിന് അഭിനന്ദനങ്ങൾ അർപ്പിച്ചുകൊണ്ട് സംസാരിച്ചു.

**4. 17–ാം സംസ്ഥാന സമ്മേളം ആലപ്പുഴയിൽ**

ലിയോ തേർട്ടീൻത് ഹൈസ്കൂളിൽ വെച്ച് 2015 ഡിസംബർ 11, 12 തിയതികളിൽ നടക്കുകയുണ്ടായി. പ്രസ്തുത സമ്മേളനത്തിൽ തൃശ്ശൂർ അതിരൂപത മദ്യവിരുദ്ധ സമിതി ഡയറക്ടർ റവ. ഫാ. ദേവസ്സി പന്തല്ലൂക്കാരനച്ചന്റെ നേതൃത്വത്തിൽ തൃശ്ശൂർ അതിരൂപത ഭാരവാഹികളും എക്സിക്യൂട്ടീവ് അംഗങ്ങളും ഫൊറോന ഇടവക ഭാരവാഹികൾ തുടങ്ങി അമ്പതോളം പേർ പങ്കെടുത്തു.

| | |
|---|---|
| **ഫാ. ദേവസ്സി പന്തല്ലൂക്കാരൻ** | **പി. പി. ഡേവീസ്** |
| ഡയറക്ടർ | പി.ആർ.ഒ. |

# മാതൃസംഘം

## 1. അതിരൂപത തെരഞ്ഞെടുപ്പ്

മാതൃസംഘം തെരഞ്ഞെടുപ്പ് 2015 നവംബർ 24ന് നടന്നു. അതിരൂപതയിലെ എല്ലാ ഇടവകകളിൽ നിന്നുമായി 406 അംഗങ്ങൾ തെരഞ്ഞെടുപ്പ് ദിവസം സന്നിഹിതരായിരുന്നു. അസി. ഡയറക്ടർ ഫാ. ബൈജു കാഞ്ഞിരത്തിങ്കൽ നയിച്ച പ്രാർത്ഥനയോടെ തിരഞ്ഞെടുപ്പ് യോഗം ആരംഭിച്ചു. വന്നു ചേർന്ന ഏവർക്കും ശ്രീമതി ലീലാ മാത്യു സ്വാഗതം ആശംസിച്ചു. അതിരൂപത ഡയറക്ടർ ഫാ. ലോറൻസ് തൈക്കാട്ടിൽ അദ്ധ്യക്ഷപ്രസംഗം നടത്തി. ബഹു. വർഗ്ഗീസ് തരകനച്ചൻ തെരഞ്ഞെടുപ്പ് വരണാധികാരിയായി എല്ലാറ്റിനും നേതൃത്വം നൽകി. തിരഞ്ഞെടുപ്പിനെ സംബന്ധിച്ച പ്രായോഗിക നിർദ്ദേശങ്ങൾ ബഹു. തകരനച്ചൻ നൽകുകയും തിരഞ്ഞെടുപ്പ് നടത്തുകയും ചെയ്തു.

താഴെ പറയുന്നവരെ അതിരൂപത ഭാരവാഹികളായി തിരഞ്ഞെടുത്തു.

പ്രിസഡന്റ് : ശ്രീമതി ബീന ജോഷി (പാലയൂർ ഇടവക, പാലയൂർ ഫൊറോന), വൈസ് പ്രസിഡന്റ് : ശ്രീമതി മേഴ്സി വർഗ്ഗീസ് (പുതുക്കാട് ഇടവക, പുതുക്കാട് ഫൊറോന) സെക്രട്ടറി : ശ്രീമതി ജൂലി ബാബു(ലൂർദ്ദ് ഇടവക, ലൂർദ്ദ് ഫൊറോന), ജോ. സെക്രട്ടറി : ശ്രീമതി പ്രിൻസി ദാസ് (ചേർപ്പ് ഇടവക, പഴുവിൽ ഫൊറോന) ട്രഷറർ : ഷെജി നിക്സൺ (വടക്കാഞ്ചേരി ഇടവക, വടക്കാഞ്ചേരി ഫൊറോന) കമ്മിറ്റി അംഗങ്ങൾ : ശ്രീമതി ജോബി ഡേവീസ് (മണലൂർ ഇടവക, കണ്ടശ്ശാംകടവ് ഫൊറോന), ശ്രീമതി ഷീബ ഫ്രാൻസീസ് (പേരാമംഗലം ഇടവക, കൊട്ടേക്കാട് ഫൊറോന), ശ്രീമതി മേഴ്സി വർഗ്ഗീസ് (മുളയം ഇടവക, പട്ടിക്കാട് ഫൊറോന)

## 2. ഡിസംബർ 1 – അതിരൂപത പ്രാർത്ഥനാ ഉപവാസ ദിനം

അതിരൂപത മാതൃസംഘത്തിന്റെ നേതൃത്വത്തിൽ ഡിസംബർ 1ന് ലൂർദ്ദ് പള്ളിയിൽ വച്ച് ഏകദിന പ്രാർത്ഥന ഉപവാസം നടത്തി. രാവിലെ 10ന് ജപമാലയോടെ തിരുകർമ്മങ്ങൾ ആരംഭിച്ചു. തുടർന്ന് പുതുക്കാട് ഇടവകാംഗമായ ശ്രീമതി ലിൻസി "വി. കുർബ്ബാനയും അനുദിന ജീവിതവും" എന്ന വിഷയത്തെ പ്രയോഗിക തലത്തലിൽ ക്ലാസ്സിലൂടെ അവതരിപ്പിച്ചു. തുടർന്ന് വി. കുർബ്ബാനയും ദിവ്യകാരുണ്യ ആരാധനയും നടന്നു. എല്ലാ മാസവും ഒരുദിവസം പ്രാർത്ഥന ഉപവാസ പ്രാർത്ഥന നടത്തുന്നതാണ്.

ഡയറക്ടർ
ഫാ. ലോറൻസ് തൈക്കാട്ടിൽ

ശ്രീമതി ബീന ജോഷി
പ്രസിഡണ്ട്

ഫാ. ബൈജു കാഞ്ഞിരത്തിങ്കൽ
അസി. ഡയറക്ടർ

ശ്രീമതി ജൂബി ബാബു
സെക്രട്ടറി

# Family Apstolate Centre

## 1. പരി. അമ്മയെക്കുറിച്ച് ക്ലാസ്സ്

ഫാമിലി അപ്പസ്റ്റൊലെറ്റിന്റെ നേതൃത്വത്തിൽ പരി. അമ്മയെക്കുറിച്ച് 35 മണിക്കൂർ ദൈർഘ്യമുള്ള ഒരു കോഴ്സ് പരി. മാതാവിന്റെ അമലോത്ഭവ തിരുനാൾ ദിനമായ ഡിസംബർ 8ന് ആരംഭിച്ചു. വിവിധ ഇടവകകളിൽ നിന്നായി 160 പേർ ആദ്യത്തെ ക്ലാസ്സിൽ പങ്കെടുത്തു. അടുത്ത ക്ലാസ്സ് 2016 ജനുവരി 12ന് ചൊവ്വാഴ്ച 2ന് ആരംഭിക്കും. താൽപര്യമുള്ളവർക്ക് സ്വാഗതം

## 2. വിവാഹ രജത – സുവർണ്ണ ജൂബിലി

വിവാഹിത്തിന്റെ രജത ജൂബിലിയും സുവർണ്ണ ജൂബിലിയും ഘോഷിക്കുന്ന തൃശ്ശൂർ അതിരൂപതാംഗങ്ങളായവരുടെ ആഘോഷങ്ങൾ ഡിസംബർ 12, 13 ദിവസങ്ങളിൽ നടന്നു.

2015 ഡിസംബർ 12ന് തൃശ്ശൂർ ലൂർദ്ദ് കത്തീഡ്രൽ പള്ളിയിൽ വെച്ച് വിവാഹത്തിന്റെ രജത ജൂബിലി ആഘോഷിക്കുന്നവരുടെ സംഗമം നടന്നു. രാവിലെ 9.30ന് പ്രാർത്ഥനാ ശുശ്രൂഷയോടെ പരിപാടികൾ ആരംഭിച്ചു.

തുടർന്ന് പെരിയ ബഹു. വർഗ്ഗീസ് കൂത്തൂരച്ചൻ കുടുംബജീവിത്തിലെ വെല്ലുവിളികളെക്കുറിച്ചും പരിഹാര മാർഗ്ഗങ്ങളെക്കുറിച്ചും ക്ലാസ്സെടുത്തു. അഭിവന്ദ്യ ആൻഡ്രൂസ് താഴത്ത് പിതാവ് ദിവ്യബലിയർപ്പിച്ച് ജൂബിലിയാഘോഷിക്കുന്നവരെ അനുഗ്രഹിച്ച് ആശംസകൾ നേർന്നു. വിവാഹനാളിനെ അനുസ്മരിപ്പിക്കുന്ന വിധത്തിൽ ദമ്പതികൾക്ക് പ്രതിജ്ഞ ചൊല്ലികൊടുത്തും മധുരം നൽകികൊണ്ടും അഭിവന്ദ്യപിതാവ് ജൂബിലിയാഘോഷം അവിസ്മരണീയമാക്കി. അതിരൂപതയിലെ 155 ഇടവകകളിൽ നിന്നായി 759 ദമ്പതികളാണ് ജൂബിലിയാഘോഷങ്ങൾക്ക് എത്തിചേർന്നത്. എല്ലാ ദമ്പതികളുമായി പ്രത്യേകം പ്രത്യേകം ഫോട്ടോ എടുക്കുന്നതിനും ജൂബിലി മെമന്റോ നൽകുന്നതിനുമായി അഭിവന്ദ്യപിതാവ് സന്നിഹിതനായിരുന്നു.

സുവർണ്ണ ജൂബിലിയാഘോഷങ്ങൾ 2015 ഡിസംബർ 13ന് തൃശ്ശൂർ അതിരൂപതാ ഫാമിലി അപ്പസ്റ്റൊലെറ്റ് സെന്ററിൽ വച്ച് നടന്നു. രാവിലെ 9.30ന് പ്രാർത്ഥനാ ശുശ്രൂഷ നടന്നു. തുടർന്നു അതിരൂപതാ ഫാമിലി അപ്പസ്റ്റൊലെറ്റ് സെന്റർ ഡയറക്ടർ ആമുഖ പ്രഭാഷണം നടത്തി. അതിരൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ ആൻഡ്രൂസ് താഴത്ത് പിതാവിന് സുവർണ്ണ ജൂബിലിയാഘോഷിക്കുന്ന ദമ്പതികൾ ജന്മദിനാശംസകൾ നേർന്നു. തുടർന്ന് പിതാവിന്റെ പ്രധാന കാർമ്മികത്വത്തിൽ ദിവ്യബലിയും ജൂബിലിയാഘോഷിക്കുന്നവരെ ആദരിക്കുന്ന ചടങ്ങും നടന്നു. അമ്പതുവർഷത്തെ വിവാഹ ജീവിതത്തിന്റെ അനുഭവങ്ങളുമായി വന്ന ജൂബിലിക്കാർക്ക് മധുരം നൽകിയും വിവാഹ പ്രതിജ്ഞ

പുതുക്കിയും മെമന്റോ നൽകിയും ഒപ്പം നിന്ന് ഫോട്ടോ എടുത്ത് ആഘോഷങ്ങൾ അവിസ്മരണീയമാക്കി. 138 ഇടവകകളിൽ നിന്നായി 155 ദമ്പതികൾ ചടങ്ങിൽ പങ്കെടുത്തു.

രണ്ടുദിവസത്തേയും ചടങ്ങുകൾക്ക് ഫാമിലി അപ്പസ്റ്റോലെറ്റ് സെന്റർ സ്റ്റാഫും, അസി. ഡയറക്ടർ ഫാ. ജിയോ തെക്കിനിയത്തും, കുടുംബക്കൂട്ടായ്മ അസി.ഡയറക്ടർ ഫാ. വർഗ്ഗീസ് തരകനും, മാതൃസംഘം അസി.ഡയറക്ടർ ഫാ. ബൈജു കാഞ്ഞിരത്തിങ്കലും നേതൃത്വം നൽകി.

പുതുവത്സരാശംസകളോടെ

**ഫാ. ജിയോ തെക്കിനിയത്ത്**
അസി. ഡയറക്ടർ

**ഫാ. ലോറൻസ് തൈക്കാട്ടിൽ**
ഡയറക്ടർ

# ലീജിയൻ ഓഫ് മേരി

ലീജിയൻ ഓഫ് മേരി തൃശ്ശൂർ കമ്മീസിയത്തിന്റെ 693–ാമതും തൃശ്ശൂർ കൂരിയായുടെ 706–ാമതും സമ്മേളനം 2015 ഡിസംബർ 6 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2.30ന് പാസ്റ്ററൽ സെന്ററിലുള്ള ഓഫീസിൽ വെച്ച് പ്രസിഡന്റ് ബ്ര. കെ. പി. ജോയിയുടെ അദ്ധ്യക്ഷതയിൽ പ്രാരംഭപ്രാർത്ഥനയോടും ജപമാലയോടും കൂടി ആരംഭിച്ചു. പ്രസിഡന്റ് ജ്ഞാനവായന നടത്തിയതിനു ശേഷം സെക്രട്ടറി ബ്ര. പി.സി. കുരിയപ്പൻ മുൻമാസ റിപ്പോർട്ടും ട്രഷറർ ബ്ര. എ. ജെ. വിൻസെന്റ് വരവ്–ചിലവ് കണക്കും വായിച്ച് അംഗീകരിച്ചു.

വൈസ് പ്രസിഡന്റ് സി.എൽസി ചുമ്മാർ ഹാജർ വിളിച്ചു. എല്ലാ കമ്മീസിയം ഭാരവാഹികളും ഹാജരുണ്ടായിരുന്നു. പ്രാതിനിധ്യം ഇല്ലാതിരുന്ന കൂരിയ – കാഞ്ഞിരപ്പുഴ ബ്ര. പ്രസിഡന്റ് എല്ലാ മരിയ വൈദീകർക്കും പ്രത്യേകം സ്വാഗതം പറഞ്ഞു.

കണ്ടശ്ശാംകടവ് പ്രസീദിയം കൂരിയായായി ഉയർത്തുന്നതിന് തീരുമാനിച്ചു. പുതിയ കൂരിയായിൽ, അരിമ്പൂര്, വാടാനപ്പിള്ളി, കാരമുക്ക്, കാഞ്ഞാണി, മനക്കൊടി പ്രസീദിയങ്ങൾ ഉൾപ്പെട്ടതായിരിക്കും. ഡിസംബർ 12 ശനിയാഴ്ച മോൺ. ജോർജ്ജ് കോമ്പാറ കൂരിയ ഉദ്ഘാടനം ചെയ്യുന്നതാണെന്നും ബ്ര. പ്രസിഡന്റ് അറിയിച്ചു.

സൈനീക ജപശൃംഖലയ്ക്ക് ശേഷം ആദ്ധ്യാത്മിക നിയന്താവ് റവ.ഡോ. ജോൺ മൂലൻ പ്രഭാഷണം നടത്തി. ആഗമനകാലത്തേക്ക് പ്രവേശിച്ച കാലഘട്ടത്തിൽ യേശുവിന്റെ ജനനത്തിനായി മരിയ സൈനികർ ഒരുങ്ങേണ്ടതിനെക്കുറിച്ചും ഫ്രാൻസീസ് മാർപാപ്പയുടെ കരുണയുടെ വർഷാരംഭത്തെക്കുറിച്ചും ആദ്ധ്യാത്മിക നിയന്താവ് വിശദീകരിച്ചു.

ഡിസംബർ 20ന് കമ്മീസിയത്തിന്റെ 55-ാം വാർഷിക റിയൂണിയൻ സമ്മേളനം അഭിവന്ദ്യ ആൻഡ്രൂസ് താഴത്ത് പിതാവ് ഉദ്ഘാടനം ചെയ്തു.

അതിരൂപതയിൽ ആദ്യമായി ഏറ്റവും നല്ല സംഘടന പ്രവർത്തകർക്കുള്ള അവാർഡ് നൽകിയതിൽ ലീജിൻ ഓഫ് മേരി സംഘടനയിൽ ഏറ്റവും നല്ല സംഘടന പ്രവർത്തകനായി കമ്മീസിയം സെക്രട്ടറി കൂടിയായ ബ്ര. പി. സി. കുരിയപ്പനെ തിരഞ്ഞെടുക്കപ്പെട്ടതിൽ വാർഷിക റിയൂണിയനിൽ വെച്ച് ആദരിക്കുന്നതിനും തീരുമാനിച്ചു.

കമ്മീസിയത്തിന് കീഴിൽ 100 പ്രസീദിയം പ്രവർത്തിക്കുന്നതിനായി സെക്രട്ടറി അറിയിച്ചു. പുതിയ പ്രസീദിയങ്ങൾ ആരംഭിക്കുന്നതിൽ ബഹു. ആദ്ധ്യാത്മിക നിയന്താവിന്റെ പരി. അമ്മയോടുള്ള പ്രത്യേക താല്പര്യം സംഘടനയുടെ വളർച്ചക്ക് വളരെയേറെ പ്രയോജനകരമായി എന്ന് പ്രസിഡന്റ് പ്രത്യേകം അറിയിച്ചു. അവസാന പ്രാർത്ഥനക്കും, ആദ്ധ്യാത്മിക നിയന്താവിന്റെ ആശീർവാദത്തിനുശേഷം സമ്മേളനം 5 മണിക്ക് സമാപിച്ചു.

ദിവ്യനാഥയുടെ സേവനത്തിൽ

| | | |
|---|---|---|
| **റവ. ഡോ. ജോൺ മൂലൻ** | **കെ. പി. ജോയ്** | **പി.സി. കുരിയപ്പൻ** |
| ആദ്ധ്യാത്മിക നിയന്താവ് | പ്രസിഡണ്ട് | സെക്രട്ടറി |

# കാത്തലിക് നേഴ്സസ് ഗിൽഡ്

2015 നവംബർ 24ന് ജൂബിലി മിഷൻ ഹോസ്പിറ്റലിൽ വെച്ച് എക്സിക്യൂട്ടീവ് അംഗങ്ങളും "നൈറ്റിംഗേൽസ് മീറ്റ് 2015" ന്റെ വിവിധ കമ്മിറ്റി ലീഡേഴ്സും ഒത്ത് ചേർന്ന് ഒരു മീറ്റിങ്ങ് നടന്നു. നവംബർ 8ന് നടന്ന നൈറ്റിംഗേൽസ് മീറ്റിന്റെ ലഘു ഇവാലുവേഷൻ നടത്തുകയുണ്ടായി. തുടർന്ന് ഇതിനായി പ്രവർത്തിച്ച ഏവർക്കും നന്ദി പറയുകയും ജൂബിലി മിഷ്യൻ ഹോസ്പിറ്റലിന്റെ പൂർണ്ണമായ പിന്തുണ പ്രത്യേകം എടുത്ത് പറയുകയും ചെയ്തു.

2015 ഡിസംബർ 13-ാം തിയ്യതി ഞായറാഴ്ച വൈകീട്ട് 2 മണിക്ക് പാടുക്കാട് - വിയ്യൂർ ജയിലിലെ അന്തേവാസികളോടൊത്ത് CNGI കൂട്ടായ്മ ക്രിസ്തുമസ് ആഘോഷിച്ചു. ധാരാളം CNGI അംഗങ്ങൾ പങ്കെടുക്കുകയുണ്ടായി.

ആതുരാലയങ്ങളിൽ ശുശ്രൂഷ ചെയ്യുന്നവരുടെ ആത്മീയവും മാനസീകവുമായ വളർച്ചക്കും പ്രോത്സാഹനത്തിനും 2016 ഫെബ്രുവരി മാസം രണ്ടു ബാച്ചുകളിലായി 21 ഞായർ മുതൽ 24 ബുധൻ വരെയും, 24 ബുധൻ മുതൽ 27 ശനി വരെയും തൃശ്ശൂർ തലോർ ജറുസലെം ധ്യാനകേന്ദ്രത്തിൽ ധ്യാനം ഒരുക്കിയിരിക്കുന്നു. എല്ലാ നേഴ്സുമാർക്കും ശുശ്രൂഷകർക്കും നേഴ്സിങ്ങ് വിദ്യാർത്ഥികൾക്കും, ഫാർമസി, എക്സറേ, ലാബ് വിഭാഗത്തിലുള്ളവർക്കും

പങ്കെടുക്കുവാൻ തക്കവിധത്തിലാണ് ധ്യാനം തയ്യാറാക്കിയിരിക്കുന്നത്. പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ അതിനുള്ള ക്രമീകരണങ്ങൾ മുൻകൂട്ടി നടത്തി, ധ്യാനത്തിൽ സംബന്ധിക്കുന്നവരുടെ എണ്ണം അധികാരികൾ വഴി CNGI അതിരൂപത ഭാരവാഹികളെ അറിയിക്കുമല്ലോ. ധ്യാനത്തിൽ പങ്കെടുക്കുന്നവർക്ക് ഫീസിൽ ആനുകൂല്യം ഉണ്ടായിരിക്കുന്നതാണ്. ധ്യാനം വിജയിപ്പിക്കുവാൻ അകമഴിഞ്ഞ പ്രാർത്ഥനയും സഹകരണവും സാന്നിദ്ധ്യവും പ്രതീക്ഷിക്കുന്നു. ബുക്കിങ്ങ് നമ്പറുകൾ : 9497070947, 9142437917

ക്രിസ്തുമസ്സിന്റേയും പുതുവത്സരത്തിന്റെ ദൈവാനുഗ്രഹങ്ങളും പ്രാർത്ഥനാശംസകളും എല്ലാവർക്കും ഏറെ സ്നേഹത്തോടെ ആശംസിക്കുന്നു.

**ഫാ. സിജോ അരിക്കാട്ട്**
ഡയറക്ടർ

**സി. റൊസീന ഡേവീസ് FCC**
സെക്രട്ടറി

# പ്രൊഫഷണൽ സി. എൽ. സി.

**പ്രൊഫഷണൽ സി.എൽ.സി. തൃശ്ശൂർഅതിരൂപത ഭാരവാഹികളെ തെരഞ്ഞെടുത്തു.**

പ്രൊഫഷണൽ സി.എൽ.സി. തൃശ്ശൂർ അതിരൂപത ഭാരവാഹികളായി ജെറോം മാളിയേക്കൽ (പ്രസിഡന്റ്), ജെയിംസ് മുട്ടിക്കൽ (സെക്രട്ടറി), ഫ്രാൻസീസ് ജേക്കബ്ബ് (ട്രഷറർ), അഡ്വ. ബി. ബി. ബ്രാഡ്‌ലി, ഓമന കെ.എ. (വൈസ് പ്രസിഡണ്ടുമാർ) ബാബു അതിയുന്തൻ, വിജി ഷാജു (ജോ. സെക്രട്ടറിമാർ), പോൾ എം. ഐ. സന്തോഷ് നീലങ്കാവിൽ, ജോർജ്ജ് മാത്യു, ജിന്റോ ജോസഫ്, സി.പി. ജോസ് എക്സി. കമ്മിറ്റി അംഗങ്ങൾ എന്നിവരെ തെരഞ്ഞെടുത്തു. അതിരൂപത ഡയറക്ടർ ഫാ. ജിയോ തെക്കിനിയത്ത് അദ്ധ്യക്ഷത വഹിച്ചു. ജെറോം മാളിയേക്കൽ, ജെയിംസ് മുട്ടിക്കൽ, എസ്.വി. റപ്പായി, ജോർജ്ജ് മാത്യു, സി.പി. ജോസ് എന്നിവർ പ്രസംഗിച്ചു.

റവ. ഫാ. ജിയോ തെക്കിനിയത്ത്
ഡയറക്ടർ

ജെയിംസ് മുട്ടിക്കൽ
സെക്രട്ടറി

# കലാസദൻ

തൃശ്ശൂർ : പ്രമുഖ കലാ സാംസ്കാരിക സംഘടനയായ തൃശ്ശൂർ കലാസദൻ നാടക വിഭാഗത്തിന് അവതരിപ്പിക്കുന്നതിനുവേണ്ടി സംസ്ഥാന തലത്തിൽ നടത്തുന്ന സ്ക്രിപ്റ്റ് മത്സരത്തിലേക്ക് കൃതികൾ ക്ഷണിച്ചു. ധാർമ്മിക മൂല്യ

ങ്ങളും സാമൂഹ്യപ്രതിബദ്ധതയുമുള്ള വിഷയങ്ങളുൾകൊള്ളുന്ന രണ്ടു മണിക്കൂറിനുള്ളിൽ അവതരിപ്പിക്കാവുന്ന രചനകളാണ് ഉദ്ദേശിക്കുന്നത്. സമ്മാനർഹമാകുന്ന ഒന്നും രണ്ടും മൂന്നും രചനകൾക്ക് യഥാക്രമം 25000 രൂപ, 10000 രൂപ, 5000 രൂപ വീതമുള്ള ക്യാഷ് അവാർഡുകളും ഉപഹാരങ്ങളും സർട്ടിഫിക്കറ്റുകളും നൽകുന്നതാണ്. എഴുതിയതോ ടൈപ്പ് ചെയ്തതോ ആയ രചനകൾ 29.02.15 മുമ്പ് "സെക്രട്ടറി, കലാസദൻ, പാസ്റ്ററൽ സെന്റർ, തൃശ്ശൂർ – 680 005 എന്ന വിലാസത്തിൽ അയക്കേണ്ടതാണ്. വിവരങ്ങൾക്ക് 9656651284 എന്ന നമ്പറിൽ വിളിക്കുക.

**കലാസദൻ കലാരത്ന അവാർഡിന് ശുപാർശകൾ ക്ഷണിച്ചു.**

തൃശ്ശൂർ : പ്രമുഖ കലാസാംസ്കാരിക സംഘടനയായ തൃശ്ശൂർ കലാസദൻ സംസ്ഥാന തലത്തിൽ നല്കിവരുന്ന എം.എ. റപ്പായി സപ്തതി സ്മാരക "കലാസദൻ കലാരത്ന അവാർഡുകൾക്ക്" ശുപാർശകൾ ക്ഷണിച്ചു. സംഗീതത്തിൽ സമഗ്ര സംഭാവന നൽകിയ മികച്ച പ്രതിഭക്കും മികച്ച ദൃശ്യ മാധ്യമ പ്രവർത്തകനുമാണ് ഇക്കൊല്ലം അവാർഡുകൾ നൽകുന്നത്. ഓരോന്നിനും 10,000 രൂപയും ഉപഹാരവും പ്രശസ്തി പത്രവുമടങ്ങുന്നതാണ് അവാർഡ്, ശുപാർശകളും വിവരങ്ങളും 2016 ജനുവരി 15ന് മുമ്പ് സെക്രട്ടറി കലാസദൻ, പാസ്റ്ററൽ സെന്റർ, തൃശ്ശൂർ 680 005 എന്ന വിലാസത്തിൽ അയക്കേണ്ടതാണ്. വിവരങ്ങൾക്ക് ഫോൺ : 7559950932 നമ്പറിൽ ബന്ധപ്പെടുക.

**ഡോ. പോൾ പുളിക്കൻ** — **ബേബി മൂക്കൻ**
സെക്രട്ടറി — കൺവീനർ

# കെ. സി. എസ്. എൽ.

**1. സംസ്ഥാന വാർഷികവും കലോത്സവവും ജനുവരി 9ന്**

കെ. സി. എസ്.എൽ. സംസ്ഥാന വാർഷികവും കലോത്സവവും ഇരിഞ്ഞാലക്കുടയിൽ വച്ച് ജനുവരി 9-ാം തിയതി ശനിയാഴ്ച നടക്കുന്നു. സംസ്ഥാന കലോത്സവത്തിന് പോകുന്നവർ കൃത്യസമയത്ത് എത്തിച്ചേരുക.

**2. അതിരൂപത വാർഷികവും സമ്മാനദാവും ജനുവരി 15ന്**

തൃശ്ശൂർഅതിരൂപതാ കെ.സി.എസ്.എൽ. വാർഷികവും സമ്മാനദാനവും ജനുവരി 15 വെള്ളിയാഴ്ച 2 മണിക്ക് തൃശ്ശൂർ ഡി. ബി.സി.എൽ.സിയിൽ വച്ച് നടക്കുന്നു. കലോത്സവ ട്രോഫികളും സാഹിത്യോത്സവ സമ്മാനങ്ങളും അന്ന് വിതരണം ചെയ്യുന്നു. സംസ്ഥാന കലാസാഹിത്യമത്സരവിജയികൾക്കും അന്ന് സമ്മാനങ്ങൾ നൽകുന്നു. ചാരിറ്റികിറ്റ് വിതരണവും അന്നുതന്നെയായിരിക്കും.

അന്നേ ദിവസം കൈപ്പറ്റാത്ത മുൻലക്കം ബൊക്കെ, മറ്റു സമ്മാനങ്ങൾ എന്നിവ കൊണ്ടുപോകേണ്ടതാണ്.

**3. അതിരൂപതാ നേതൃത്വ പരിശീലന ക്യാമ്പ്**

അതിരൂപതാ നേതൃത്വ പരിശീലന ക്യാമ്പ് മാർച്ച് മാസത്തിൽ നടക്കുന്നു. 2016-2017 അദ്ധ്യയന വർഷത്തെ അതിരൂപത വിദ്യാർത്ഥി ഭാരവാഹികളെ ആ ക്യാമ്പിൽ വച്ചാണ് തെരഞ്ഞെടുക്കുന്നത്. യോഗ്യരായ കെ.സി.എസി.എൽ. അംഗങ്ങളെ പങ്കെടുപ്പിക്കാൻ ശ്രദ്ധിക്കുക.

| | | |
|---|---|---|
| **ഫാ. ആന്റണി ചെമ്പകശ്ശേരി** | **ഡോ. ജോൺ റാഫേൽ** | **ജിജു ആന്റണി** |
| ഡയറക്ടർ | പ്രസിഡണ്ട് | ഓർഗനൈസർ |

# സൊസൈറ്റി ഓഫ് സെന്റ് വിൻസെന്റ് ഡി പോൾ

## സി.സി. വാർത്തകൾ

1. റവ. ഫാ. പീറ്റർ പാലയൂരിന്റെ നിര്യാണത്തിൽ അനുശോചനം രേഖപ്പെടുത്തി.

2. കരുണാവർഷം ഫണ്ട് സമാഹരണവും സഹായ വിതരണോദ്ഘാടനവും തൃശ്ശൂർ ഡി.ബി.സി.എൽ. സിയിൽ വെച്ച് അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് നിർവ്വഹിച്ചു. ഓരോ വിൻസെൻഷ്യൻ പ്രവർത്തകന്റേയും ഒരു ദിവസത്തെ വേതനവും ഏരിയ കൗൺസിൽ, സെന്റർ കൗൺസിൽ വിഹിതങ്ങളും ചേർത്ത് 10 ലക്ഷം രൂപ സമാഹരിച്ച് കരുണാവർഷത്തിൽ ഹൃദയം, വൃക്ക, അർബുദ രോഗികൾക്ക് ചികിത്സ സഹായമായി നൽകുവാൻ തീരുമാനിച്ചിരിക്കുന്നു സഹായ അപേക്ഷകർ കോൺഫ്രൻസുകളുടെയും ഏരിയ കൗൺസിലുകളുടെയും ശുപാർശയോടുകൂടി പ്രത്യേക ഫോറത്തിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്. ഉദ്ഘാടന യോഗത്തിൽ സി.സി. ആദ്ധ്യാത്മികോപദേഷ്ടാവ് റവ.ഡോ. ആന്റണി ചെമ്പകശ്ശേരി അദ്ധ്യക്ഷത വഹിച്ചു. നാഷണൽ കൗൺസിൽ പ്രൊജക്ട് ആഫീസർ ബ്ര. ബേബി തെക്കൻ സെമിനാർ നയിച്ചു. അതിരൂപത ഏകോപന സമിതി അവാർഡ് ജേതാവ് ബ്ര. വി. എ. തോമസിനെ അഭിവന്ദ്യ പിതാവ് പൊന്നാട അണിയിച്ച് ആദരിച്ചു. സി. സി. പ്രസിഡന്റ് ബ്ര. കെ. എ. ഷിബു സ്വാഗതവും വൈ. പ്രസിഡന്റ് ബ്ര. പി. ആർ. പോൾസൺ നന്ദിയും പറഞ്ഞു.

3. 14.02.2016 ഞായറാഴ്ച , ഏരിയ കൗൺസിൽ തലത്തിൽ ഫൊറോന ദേവാലയങ്ങളിൽ വെച്ച് പ്രാർത്ഥന ഉപവാസ പ്രാർത്ഥനാ ദിനമായി ആചരിക്കുവാൻ തീരുമാനിച്ചു. അന്നേദിവസം ദിവ്യബലിയോടുകൂടി ആരംഭിച്ച്

കൊന്ത, ധ്യാനം, കുരിശിന്റെ വഴി എന്നിവ നടത്തുവാനും തുടർന്ന് എ. സി. യോഗങ്ങൾ നടത്തുവാനും തീരുമാനിച്ചു.

4. എല്ലാ വിൻസെൻഷ്യൻ അംഗങ്ങൾക്കും സെൻട്രൽ കൗൺസിലിന്റെ ക്രിസ്തുമസ്സ് -നവവത്സരാശംസകൾ" നേർന്നു.

| | | |
|---|---|---|
| **ഫാ. ആന്റണി ചെമ്പകശ്ശേരി** | **ബ്ര. കെ. എ. ഷിബു** | **പോൾസൺ കെ. കെ.** |
| ആദ്ധ്യാത്മികോപദേഷ്ടാവ് | സി. സി. പ്രസിഡണ്ട് | സെക്രട്ടറി |

## ചിൽഡ്രൻസ് മിനിസ്ട്രി
**0487-2325336, 9947582522**

**ലോകതിരുബാലസംഖ്യ ദിനം:** ഫെബ്രുവരി 14-ാം തിയതി ലോക തിരുബാലസംഖ്യ ദിനമായി ആചരിക്കുന്നു. അന്നേദിവസം എല്ലാ യൂണിറ്റുകളിലും തിരുബാലസംഖ്യ ദിനം പതാകയുയർത്തിയും പ്രതിജ്ഞ പുതുക്കിയും ആചരിക്കേണ്ടതാണ്. പുതിയ അംഗങ്ങളെ അന്നേദിവസം ചേർക്കാവുന്നതാണ്.

**വാർഷിക റിപ്പോർട്ട്:** തിരുബാലസംഖ്യ വാർഷിക റിപ്പോർട്ട്, മിഷൻ കളക്ഷൻ, ജൂനിയർ സി. എൽ. സി വാർഷിക റിപ്പോർട്ട്, ജീസസ് ബർത്തഡേ കൂപ്പൺ, അൾത്താരസംഘ വാർഷിക റിപ്പോർട്ട്, Prayer Friend Collection എന്നിവ ഇതുവരെയും ചിൽഡ്രൻസ് മിനിസ്ട്രി ഓഫീസിൽ ഏല്പിക്കാത്തവർ എത്രയും വേഗം ഏല്പിക്കേണ്ടതാണ്.

**അതിരൂപതാ കലാമത്സര സമ്മാനദാനം:** തിരുബാലസംഖ്യം, അൾത്താരസംഘം, ജൂനിയർ സി എൽ സി എന്നീ സംഘടനകളുടെ അതിരൂപതാ കലാമത്സരങ്ങളുടെ സമ്മാനദാനവും, തിരുബാലസംഖ്യ ദിനവും അതിരൂപതാ മതബോധന കേന്ദ്രത്തിൽ വെച്ച് **ഫെബ്രുവരി 6** ശനിയാഴ്ച നടത്തപ്പെടുന്നു. **രാവിലെ 9.30 മുതൽ 12.00 വരെ തിരുബാലസംഖ്യ കലാമത്സരങ്ങളുടെ സമ്മാനവിതരണവും, 12.30 മുതൽ 4.00 മണി വരെ ജൂനിയർ സി എൽ സി, അൾത്താരംഘം കലാമത്സരങ്ങളുടെ സമ്മാനവിതരണവും** ഉണ്ടായിരിക്കുന്നതാണ്. അന്നേ ദിവസം തന്നെ ബെസ്റ്റ് യൂണിറ്റ്, മോഡൽ യൂണിറ്റ്, മിഷൻ കളഷൻ, പ്രയർ ഫ്രൻണ്ട് കളഷൻ, ജീസസ് ബെർത്ത് ഡേ കളഷൻ ഏറ്റവും കൂടുതൽ ശേഖരിച്ച യൂണിറ്റിനുള്ള സമ്മാനദാനവും ഉണ്ടായിരിക്കുന്നതാണ്. അർഹരായവർ കൃത്യസമയത്ത് എത്തിച്ചേരണമെന്ന് അറിയിക്കുന്നു. അതിരൂപതാ കലാമത്സരങ്ങളുടെ ഫലം ബ്ലോഗിൽ(http://childrensministrytrichur.blogspot.in/) ലഭ്യമാണ്.

**ആദ്യകുർബ്ബാനസ്വീകരണം :** ആദ്യകുർബ്ബാനസ്വീകരണത്തിന് ഒരുക്കുന്ന അദ്ധ്യാപകർക്കായി അർദ്ധദിന പരിശീലന പരിപാടി മാർച്ച 12 ശനിയാഴ്ച അതിരൂപതാ മതബോധന കേന്ദ്രത്തിൽ വച്ച് നടത്തുന്നു. സമയം ഉച്ചക്ക് 1.30 മുതൽ 4 വരെ. താത്പര്യമുള്ളവർ ഫെബ്രുവരി 22 ന് മുമ്പായി ചിൽഡ്രൻസ് മിനിസ്ട്രി ഓഫീസിൽ വിളിച്ചറിയിക്കേണ്ടതാണ്.ഫോൺ 0487 2325336, 9947582522,8547250833

**തിരുവചന പഠനം**-"ഇടയൻമാരുടെ തലവൻ പ്രത്യക്ഷപ്പെടുമ്പോൾ മഹത്വത്തിന്റെ ഒളിമങ്ങാത്ത കിരീടം നിങ്ങൾക്ക് ലഭിക്കും"(1 പത്രോ 5,14)

**പരിചയപ്പെടുന്ന വിശുദ്ധൻ** -വി സെബാസ്റ്റ്യൻ

**സുകൃതജപം**-കർത്താവേ മരണം വരെ വിശ്വസ്തനായിരിക്കാൻ എന്നെ സഹായിക്കണമേ.

**പ്രാർത്ഥനാ നിയോഗം**-കഴിഞ്ഞ വർഷം ദൈവം നല്കിയ അനുഗ്രഹങ്ങൾക്ക് നന്ദി പറയുകയും, പുതുവർഷത്തിൽ നല്ല തീരുമാനങ്ങൾ എടുത്ത് ജീവിതത്തിൽ പ്രാവർത്തികമാക്കാൻ ശ്രമിക്കുക.

**ഫാ. ജിജോ കപ്പിലാംനിരപ്പേൽ**
ഡയറക്ടർ, ചിൽഡ്രൻസ് മിനിസ്ട്രി

**സി. മിനി SSPC**
കോഡിനേറ്റർ

# കേരള ലേബർ മൂവ്മെന്റ്

**പരസ്പര സഹായ സാമൂഹ്യ സുരക്ഷാ പദ്ധതി** ( P.S.S.S.P)

തൃശ്ശൂർ അതിരൂപത കേരള ലേബർ മൂവ്മെന്റ് തൊഴിലാളികളുടെയും അവരുടെ കുടുംബാംഗങ്ങളുടെയും ഉൾപ്പെടെ സകലരുടെയും സുരക്ഷ ഉറപ്പാക്കുന്നതിന് അവതരിപ്പിക്കുന്ന ഒരു നവപദ്ധതിയാണ് "പരസ്പര സഹായ സാമൂഹ്യ സുരക്ഷാ പദ്ധതി (P.S.S.S.P). ഒരു വ്യക്തിയിൽ നിന്നു ഒരു നിശ്ചിത തുക സ്വരൂപിച്ച് സർക്കാർ പദ്ധതികളിൽ കൂടി ഉൾപ്പെടുത്തി കുടുംബങ്ങളുടെയും സമൂഹത്തിന്റെയും ക്ഷേമവും സുരക്ഷയും ഉറപ്പാക്കുന്ന ഈ സമഗ്രപദ്ധതിയിൽ അംഗങ്ങൾ ആകുന്നതിന് ഏവരേയും ക്ഷണിക്കുന്നു.

**ഈ പദ്ധതിയുടെ പ്രത്യേകതകൾ**

- ഒരു ദിവസം 5 രൂപ/ ആഴ്ചയിൽ 30 രൂപ/മാസത്തിൽ 125 രൂപ/വർഷത്തിൽ 1500 രൂപ അടച്ച് ഈ പദ്ധതിയിൽ അംഗമാകാവുന്നതാണ്. ക്ഷേമ

നിധി ഫണ്ടിൽ അംഗമല്ലാത്തവർക്ക് 1200 രൂപയും സംഖ്യ ഒന്നിച്ചടച്ച് ആദ്യം ചേരുന്ന 10,000 പേർക്ക് കെ. എൽ.എം. പ്രോത്സാഹനമായ 100 രൂപ കുറച്ച് 1100 രൂപയും ഹെൽത്ത് വിഹതം അടച്ചാൽ മതിയാകും.

- ഹെൽത്ത് പ്രവിലേജ് കാർഡ്/മൊബീൽ നമ്പറിന്റെ അടിസ്ഥാനത്തിൽ മുൻകൂർ പണം നൽകാതെ പരമാവധി 30,000 രൂപ വരെ/ഒറ്റത്തവണ 15,000 രൂപ വരെ ചികിത്സ
- ഇന്ത്യയിലെ ഏത് അംഗീകൃത അലോപ്പതി ആശുപത്രികളിലും ചികിത്സിക്കാവുന്നതാണ്.
- നിബന്ധനകൾക്ക് വിധേയമായി നിലവിലുള്ള അസുഖങ്ങൾക്ക് അംഗത്തിനു മാത്രമല്ല കുടുംബാംഗങ്ങൾക്കും ചികിത്സാ സഹായം നൽകുന്നതാണ്.
- ജാതി മതഭേദമെന്യേ ആർക്കും ഈ പദ്ധതിയിൽ അംഗമാകാവുന്നതാണ്.
- P.S.S.S.P യിൽ അംഗത്വം എടുക്കുന്ന വ്യക്തിക്ക് അപകടം സംഭവിച്ച് മരിക്കുകയോ പൂർണ്ണ അംഗവൈകല്യം സംഭവിക്കുകയോ ചെയ്താൽ അഞ്ചു ലക്ഷം രൂപ ലഭിക്കുന്നു.
- ഈ പദ്ധതിയിൽ മുടക്കം കൂടാതെ മൂന്നുവർഷം തുടർച്ചയായി പദ്ധതി വിഹിതം അടക്കുന്നവർക്ക് 65 വയസ്സിനുശേഷം 10 വർഷം കൂടി അംഗമായി തുടരാവുന്നതാണ്.
- നിബന്ധനകൾക്ക് വിധേയമായി മറ്റ് ആനുകൂല്യങ്ങളും (മരണം, ഡയാലിസിസ്, പ്രസവം, സ്കോളർഷിപ്പ്, രക്തദാനം) ലഭിക്കുന്നു.
- കെ. എൽ. എമ്മിന്റെ യൂണിറ്റ് ഓഫീസുകളിലൂടെ പ്രാദേശിക തലത്തിൽ ഈ പദ്ധതിയിൽ അംഗങ്ങൾ ആകാവുന്നതാണ്.
- കോൾ സെന്റർ സംവിധാനം 8.00 am മുതൽ 8.00 pm വരെ ലഭ്യമാണ്. മൊബീൽ നമ്പർ : 8891059063
- കൂടുതൽ വിവരങ്ങൾക്ക് കെ. എൽ.എം. രൂപതാ ഓഫീസുമായി ബന്ധപ്പെടുക. റൂം നമ്പർ 109, പാസ്റ്ററൽ സെന്റർ തൃശ്ശൂർ - 680 005, ഫോൺ : 0487 -2339995, മൊബൈൽ 8281246921

**ഫാ. ജോർജ്ജ് തോമസ് നിരപ്പുകാലായിൽ**
ഡയറക്ടർ

**കെ. വി. വർഗ്ഗീസ്**
ജനറൽ സെക്രട്ടറി

**എൻ. കെ. രാജു**
പ്രസിഡണ്ട്

# പബ്ലിക് റിലേഷൻസ് വകുപ്പ്

## തൃശ്ശൂർ അതിരൂപത മാധ്യമദിനം

തൃശ്ശൂർ : ജനങ്ങളെ സത്യം അറിയിക്കുകയും , നന്മയിൽ വഴി നടത്തുകയും ചെയ്യേണ്ട മാധ്യമങ്ങൾ, സ്വാർത്ഥതയെ വളർത്തുന്ന കച്ചവടം മാത്രമായി അധഃപതിച്ചുവെന്ന് ആർച്ച്ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത്. മനുഷ്യത്വം നശിക്കുകയും വർഗ്ഗീയതയും സ്വാർത്ഥതയും വളർന്ന് പ്രകൃതിയും മനുഷ്യനും കൂടുതൽ കരുണ പ്രതീക്ഷിക്കുന്നതായും ആർച്ച്ബിഷപ് പറഞ്ഞു. അതിരൂപത പബ്ലിക് റിലേഷൻസ് ഡിപ്പാർട്ടുമെന്റിന്റേയും കത്തോലിക്ക സഭ പത്രത്തിന്റെയും നേതൃത്വത്തിൽ അതിരൂപതാ മാധ്യമദിനം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.

അതിരൂപതാ പബ്ലിക് റിലേഷൻസ് വകുപ്പിന്റെ സിൽവർ ജൂബിലി പുരസ്ക്കാരം പ്രശസ്ത സംഗീത സംവിധായകൻ ശ്രീ. സണ്ണി മാസ്റ്റർക്ക് ആർച്ച്ബിഷപ്പ് സമ്മാനിച്ചു.

അതിരൂപത വികാരി ജനറാൾ മോൺ. ജോർജ്ജ് കോമ്പാറ അദ്ധ്യക്ഷത വഹിച്ചു. പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി അഡ്വ. ബിജു കുണ്ടുകുളം, ജോർജ്ജ് ചിറമ്മൽ, ഫാ. ജിയോ കടവി, ഫാ. ഡേവീസ് തെക്കേക്കര, ഫാ. ജോബ് വടക്കൻ, ബാബു ചിറ്റിലപ്പിള്ളി, ജോസഫ് കാരക്ക എന്നിവർ പ്രസംഗിച്ചു.

അതിരൂപത പാരീഷ് ബുള്ളറ്റിൻ കത്തോലിക്ക സഭ പത്രം സാഹിത്യമത്സര വിജയികൾക്കുള്ള സമ്മാനങ്ങളും തദവസരത്തിൽ വിതരണം ചെയ്യപ്പെട്ടു.

**ഫാ. ജിയോ കടവി**
ഡയറക്ടർ

**ജോർജ്ജ് ചിറമ്മൽ**
സെക്രട്ടറി

# വി. എവുപ്രാസ്യ അതിരൂപതാ തീർത്ഥകേന്ദ്രത്തിൽ എവുപ്രാസ്യമ്മയുടെയും ചാവറപിതാവിന്റേയും വിശുദ്ധ പദ പ്രഖ്യാപന വാർഷികാഘോഷം

ഒല്ലൂർ: പരിശുദ്ധ പിതാവ് ഫ്രാൻസീസ് മാർപാപ്പ ചാവറപ്പിതാവിനേയും എവുപ്രാസ്യമ്മയേയും വിശുദ്ധരാക്കിയതിന്റെ ഒന്നാം വാർഷികമായിരുന്നു 2015 നവംബർ 23.

വിശുദ്ധപദ പ്രഖ്യാപനത്തിന്റെ ഒന്നാം വാർഷികം ആഘോഷിക്കുന്നതിന്റെ ഭാഗമായി ഒല്ലൂർ വി. എവുപ്രാസ്യ അതിരൂപതാ തീർത്ഥകേന്ദ്രത്തിൽ ത്രിദിന പരിപാടികളാണ് ആസൂത്രണം ചെയ്തിരുന്നത്.


നവംബർ 21 ശനിയാഴ്ച തീർത്ഥാടകർക്കായി ഒരു ഏകദിന ധ്യാനം രാവിലെ 9.30 മുതൽ 4.30 വരെ നടത്തുകയുണ്ടായി. മുരിങ്ങൂർ ഡിവൈൻ ധ്യാനകേന്ദ്രം മലയാള വിഭാഗത്തിന്റെ അസിസ്റ്റന്റ് ഡയറക്ടർ റവ. ഫാ. ബിജു കൂനൻ വി.സിയുടെ നേതൃത്വത്തിലുള്ള ടീം ആണ് ധ്യാനം നയിച്ചത്.

നവംബർ 22 ഞായറാഴ്ച രാവിലെ 9.45ന് മേരിമാത മേജർ സെമിനാരി റെക്ടർ റവ. ഫാ. ബാബു പാണാട്ടുപറമ്പിൽ കാർമ്മികത്വം വഹിച്ച വിശുദ്ധ കുർബ്ബാനയ്ക്കും, വി. എവുപ്രാസ്യമ്മയ്ക്ക് പരിശുദ്ധ കന്യകാമറിയത്തോടുള്ള പുത്രീസഹജമായ സ്നേഹം, എന്ന വിഷയത്തെ ആസ്പദമാക്കി റവ. ഫാ. പോൾ പൂവൻ VC നൽകിയ വചന സന്ദേശത്തിനും ശേഷം ഏകദേശം 12.15ന് ആരംഭിച്ച അഖണ്ഡ ജപമാല ഉച്ച കഴിഞ്ഞ് 4.30 വരെ നീണ്ടു നിന്നു. ധാരാളം പേർ പങ്കെടുത്ത് പരിശുദ്ധ അമ്മയുടെ മാദ്ധ്യസ്ഥം തേടി പ്രാർത്ഥിച്ചു.

വിശുദ്ധ പദ പ്രഖ്യാപന ദിനമായ നവംബർ 23 തിങ്കളാഴ്ച രാവിലെ 6.30ന് തൃശ്ശൂർ അതിരൂപതാദ്ധ്യക്ഷൻ മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ ദിവ്യബലി, നൊവേന, തിരുശേഷിപ്പ് വണക്കം എന്നിവ നടത്തപ്പെട്ടു. CMI ദേവമാതാ പ്രൊവിൻഷ്യൽ റവ. ഫാ. വാൾട്ടർ തേലപ്പിള്ളി, ഒല്ലൂർ മേരി മാതാ പള്ളി അസി.വികാരി റവ. ഫാ. പ്രിൻസ് നായങ്കര എന്നിവർ സഹകാർമ്മികരായിരുന്നു. CMC സുപ്പീരിയർ ജനറൽ സി. സിബിയും ജനറൽ കൗൺസിലറും മുൻ സുപ്പീരിയർ ജനറൽ സി. സാങ്റ്റയും, CMC തൃശ്ശൂർ പ്രൊവിൻഷ്യൽ സുപ്പീരിയർ സി.അനിജയും, മുൻ പ്രൊവിൻഷ്യൽ സുപ്പീരിയർ സി. ഓമറും സന്നിഹിതരായിരുന്നു.അനേകം വിശ്വാസികളും പ്രാർത്ഥനാ ശുശ്രൂഷകളിൽ പങ്കെടുത്തു.



ആർത്താറ്റ് ഹോളിക്രോസ് ദൈവാലയത്തിലെ
നവീകരിച്ച മദ്ബഹ



Registered
R.N.I. No 27348/1975
KL/TCR/275/2015-2017
Licence No. KL/CR/TCR/WPP-3/2015-17
Licenced to Post without prepayment
Posted at Thrissur RMS

₹25/-
Date of Publication 24.12.2015
Jan. 2016











Edited, Printed & Published by **Dr. Francis Aloor**, Catholic Archbisop's House, Thrissur, Kerala, India - 680 005
Executive Editor : **Rev. Fr. Dominic Thalakkoden** Printed at **St. Mary's Orphanage Press**, Madona Nagar, Kachery - 680 005